ജൂലൈ 2022 ₹ 10.00

# ചിന്ത

## Chintha Pusthakavartha
## പുസ്തകവാർത്ത

**എഴുത്തിലെ പുതുമയ്ക്കൊപ്പം**
**മാറുന്ന കാലത്തിനൊപ്പം**

**ദേശീയത ഒരു പുനരാലോചന**
ഡോ. കെ എൻ ഗണേശ്



എന്റെ സിനിമ
**ആഷിക് അബു**



പുറത്താക്കലുകളുടെ രാഷ്ട്രീയം **രാജശ്രീ**



പ്ലാത്തനും ഞാനും
**അനിത തമ്പി**

**നമ്മുടെ ലോകത്തിന്റെ ഭാവി**
എം എ ബേബി



18 കനലുകൾ
**കെ ആർ മീര**



സ്വപ്നമാണല്ലോ
**രേണുകുമാർ**

# ചിന്ത പുസ്തകവാർത്ത

പുസ്തകം 25 । ലക്കം 3 । ജൂലൈ 2022



"സോഷ്യലിസത്തിലേക്ക നീങ്ങുന്നതിനിടയിലും റഷ്യയിൽ ലെനിന്റെ നേതൃത്വത്തിൽ സ്വകാര്യ മൂലധനം ഉപയോഗിക്കുന്നത് ചർച്ച ചെയ്തു തീരുമാനിച്ചിട്ടുണ്ട്. ജനകീയ ചൈനയും വിയത്‌നാമും ക്യൂബയും മറ്റും ഈ ദിശയിൽ പല പരീക്ഷണങ്ങളും നടത്തുന്നു. മുതലാളിത്ത വ്യവസ്ഥ നിലനില്ക്കുന്ന ഇന്ത്യയിലെ ഒരു സംസ്ഥാനത്തിൽ അതാവശ്യമായി വരുമെന്ന് 1957 ലെ ഇ എം എസ് ഗവൺമെന്റ് തന്നെ തിരിച്ചറിയുകയുണ്ടായി."



"സാങ്കേതികവിദ്യയിൽ മാറ്റങ്ങൾ വരുകയും ഇന്റർനെറ്റും നവ സാമൂഹിക മാധ്യമങ്ങളും വളരെ സജീവമാവുകയും ചെയ്തതോടുകൂടി സിനിമയുടെ പ്രമേയത്തിലും നിർമ്മാണത്തിലും അതിന്റേതായ മാറ്റങ്ങൾ സംഭവിക്കുകയും കൂടുതൽ ജനാധിപത്യപരമാവുകയും ചെയ്തു എന്നുള്ളതാണ് വാസ്തവം. തീർച്ചയായിട്ടും സിനിമയിലേക്കും കഥപറച്ചിലിലേക്കുമൊക്കെ ശാസ്ത്രം കൂടുതൽ സംഭാവനകൾ ചെയ്യുകയും വലിയ മാറ്റങ്ങൾ വരുകയും ചെയ്യും."



"ആ പ്രായത്തിൽ എന്നെ പോലെ ഒരുവൾക്ക് അന്യമായിരുന്ന ആൺ ലോകമായിരുന്നു ചുള്ളിക്കാടിന്റെ 18 കവിതകൾ സമ്മാനിച്ചത് എന്നത് സത്യമാണ്. പക്ഷേ ഒരു കാര്യം പറയാതെ വയ്യ ആ ആൺ ലോകത്തിന് ഒരു ദൈന്യതയുണ്ടായിരുന്നു. ആണിന്റെ മുറിവുകളുടെ ഒരു വലിയ ചരിത്ര പുസ്തകമായിരുന്നു ആ കവിതകൾ."



"നമ്മുടെ ചരിത്രപരമായ അനുഭവങ്ങളിൽ നാം കണ്ടെത്തുന്ന ചില വസ്തുതകളുണ്ട്. ഓരോ ദേശത്തിലെയും ജനങ്ങൾ അവരുടെ നിരന്തരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ ചില പൊതു ആശയങ്ങളും പ്രയോഗരീതികളും നിർമിക്കാറുണ്ട്. അവയിൽ ചിലതു അധികാരരൂപങ്ങളായി മാറുകയും രാഷ്ട്രങ്ങൾ, മതങ്ങൾ, നൈതികരൂപങ്ങൾ മുതലായവയുടെ ഘടനയിൽ പ്രധാനപങ്കു വഹിക്കുകയും ചെയ്യുന്നു."

**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ,
കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ,
തിരുവനന്തപുരം - 695035 (p) 0471 2303026
(e) chinthapublishers@gmail.com
(w) www.chinthapublishers.com

പുസ്തകപ്രസാധനത്തിൽ അനുകരിക്കാനാകാത്ത
## അടയാളങ്ങൾ

ചിന്ത പബ്ലിഷേഴ്സ്

മാർക്സിസ്റ്റ് ക്ലാസിക്കുകൾ
ആധികാരികം സമഗ്രം

ലോകസാഹിത്യത്തിലെ 100 ലധികം ക്ലാസിക്കുകളുടെ പുതിയ പരിഭാഷകൾ

വിജ്ഞാനവർഷം
100 ലധികം വ്യത്യസ്ത വിഷയങ്ങൾ നൂറിലധികം പുസ്തകങ്ങൾ

ഇ എം എസ് സമ്പൂർണ്ണ കൃതികൾ

ബാലസാഹിത്യം
പ്രശസ്ത ബാലസാഹിത്യകാരന്മാരുടെ 200 ലധികം രചനകൾ

നോവൽ പഴമ
19-ാം നൂറ്റാണ്ടിലെ 15 നോവലുകൾ ഒരുമിച്ച് മലയാളത്തിലാദ്യമായി

ദർശനം രാഷ്ട്രീയം

സൈദ്ധാന്തിക പഠനങ്ങൾ
സൈദ്ധാന്തിക വിഷയങ്ങളെ പരിചയപ്പെടുത്തുന്ന ലഘുഗ്രന്ഥപരമ്പര

നവകേരള ശിൽപ്പികൾ
കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന ചരിത്രം രചിച്ചവരെക്കുറിച്ചുള്ള പുസ്തകങ്ങൾ

സ്കൂൾ പ്ലസ്
അധികവായനയ്ക്കുള്ള 100 പുസ്തകങ്ങളുടെ പരമ്പര

ലോകരാഷ്ട്രങ്ങൾ
ലോകരാഷ്ട്രങ്ങളെ പരിചയപ്പെടുത്തുന്ന പുസ്തകപരമ്പര

ഉള്ളടക്കം


08 **എന്റെ സിനിമ എന്റെ രാഷ്ട്രീയം**
ആഷിഖ് അബു / ശ്രീദേവി പി അരവിന്ദ്





14 **നമ്മുടെ ലോകത്തിന്റെ ഭാവി**
എം എ ബേബി/ രാധാകൃഷ്ണൻ ചെറുവല്ലി

21 **സ്വപ്നമാണല്ലോ**
എം ആർ രേണുകുമാർ

23 **പ്ലാത്തനും ഞാനും**
മൊഴിമാറ്റം: അനിത തമ്പി

24 **18 കനലുകൾ 18 കനവുകൾ**
കെ ആർ മീര



29 ജനാധിപത്യം
വി ഷിനിലാൽ

31 **ചാത്തൻ കിളങ്ക്**
പി കെ സുധി



34 **പുറത്താക്കലുകളുടെ രാഷ്ട്രീയം**
രാജശ്രീ

38 ദേശീയത ഒരു പുനരാലോചന
ഡോ. കെ എൻ ഗണേശ്

46 ഇല
കെ ആർ മല്ലിക

47 **ഇടിമിന്നലേറ്റ മരം**
കെ സജീവ് കുമാർ

രാഷ്ട്രീയം 7 • സിനിമ 13 • മാർക്സിസ്റ്റ് സാഹിത്യകൃതികൾ 18 • ജീവിതം അനുഭവം ഓർമ്മ 19
തീക്ഷ്ണമായ ജീവിതാനുഭവങ്ങളെ ആവിഷ്കരിക്കുന്ന മികവാർന്ന ഗ്രന്ഥങ്ങൾ
ചിന്തയിലൂടെ 20 • പുതിയ കാലത്തിന്റെ കാഴ്ചകളെയും അനുഭവങ്ങളെയും
ചേർത്തുവെക്കുന്ന രചനകൾ 22 • കാവ്യഭാവനയുടെ മുദ്രകൾ 27 • ചെറുകഥ 28 •
മാറുന്ന കാലം മാറുന്ന വായന 30 • നോവലുകൾ 33 • കുട്ടികളുടെ പുസ്തകങ്ങൾ 37 •
വൈജ്ഞാനിക ഗ്രന്ഥങ്ങൾ 44 • ക്ലാസിക് കൃതികൾ 45

# എഡിറ്റോറിയൽ

## നിർത്തു നിങ്ങളുടെ ഒതളങ്ങ വർത്തമാനം... നോക്കു, ലോകം കീഴ്മേൽ മറിയുകയാണ്

തൊണ്ണൂറുകളുടെ ആദ്യം സോവിയറ്റ് യൂണിയന്റെ തകർച്ചയെ തുടർന്ന് നമ്മുടെ നാട്ടിൽ വ്യാപകമായി പ്രചരിക്കപ്പെട്ട ഒരു പോസ്റ്ററിന്റെ തലവാചകമാണിത് - അതുവരെ ഏതാണ്ട് അഞ്ചു ദശകക്കാലം ലോകത്തെ രാഷ്ട്രീയ സാമ്പത്തിക ചിന്തകളെയും പ്രയോഗത്തെയും നിർണായകമായി സ്വാധീനിച്ചിരുന്ന ഇടതുപക്ഷ ചിന്തകൾക്ക് ഇതാ അവസാനമായിരിക്കുന്നു, സ്വതന്ത്ര വ്യാപാരത്തെയും സ്വകാര്യവൽക്കരണത്തെയും ആധാരമാക്കിയ ഉദാരവൽക്കരണ സാമ്പത്തിക രാഷ്ട്രീയ നയങ്ങൾക്ക് ഇനി എതിരാളിയില്ല, ഈ ആഖ്യാനങ്ങൾ മുഖ്യധാരയിൽ ആധിപത്യം പുലർത്തുകയും ലോകത്തെ ബഹുഭൂരിപക്ഷം രാജ്യങ്ങളുടെയും സാമൂഹിക സാമ്പത്തിക നയങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്ന കാഴ്ചയാണ് പിന്നീട് നാം കണ്ടത്. എന്നാൽ മൂന്ന് പതിറ്റാണ്ടു തികയുന്നതിനുമുമ്പുതന്നെ ഈ നവ ലിബറൽ രാഷ്ട്രീയത്തിന്റെ വക്താക്കളെ ലോകരാഷ്ട്രങ്ങൾ ഒന്നൊന്നായി നിരാകരിക്കുന്ന വാർത്തകളാണ് ദിനം പ്രതി കേൾക്കുന്നത്. ലാറ്റിനമേരിക്കയിൽ ആഞ്ഞടിക്കുന്ന ഇടതു തരംഗം ഇതിന്റെ സാക്ഷ്യപത്രമാണ്.


ബ്രസീലൊഴികെ ഏതാണ്ടെല്ലാ പ്രധാന ലാറ്റിനമേരിക്കൻ രാജ്യങ്ങളും വലതുപക്ഷ ഭരണത്തെ കൈയൊഴിഞ്ഞു കഴിഞ്ഞു. ഇടതുപക്ഷ ശക്തികൾക്ക് ഏറ്റവും സ്വാധീനക്കുറവുണ്ടായിരുന്ന രാജ്യമാണ് കൊളംബിയ. ലാറ്റിനമേരിക്കയിൽ അമേരിക്കയുടെ ഏറ്റവും വലിയ വലംകൈ ആയി എക്കാലവും നില കൊണ്ട കൊളംബിയയിൽ ജൂണിൽ ഇടതുപക്ഷത്തിന് നേതൃത്വം നൽകിയ ഗുസ്താവോ പെട്രോ പ്രസിഡന്റ് ആയി അധികാരത്തിലെത്തിയത് ലോക രാഷ്ട്രീയത്തിന് നൽകുന്ന സൂചനകൾ വളരെ നിർണായകമാണ്. ലാറ്റിനമേരിക്കയിലും കരീബിയൻ രാജ്യങ്ങളിലും അമേരിക്കൻ നയങ്ങൾ നടപ്പിലാക്കുന്നതിൽ കൊളംബിയയ്ക്ക് നിർണായക സ്വാധീനമാണുള്ളതെന്ന് ജോ ബൈഡൻ പരസ്യമായി പ്രഖ്യാപിക്കുകയും കൊളംബിയയെ നാറ്റോ സഖ്യത്തിൽ ചേർക്കുകയും ചെയ്ത് ഒരു മാസത്തിനകമാണ് ഈ ഭരണമാറ്റം .ക്യൂബ കഴിഞ്ഞാൽ, അതുവരെയും ഷാവേസിന്റെ വെനിസ്വല ആയിരുന്നു അമേരിക്കൻ നയങ്ങളെ അതിശക്തമായി സമീപകാലത്തു ചെറുത്തു നിന്നിരുന്ന ഏക ലാറ്റിനമേരിക്കൻ രാജ്യം. എന്നാൽ സമീപകാലത്തു നടന്ന തിരഞ്ഞെടുപ്പുകളിൽ അർജന്റീനയും, ബൊളീവിയയും, ചിലിയും, ഹോണ്ടുറാസും ഇടതുപക്ഷ പ്രസിഡന്റുമാരെ അധികാരത്തിലെത്തിച്ചു. തീവ്ര വലതുപക്ഷക്കാരനായ ബ്രസീലിലെ ബോൾസോനാറോയുടെ പതനവും അടുത്ത ഒക്ടോബറിൽ നടക്കുന്ന തിരഞ്ഞെടുപ്പോടെ ഉറപ്പായിക്കഴിഞ്ഞു.

ലാറ്റിനമേരിക്കയുടെ ചരിത്രത്തിൽ ഇത് വരെ ദൃശ്യമാകാത്ത തരത്തിലുള്ള രാഷ്ട്രീയ മാറ്റമാണിത്. കഴിഞ്ഞ ദശകത്തിലെ ആദ്യ പിങ്ക് തരംഗത്തിൽ പോലും കൊളംബിയയും മെക്സിക്കോയും ഇടതുപക്ഷത്തിനൊപ്പം നില കൊണ്ടിരുന്നില്ല. അമേരിക്കൻ രാഷ്ട്രങ്ങളുടെ ചരിത്രത്തിൽ യു എസ് ഇത്രമാത്രം ഒറ്റപ്പെട്ട ഒരു കാലഘട്ടമില്ല.

ഇന്ത്യ അടക്കമുള്ള വികസ്വര രാഷ്ട്രങ്ങൾക്ക് ഈ രാഷ്ട്രീയ മാറ്റങ്ങളിൽനിന്ന് ഏറെ പഠിക്കാനുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റ് അതിൽ നിന്ന് കിട്ടുന്ന പണം കൊണ്ട് നിത്യനിദാന ചിലവുകൾ നടത്തുകയും ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ചില പദ്ധതികൾ നടത്തുകയും ചെയുന്ന ഭരണാധികാരികൾക്ക് അധികകാലം മുന്നോട്ടു പോകാൻ കഴിയില്ല. സാമൂഹിക അസമത്വങ്ങൾ മൂർച്ഛിപ്പിക്കുകയും, സാമൂഹ്യ ക്ഷേമ പദ്ധതികൾ ഒന്നൊന്നായി കൈയൊഴിയുകയും, ഒരു പിടി സമ്പന്നർക്ക് മാത്രം ഗുണം ചെയ്യുന്ന നയങ്ങൾ മഹാഭൂരിപക്ഷത്തിന്റെ ജീവിതം ദുസ്സഹമാക്കികൊണ്ട് നടപ്പിലാക്കുകയും ചെയ്യുക. ജനങ്ങൾ അത് തിരിച്ചറിയുകയും തിരുത്തുകയും ചെയ്യുമെന്ന് ഇന്ന് ലാറ്റിനമേരിക്കയിൽ ആഞ്ഞു വീശുന്ന ഇടതു തരംഗം നമ്മെ ബോധ്യപ്പെടുത്തുന്നു. ഈ നയങ്ങളുടെ സ്തുതിപാഠകരോട് അവരുടെ പഴയ മുദ്രാവാക്യം തന്നെയാണ് തിരിച്ചു പറയാനുള്ളത് അതെ ലോകം കീഴ്മേൽ മറിയുകയാണ്, നിർത്തു നിങ്ങളുടെ ഒതളങ്ങ വർത്തമാനം. ●

# ജനകീയ പ്രസാധനത്തിന്റെ
# അഞ്ചു പതിറ്റാണ്ടിന്റെ
# അനുഭവവുമായി

# ചിന്തയ്ക്കൊപ്പം
# കാലത്തിനൊപ്പം




₹380




₹520

## പുരോഗമന പുസ്തകങ്ങളുടെ പ്രചാരകർ

## എഴുത്തിലെ പുതുമയ്ക്കൊപ്പം
## മാറുന്ന കാലത്തിനൊപ്പം

## ചിന്ത പബ്ലിഷേഴ്സ്


# രാഷ്ട്രീയം




₹150




₹260




₹190




₹160




₹80





₹210




₹90




₹450





₹130




₹100




₹280




₹115





₹170




₹310




₹200




₹320

സംഭാഷണം

"വ്യത്യസ്തമായ ജോണറുകളിൽ സിനിമ ചെയ്യുക എന്നത് എനിക്ക് ഇഷ്ടമുള്ള ഒരു കാര്യമാണ്. കംഫർട്ടിനെക്കാളും ഞാൻ എന്റെ എക്സൈറ്റ്മെന്റിലാണ് സിനിമകൾ ചെയ്യുന്നത്. കംഫർട്ടിനെ അധികം അങ്ങ് വിശ്വസിക്കാറില്ല. എന്റെ എക്സൈറ്റ്മെന്റാണ് ഞാൻ പിന്തുടരാറ്. ഞാൻ കംഫർട്ടബിൾ അല്ലാത്ത മേഖലകളിലേക്ക് പോകാനാണ് എനിക്ക് കൂടുതൽ താല്പര്യം."

# എന്റെ സിനിമ രാഷ്ട്രീയം

ആഷിഖ് അബു / ശ്രീദേവി പി അരവിന്ദ്

*ഒടിടി പ്ലാറ്റ്ഫോമുകളിൽ സിനിമയുടെ സാധ്യതകൾ വിശാലമായിട്ടുണ്ട്. പക്ഷെ തീയേറ്ററിൽ സ്വന്തം സീറ്റിൽ ഇരുന്ന സിനിമ കാണുന്ന പ്രേക്ഷകന്റെ അച്ചടക്കവും ഇഴുകിച്ചേരലും ഒടിടിയിൽ പ്രതീക്ഷിക്കാൻ കഴിയുകയുമില്ല. ഏതിനാണ് ആഷിക് അബു മുൻഗണന കൊടുക്കുന്നത്?*

ം എന്റെ വ്യക്തിപരമായ കാഴ്ചപ്പാടിൽ ഒ ടി ടി പ്ലാറ്റ്ഫോമുകൾ എന്നത് ടെലിവിഷൻ എന്ന സങ്കേതം വന്നതുപോലെയുള്ള ഒരു വിപുലീകരണം എന്ന നിലയ്ക്കാണ്. ഇന്റർനെറ്റിലൂടെ കൂടുതൽ ആളുകളിലേക്ക് എത്താനുള്ള ഒരു പ്ലാറ്റ്ഫോമായാണ് ഞാൻ അവയെ മനസ്സിലാക്കുന്നത്. പക്ഷേ, സിനിമ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ആസ്വദിക്കാനാവുന്നതും, പ്രത്യേകിച്ച് പ്രേക്ഷകശ്രദ്ധ പൂർണ്ണമായും സിനിമയിലേക്ക് കിട്ടുന്നതും തീർച്ചയായും തിയേറ്ററുകളിൽ തന്നെയാണ്. അതുകൊണ്ട് വ്യക്തിപരമായി എന്നെ സംബന്ധിച്ചിടത്തോളം തിയേറ്ററുകൾക്ക് തന്നെയാണ് മുൻഗണന. അതോടൊപ്പം ഒ ടി ടി പ്ലാറ്റ്ഫോമുകളെ ഒട്ടും കുറച്ചുകാണുകയല്ല, അതിന് അതിന്റേതായിട്ടുള്ള ഗുണങ്ങളുണ്ട് എന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. വീട്ടിലിരുന്ന് സിനിമ കാണുന്നതിന്റെ സൗകര്യം വേണമെന്നുള്ള ആളുകൾക്ക് തീർച്ചയായും അത് ഗുണം ചെയ്യും. പക്ഷേ ഒരു സംവിധായകൻ എന്ന നിലയ്ക്ക് ഞാൻ ആഗ്രഹിക്കുന്നത് എന്റെ സിനിമകൾ ആളുകൾ തിയേറ്ററിൽ തന്നെ കാണണം എന്നാണ്.

*ആഷിക്ക് അബു എന്ന സംവിധായകൻ തന്നിൽ രൂപപ്പെടുന്നുണ്ട് എന്ന തിരിച്ചറിവുണ്ടാകുന്നത് എപ്പോഴാണ്?*

ം കോളേജിൽ പഠിക്കുന്ന സമയം മുതൽ ഞാൻ ചെറിയ നാടകങ്ങളും സ്കിറ്റുകളും ഒക്കെ ചെയ്യുമായിരുന്നു, കൂടാതെ കലാലയ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു സംഘാടനത്തിന്റെ അനുഭവപരിചയവും എനിക്കുണ്ടായിരുന്നു. അത്തരം ഒരു സംഘാടനം വളരെ അത്യാവശ്യമായ ഒരു മേഖലയാണ് സംവിധാനം എന്നതും. അതുകൊണ്ട് എനിക്ക് തോന്നുന്നു അന്നേ സിനിമയിലേക്ക് എത്തും എന്ന് പ്രതീക്ഷ ഇല്ലായിരുന്നെങ്കിലും, എനിക്ക് ഒരു കമ്യൂണിക്കേഷൻ നടത്താൻ പറ്റും എന്ന് തോന്നിയത് കോളേജിൽ പഠിക്കുന്ന കാലത്താണ്.

*പല കാലങ്ങളിൽ മലയാള സിനിമയിൽ വലിയ മാറ്റങ്ങ*

*ൾ ഉണ്ടായിട്ടുണ്ട്. 2000 ത്തിനുശേഷം സിനിമയുടെ മാറ്റത്തെ വലിയ തോതിൽ അടയാളപ്പെടുത്തിയിട്ടും ഉണ്ട്, ന്യൂ ജനറേഷൻ സിനിമ എന്നൊക്കെ വിളിച്ചുകൊണ്ട്. താങ്കളും ഈ ഭാവുകത്തിന്റെ ഭാഗമാണല്ലോ? മലയാള സിനിമയുടെ ഭാവുകത്തിൽ ഇനിയും മാറ്റങ്ങൾ ഉണ്ടാകണം എന്ന് തോന്നിയിട്ടുണ്ടോ? അതായത് മലയാള സിനിമയെ പുതുക്കി പണിയേണ്ടതുണ്ട് എന്ന തോന്നിയിട്ടുണ്ടോ?*

◦ കാലഘട്ടങ്ങൾ തോറും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. മലയാളത്തിൽ മാത്രമല്ല, ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സൈക്ലിക്ക് പ്രക്രിയയായിട്ടാണ് ഞാൻ അത് മനസ്സിലാക്കുന്നത്. 2000 ത്തിലൊക്കെയാണ് സിനിമ ഡിജിറ്റലായി മാറുന്നതും ഇന്റർനെറ്റിന്റെ വരവും ഒക്കെ സംഭവിക്കുന്നത്. ആ സാങ്കേതികവിദ്യ സിനിമയെ ഒരുപാട് തലത്തിൽ ജനാധിപത്യരീതിയിലേക്ക് മാറ്റി. കാരണം ഇത് ഒരു റോക്കറ്റ് സയൻസ് ഒന്നുമല്ല, എല്ലാവർക്കും പഠിക്കാനും, ചെയ്യാനുമാവുന്ന ഒരു കാര്യമാണ്. അപ്പോ ആ സമയത്തെ സിനിമകളെ എന്ത് പേരിട്ട് വിളിച്ചാലും അത് കാലഘട്ടം ആവശ്യപ്പെട്ട ഒരു മാറ്റമായി, പ്രേക്ഷകർ ആവശ്യപ്പെട്ട ഒരു മാറ്റമായി തന്നെയാണ് കണക്കാക്കുന്നത്. ഇത് ഇനിയും ഇവോൾവ് ചെയ്തുകൊണ്ടേയിരിക്കും. മാറ്റം ഒരിക്കലും അവസാനിക്കുന്നില്ല എന്നാണ് ഞാൻ വ്യക്തിപരായി മനസ്സിലാക്കുന്നത്.

*സിനിമ വിശകലനം ചെയ്യപ്പെടുമ്പോൾ മുമ്പില്ലാത്ത വിധം പൊളിറ്റിക്കൽ കറക്ട്നസ് പരിശോധിക്കപ്പെടുന്ന കാലത്താണ് നമ്മളിപ്പോൾ ഉള്ളത്. ഇത് ഒരു ഫിലിം മേക്കറുടെ സാധ്യതകൾക്ക് തടയിടുന്നുണ്ടോ?*

◦ സത്യമാണ്. കാരണം ഇൻഫർമേഷൻ ടെക്നോളജി വലിയ രീതിയിൽ നമ്മൾക്കിടയിലേക്ക് വന്നുകഴിഞ്ഞു, അപ്പോൾ സ്വാഭാവികമായും എല്ലാവരുടെയും അഭിപ്രായ പ്രകടനത്തിനും സമൂഹത്തിന്റെ പൊതുവായിട്ടുള്ള നിലപാടിനും ഒക്കെ വലിയ പ്രസക്തി സാമൂഹ്യ മാധ്യമങ്ങളുടെ വരവോടുകൂടിയുണ്ടായിട്ടുണ്ട്. അതേതുടർന്ന്



ആഷിഖ് അബു







*വ്യത്യസ്തമായ രീതികൾ പരീക്ഷിച്ചിട്ടുള്ള സംവിധായകൻ ആണ് താങ്കൾ. ആ നിലയിൽ നിങ്ങളുടെ സ്റ്റൈൽ ഓഫ് വർക്ക് നെ ഒന്ന് വിശദീകരിക്കാമോ?*

ം വ്യത്യസ്തമായ രീതികൾക്ക് ഞാൻ മനപ്പൂർവ്വം ശ്രമിക്കുന്നതാണ്. ഞാൻ ചെയ്യാത്ത കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുമ്പോഴുള്ള താല്പര്യവും, വ്യക്തി/കലാകാരൻ എന്ന നിലയ്ക്കുള്ള എന്റെ വളർച്ചയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ്. അപ്പോൾ മുന്നോട്ട് പോവുക എന്നുള്ളത് എന്റേതായ ഒരു രീതിയാണ്, വ്യത്യസ്തമായ മേഖലകളിലേക്ക് മുന്നേറുക എന്നുള്ളതും. അതിലൂടെ എനിക്ക് പല പുതിയ കാര്യങ്ങളും പഠിക്കാൻ സാധിക്കുന്നു, ഇടപെടാൻ സാധിക്കുന്നു, പുതിയ കഥാപാത്രങ്ങൾക്കൊപ്പം പുതിയ രീതിയിൽ സഞ്ചരിക്കാൻ സാധിക്കുന്നു. ഇത്തരത്തിൽ വളരെ വ്യക്തിപരമായ ഗുണങ്ങൾ ഇതിനകത്തുണ്ട്. എന്റെ ഒരു ശൈലിയായി ഞാൻ മനസ്സിലാക്കുന്നത് വളരെ ഓർഗാനിക്കായി സിനിമ ആവശ്യപ്പെടുന്ന ശൈലിയിലേക്ക് ഞാൻ മാറുക എന്ന നിലയിലാണ്. എന്റെ വ്യക്തിപരമായ സമീപനം എന്നത്, ആ സിനിമ ആവശ്യപ്പെടുന്ന രീതിയിൽ എന്റെ ശൈലിയെ ഞാൻ രൂപപ്പെടുത്തുക എന്നതാണ്. കൂടുതൽ പറയേണ്ടത് എന്റെ സിനിമകൾ കാണുന്ന ആൾക്കാരാണ്. ഒരുപക്ഷേ, കുറേ കാലങ്ങൾക്ക് ശേഷമായിരിക്കാം എനിക്കും എന്റെ ശൈലി എന്താണെന്ന് മനസ്സിലാവുന്നത്.

സിനിമ തീർച്ചയായും ഒരു ആൾക്കൂട്ട കലയെന്നോ സമ്പൂർണ്ണ കലയെന്നോ ഒക്കെ വിളിക്കാവുന്ന ഒരു കലാരൂപമാണ്. ഉറപ്പായിട്ടും പല കൂട്ടായ്മകളിൽ നിന്നുമാണ് എല്ലാ സിനിമകളും ഉണ്ടായിട്ടുള്ളത്. എന്റെ കൂടെയും എന്റെ സുഹൃത്തുക്കളായിട്ടുള്ള സഹപ്രവർത്തകരുടെ പങ്കാളിത്തമുണ്ട്. ഇത്തരം കൂട്ടായ്മകളുടെയും പരിശ്രമങ്ങളുടെയും ഭാഗമാണ് എല്ലാ സിനിമകളും, അതുതന്നെയാണ് സിനിമയുടെ വിജയവും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ അവരെ അങ്ങനെ വേറെ ഒരു ഗ്രൂപ്പിൽ പെടുത്തുന്നില്ല, എല്ലാവരും സ്വതന്ത്രരായിട്ടുള്ള വ്യക്തികളാണ്. അവർ എന്റെ സുഹൃത്തുക്കളാണ്.

*വളരെ വ്യത്യസ്തമായ genre കൾ പരീക്ഷിച്ച വിജയിച്ച ഒരാളാണ് താങ്കൾ. എങ്കിലും ഏതു genre ആണ് കൂടുതൽ കംഫർട്ടബിൾ ആയി തോന്നിയിട്ടുള്ളത്.*

ം വ്യത്യസ്തമായ ജോണറുകളിൽ സിനിമ ചെയ്യുക എന്നത് എനിക്ക് ഇഷ്ടമുള്ള ഒരു കാര്യമാണ്. കംഫർട്ടിനെക്കാളും ഞാൻ എന്റെ എക്സൈറ്റ്മെന്റിലാണ് സിനിമകൾ ചെയ്യുന്നത്. കംഫർട്ടിനെ അധികം അങ്ങ് വിശ്വസിക്കാറില്ല. എന്റെ എക്സൈറ്റ്മെന്റാണ് ഞാൻ പിന്തുടരാറ്. ഞാൻ കംഫർട്ടബിൾ അല്ലാത്ത മേഖലകളിലേക്ക് പോകാനാണ് എനിക്ക് കൂടുതൽ താല്പര്യം.

*മതസാമുദായിക യാഥാസ്ഥിതിക ഗ്രൂപ്പുകൾ സിനിമയ്ക്കെതിരെ വാളെടുക്കുന്ന പ്രവണത കേരളത്തിലും വ്യാപകമാകുകയാണല്ലോ? സോഷ്യൽ മീഡിയയിൽ മാത്രം ഇപ്പോൾ നടക്കുന്ന ഈ കോലാഹലം, ഉത്തരേന്ത്യയിലൊക്കെ കണ്ടതു പോലെ, കേരളത്തിലും തെരുവിലേക്കെത്താൻ ഇനി അധികകാലം വേണ്ടിവരില്ല. നമ്മുടെ സിനിമാക്കാർ സിനിമ എടുക്കാൻ ഈ ആൾക്കൂട്ടത്തിനെക്കൂടി ഭയക്കേണ്ടതുണ്ടോ?*

ം തീർച്ചയായിട്ടും മതസമുദായശക്തികൾ എല്ലാവരും വലിയ രീതിയിലുള്ള അരക്ഷിതാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ്. പ്രത്യേകിച്ച് ഒരു പാൻഡമിക് ലോകം മുഴുവൻ അനുഭവിച്ചു കഴിഞ്ഞ അവസ്ഥയിൽ ഈ രീതിയിലുള്ള ശക്തികൾ എല്ലാവരും തന്നെ അവരുടെ അരക്ഷിതാവസ്ഥ പുറത്തെടുക്കാനുള്ള ഒരു കാലത്തിലേക്കാണ് നമ്മൾ കടക്കാൻ പോകുന്നത്. ഒരു പരിഷ്കൃത സമൂഹത്തിൽ മതസമുദായശക്തികൾക്ക് സ്ഥാനമുണ്ടാവാനുള്ള സാദ്ധ്യത ഇല്ലാ എന്നു കണ്ടുകൊണ്ട് പുതിയ തലമുറ മുന്നോട്ട് പോയിക്കൊണ്ടിരിക്കുമ്പോൾ, വലിയ രീതിയിലുള്ള എതിർപ്പുകൾ ഇത്തരത്തിലുള്ള പിൻതിരിപ്പൻ മതസമുദായങ്ങളുടെയും സംഘടനകളുടെയും പേരിൽ ഉണ്ടാവാനുള്ള സാദ്ധ്യതകൾ ഉണ്ടാവും. ഉത്തരേന്ത്യയിൽ അത് വളരെ ശക്തമാണ്. നമ്മുടെ നാട്ടിലും ഈ രീതിയിലുള്ള കുബുദ്ധികൾ ഉപയോഗിച്ചുകൊണ്ട്, അവരുടെ രാഷ്ട്രീയ

തന്ത്രങ്ങളായിട്ട് സിനിമയ്ക്ക് നേരെയും വലിയ രീതിയിലു ള്ള ആക്ഷേപങ്ങൾ ഉണ്ടാവാറുണ്ട്. പക്ഷേ കേരളത്തിൽ അത് വലിയ രീതിയിൽ വിലപ്പോകുന്ന ഒന്നായിരിക്കും എന്ന് എനിക്കു തോന്നുന്നില്ല. അത്തരം എതിർപ്പുകൾ ഉണ്ടായാൽ തന്നെ അതിനെ കൃത്യമായി നേരിടാനുള്ള പൊതുബോധവും നാട്ടിൽ സമാധാനം പുലർന്നു കാണ ണമെന്നും ജനാധിപത്യം പുലർന്നു കാണണമെന്നും കലാകാരന്മാർ സ്വതന്ത്രരായിരിക്കണമെന്നും അഭിപ്രാ യമുള്ള നാടാണ് കേരളം. അതുകൊണ്ടുതന്നെ അത്തരം ശ്രമങ്ങൾ പലരീതിയിലും ഉണ്ടായേക്കാം. പക്ഷേ, അതൊന്നും വിജയിക്കും എന്ന് എനിക്ക് തോന്നുന്നില്ല.

*മലയാളത്തിൽ സമ്പൂർണ്ണമായ സ്ത്രീപക്ഷ സിനിമ സാധ്യമാണോ? താരാധിഷ്ഠിതമല്ലാതെ സിനിമകൾ സാമ്പത്തികമായി നേട്ടമുണ്ടാക്കുന്ന കാലമായിട്ടുകൂടി ഒരു നായികയ്ക്ക് നിർമാതാവിനെ കിട്ടാൻ ബുദ്ധിമുട്ടല്ലേ?*

◦ തീർച്ചയായിട്ടും. മലയാളത്തിൽ സമ്പൂർണ്ണമായ സ്ത്രീപക്ഷ സിനിമ സാദ്ധ്യമാണ്. എനിക്ക് തോന്നുന്നത് പല കാലഘട്ടങ്ങളിലായിട്ട് നമ്മളിവിടെ കണ്ടിട്ടു ള്ളതാണ്, ഉറപ്പായും താരാധിപത്യമില്ലാതെ തന്നെ സ്ത്രീപക്ഷ സിനിമകൾ ഇവിടെ ബോക്സ് ഓഫീസിലും അല്ലാതെയും വിജയിച്ചിട്ടുണ്ട്. പക്ഷേ, താരതമ്യേന അതിന്റെ എണ്ണത്തിലുള്ള വളർച്ച വളരെ കുറവാണ് എന്നത് വലിയ ഒരു സത്യം തന്നെയാണ്. ഇനി വരുന്ന കാലഘട്ടത്തിൽ പ്രത്യേകിച്ചും ഒ ടി ടി പോലെയുള്ള സാദ്ധ്യതകൾ ഉള്ളപ്പോൾ സിനിമകളുടെ എണ്ണത്തിന്റെ കാര്യത്തിൽ വലിയ വർദ്ധനവുണ്ടാകും. അതുപോലെ കൂടുതൽ നിർമ്മാണ കമ്പനികൾ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സിനിമകൾ എടുക്കാൻ മുന്നോട്ട് വരും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നതും. കാരണം കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊള്ളുന്ന പ്രൊഡക്ഷൻ കമ്പനികൾ സ്വാഭാവികമായും മികച്ച സ്ത്രീപക്ഷ സിനിമ കൾ വരുകയാണെങ്കിൽ ഏറ്റെടുക്കും എന്നതാണ് ഞാൻ മനസ്സിലാക്കുന്നത്.

*നമ്മുടെ സിനിമാ സെറ്റുകൾ സ്ത്രീസൗഹാർദ്ദപരമായോ? അതിനു വേണ്ടി വാദിച്ച താങ്കളടക്കമുള്ളവരുടെ പ്രതി രോധങ്ങൾ ഏതുവരെയെത്തി?*

◦ സത്യത്തിൽ നമ്മുടെ സിനിമാ സെറ്റുകൾ സ്ത്രീ സൗഹാർദ്ദപരമല്ല. അതിന്റെ ഒരു പ്രധാന കാരണം ഒരു സെറ്റിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിലുള്ള കുറവാണ്. വളരെ ചെറിയ ശതമാനം സ്ത്രീകൾ മാത്രമേ ഈ കാലഘട്ടത്തിലും സിനിമയുടെ സെറ്റിൽ ജോലി ചെയ്യുന്നുള്ളൂ. അതിന് പല കാരണങ്ങളുമുണ്ട്. സ്ത്രീകളുടെ സുരക്ഷയെ സംബന്ധിച്ച് സ്ത്രീ സൗഹാർദ്ദപരമാകുക എന്നത് അവർക്ക് സുരക്ഷിതത്വം തോന്നുകയും, എന്തെ ങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടായാൽ അത് കൃത്യമായി ഉയർത്തി പറയാൻ ധൈര്യം തോന്നുന്ന തരത്തിലുള്ള സെറ്റുകൾ ഉണ്ടാക്കിയെടുക്കുക എന്നതാ ണ്. അതിന് ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി (ഐ സി സി) പോലുള്ള സംവിധാനങ്ങൾ നമ്മൾ ഇപ്പോൾ എല്ലാ സിനിമകളിലും ഏർപ്പെടുത്തുന്നുണ്ട്. പ്രത്യേകി ച്ചും ഇപ്പോൾ വലിയ താരങ്ങൾക്ക് മാത്രമാണ് സാധാര ണയായിട്ട് ഇവിടെ മൂത്രപ്പുരകൾ ഉണ്ടാവാറ്. അപ്പോൾ ആ രീതിയിലുള്ള സൗകര്യങ്ങളും കൂടെ എല്ലാവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും ഏർപ്പാടാക്കുന്ന രീതിയിലേ ക്ക് സിനിമാ സെറ്റുകളുടെ പ്രൊഡക്ഷൻ മാറിക്കൊണ്ടി രിക്കുകയാണ്. സ്വാഭാവികമായും സിനിമാസെറ്റുകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് അത്തരം കോമൺഫ്രണ്ട്‌ലി അല്ലെങ്കിൽ ജന്റർ ഫ്രണ്ട്‌ലി ആയിട്ടുള്ള അന്തരീക്ഷത്തിലേക്ക് മാറും എന്നാണ് വിചാരിക്കുന്നത്. ഞങ്ങളുടെ എല്ലാവരുടെയും സെറ്റുകളിൽ അതിനുവേണ്ടിയുള്ള പല കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്.

*Lost In Banglore എന്ന Ad ഫിലിം എടുക്കാൻ ഉണ്ടായ പ്രചോദനം ? എങ്ങനെയാണ് ആഡ് ഫിലിമിൽ എത്തിയത് ? പരസ്യങ്ങൾ ചെയ്യാൻ ഇഷ്ട മാണോ?*

◦ ലോസ്റ്റ് ഇൻ ബാംഗ്ലൂർ മാതൃഭൂമിക്കുവേണ്ടി ചെയ്ത ഒരു ഷോർട്ട് ഫിലിം ആണ്. മിഫ്‌റി അഡ്വെർട്ടൈ സിംഗിനുവേണ്ടി പരസ്യചിത്രങ്ങൾ പണ്ടുമുതലേ ചെയ്യുമായിരുന്നു. മാതൃഭൂമിക്ക് വേണ്ടിതന്നെ 3-4 ക്യാമ്പയിനുകളിൽ സിനിമ ചെയ്യാൻ പറ്റിയിട്ടുണ്ട്. അങ്ങനെ ഒരു ക്യാമ്പയിനിന്റെ ഭാഗമായിട്ട് എന്റെ ഒരു സുഹൃത്തും സഹപ്രവർത്തകനും മിഫ്‌റി അഡ്വെ ർട്ടൈസ്മെന്റിന്റെ ക്രിയേറ്റീവ് ഡയറക്ടറുമായിട്ടുള്ള വേണുഗോപാൽ, അദ്ദേഹത്തിന്റെ ഒരു ബന്ധുവിന്റെ ജീവിതാനുഭവം പറഞ്ഞ് അതിൽനിന്ന് ഞങ്ങൾ വികസിപ്പിച്ചെടുത്ത് ചെയ്തതാണ് ലോസ്റ്റ് ഇൻ ബാംഗ്ലൂർ. ആഡ് ഫിലിമുകൾ എന്റെ കോളേജിൽ പഠിക്കുന്ന സമയം മുതലുള്ള ചെറിയ ശ്രമങ്ങളാണ്. അന്ന് ഒരു ക്യാമ്പസ് സിനിമയും ഞങ്ങൾ ചെയ്തിട്ടുണ്ട്. അഡ്വെ ർട്ടൈസ്മെന്റുകൾ ചെറിയ സമയത്തിൽ ഒരു സ്റ്റോറി പറയുകയാണ്. അത് വളരെ ആവേശകരമായിട്ടുള്ള കാര്യമാണ്. അതുകൊണ്ടുതന്നെ പരസ്യങ്ങൾ ചെയ്യാൻ എനിക്ക് ഇഷ്ടമാണ്.

*ടെക്നോളജി ഏറ്റവും കൂടുതൽ മാറ്റങ്ങൾ കൊണ്ട് വന്നത് സിനിമ എന്ന കലാരൂപത്തിൽ ആകണം. സാ ങ്കേതികവിദ്യകൾ സിനിമയുടെ വളർച്ചയെ എങ്ങനെ എല്ലാം മാറ്റിയിട്ടുണ്ട്. ഇന്ന് സിനിമ നിർമാണം കുറെക്കൂ ടി എളുപ്പം ആയിട്ടുണ്ടോ?*

ഒ ടി ടി പ്ലാറ്റ്ഫോമുകൾ എന്നത് കൂടുതൽ ആളുകളിലേക്ക് എത്താനുള്ള ഒരു പ്ലാറ്റ്ഫോമായാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ, സിനിമ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ആസ്വദിക്കാനാവുന്നതും, പ്രത്യേകിച്ച് പ്രേക്ഷകശ്രദ്ധ പൂർണ്ണമായും സിനിമയിലേക്ക് കിട്ടുന്നതും തീർച്ചയായും തിയേറ്ററുകളിൽ തന്നെയാണ്. അതുകൊണ്ട് വ്യക്തിപരമായി എന്നെ സംബന്ധിച്ചിടത്തോളം തിയേറ്ററുകൾക്ക് തന്നെയാണ് മുൻഗണന.

**മികച്ച സിനിമകൾ ഉണ്ടാക്കുക. കൂടുതൽ ആളുകളെ തിയേറ്ററിലേക്ക് ആനയിക്കാൻ പറ്റുന്ന തരത്തിലുള്ള സിനിമകൾ ഉണ്ടാക്കുക. ആളുകൾക്ക് സിനിമ അത്രയധികം പ്രിയപ്പെട്ടതാണ്. അതുകൊണ്ട് അവർ വരാൻ തയ്യാറായിരിക്കും. പക്ഷേ അവരെ ആവേശഭരിതരാക്കുന്ന അല്ലെങ്കിൽ അവരെ സ്വാഗതം ചെയ്യുന്ന രൂപത്തിലുള്ള ഉഴപ്പാതെയുള്ള സിനിമാ പ്രവർത്തനങ്ങൾ നടത്തണം.**




2000 മുതൽ പല പേരുകളിൽ അറിയപ്പെടുകയും ന്യൂജനറേഷൻ എന്നൊക്കെ പത്രക്കാരും മറ്റും വിളിച്ച സമയത്ത് സത്യത്തിൽ സംഭവിച്ചത് ശാസ്ത്രത്തിന്റെ വളർച്ചയാണ്. സാങ്കേതികവിദ്യയിൽ മാറ്റങ്ങൾ വരുകയും ഇന്റർനെറ്റും നവ സാമൂഹിക മാധ്യമങ്ങളും വളരെ സജീവമാവുകയും ചെയ്യുതോടുകൂടി സിനിമയുടെ പ്രമേയത്തിലും നിർമ്മാണത്തിലും അതിന്റേതായ മാറ്റങ്ങൾ സംഭവിക്കുകയും കൂടുതൽ ജനാധിപത്യപരവുമാവുകയും ചെയ്തു എന്നുള്ളതാണ് വാസ്തവം. തീർച്ചയായിട്ടും സിനിമയിലേക്കും കഥപറച്ചിലിലേക്കുമൊക്കെ ശാസ്ത്രം കൂടുതൽ സംഭാവനകൾ ചെയ്യുകയും വലിയ മാറ്റങ്ങൾ വരുകയും ചെയ്യും. തുടർന്ന് കുറെക്കൂടി എളുപ്പവും ഫലപ്രദവുമായ രീതിയിൽ നമുക്ക് സിനിമ ചെയ്യാൻ പറ്റുന്ന രീതിയിലേക്ക് ഇപ്പോൾ ഉള്ളതിനേക്കാൾ സാങ്കേതിക വിദ്യ വളരും എന്നാണ് എനിക്ക് തോന്നുന്നത്.

*മഹേഷിന്റെ പ്രതികാരം, ആർക്കറിയാം തുടങ്ങിയ മികച്ച പല ചിത്രങ്ങളുടെയും നിർമ്മാതാവ് കൂടിയാണ് താങ്കൾ. കോവിഡ് പ്രതിസന്ധിയിൽ തകർന്നു കിടക്കുന്ന ചലച്ചിത്ര വ്യവസായത്തിന് അതിൽനിന്നു കരകയറാൻ എന്തൊക്കെ ചെയ്യേണ്ടതുണ്ട്?*

◦ മികച്ച സിനിമകൾ ഉണ്ടാക്കുക. കൂടുതൽ ആളുകളെ തിയേറ്ററിലേക്ക് ആനയിക്കാൻ പറ്റുന്ന തരത്തിലുള്ള സിനിമകൾ ഉണ്ടാക്കുക മാത്രമാണ് ഇതിനകത്ത് സാദ്ധ്യമായ ഒരു കാര്യം. അതുകൊണ്ടുതന്നെ മുൻപത്തെക്കാൾ ആത്മാർത്ഥമായിട്ട് ഞങ്ങൾ എല്ലാവരും അതിനുവേണ്ടി ശ്രമിക്കുകയും പണിയെടുക്കുകയും ചെയ്യുന്നുണ്ട്. ആളുകൾക്ക് സിനിമ അത്രയധികം പ്രിയപ്പെട്ടതാണ്. അതുകൊണ്ട് അവർ വരാൻ തയ്യാറായിരിക്കും. പക്ഷേ അവരെ ആവേശഭരിതരാക്കുന്ന അല്ലെങ്കിൽ അവരെ സ്വാഗതം ചെയ്യുന്ന രൂപത്തിലുള്ള ഉഴപ്പാതെയുള്ള സിനിമാ പ്രവർത്തനങ്ങൾ നടത്തണം. ഉറപ്പായിട്ടും അത്തരം സിനിമകൾ സംഭവിച്ചു കഴിഞ്ഞാൽ കൂടുതൽ കരുത്തോടെ നമ്മുടെ ഇൻഡസ്ട്രി തിരിച്ചു വരുമെന്നുന്ന തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

*ഒരു പ്രേക്ഷക എന്ന നിലയിൽ വൈറസ് എന്ന ഫിലിം ഇന്ന് കാണുമ്പോൾ കൂടുതൽ ഹൃദ്യമായി തോന്നി. നിപ്പയ്ക്കു ശേഷം കോവിഡ് പാൻഡെമിക് ലോകത്തെ അടച്ചിട്ടപ്പോൾ ആണ് ലോകം മുഴവൻ ആ സിനിമയിലെ അവസ്ഥയിലൂടെ കടന്നു പോയിട്ടുണ്ടാവുക. അതുകൊണ്ടാവണം ഇന്ന് ആ സിനിമ വീണ്ടും കണ്ടപ്പോൾ കൂടുതൽ അനുഭവവേദ്യമായി തോന്നി. അനുഭവ സാക്ഷ്യം പോലെ ആ സിനിമ പറഞ്ഞുവെക്കേണ്ടതിന്റെ ഒരു സമയത്താണ് ചെയ്തതെന്നു തോന്നുന്നുണ്ടോ?*

◦ വൈറസ് ആ സമയത്ത് ചെയ്യാൻ കാരണം, ഇതൊക്കെ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ പ്രത്യേകിച്ച് കോഴിക്കോട് നടക്കുന്ന കാര്യങ്ങൾ വളരെ അടുത്തുനിന്ന് വീക്ഷിച്ചുകൊണ്ടിരുന്ന ഞാനും എന്റെ എഴുത്തുകാരുമൊക്കെ അതിശയപ്പെട്ടു കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ സ്വാഭാവികമായും ആ സമയത്ത് തന്നെ ഇത് ഒരു ചലച്ചിത്രമായിട്ട് ആളുകളെ കാണിക്കണം എന്ന ആഗ്രഹം ഉണ്ടാവുകയും ചെയ്തു. അതുകൊണ്ട് തന്നെയാണ് ഞങ്ങൾ അധികം വൈകാതെ തന്നെ അതിന്റെ നിർമ്മാണ പരിപാടികളിലേക്ക് കടന്നതും. അപ്പോഴൊന്നും ഒരു പാൻഡമിക് വീണ്ടും വരും എന്നൊന്നും പ്രതീക്ഷിച്ചിരുന്നില്ല. പക്ഷേ ആ സിനിമ കുറേക്കൂടി ശാസ്ത്രബോധം വളർത്താൻ ഉപകരിച്ചിട്ടുണ്ട് എങ്കിൽ വലിയ സന്തോഷം. ശൈലജ ടീച്ചർ ഞങ്ങളുടെ ആദ്യത്തെ സിനിമയെ പറ്റിയുള്ള മീറ്റിംഗിൽ എന്നോട് പറഞ്ഞത് ആളുകളെ ശാസ്ത്രബോധമുള്ളവരാക്കുന്ന എന്നാൽ സിനിമയുടെ എല്ലാ തരത്തിലുള്ള സൗന്ദര്യവും ഉള്ള ഒരു സിനിമയാവണം എന്നാണ് ആഗ്രഹിക്കുന്നത് എന്ന് പറഞ്ഞതുപോലെയാണ് നമ്മൾ ശ്രമിച്ചത്. അപ്പോൾ ആ സിനിമകൊണ്ട് എന്താണോ ഉദ്ദേശിച്ചത് അത് ആ സിനിമയ്ക്ക് ചെയ്യാൻ കഴിഞ്ഞു എന്നുള്ളതിൽ വലിയ ആഹ്ലാദവും സന്തോഷമുണ്ട്.. ●

# സിനിമ


**കാഴ്ചകളിൽ നിന്നും കാഴ്ചപ്പാടു കളിലേക്ക്**





₹240





₹300





₹660




₹325




₹150




₹220





₹270




₹170





₹110




₹100





₹155





₹150




₹140




₹125




₹230



അഭിമുഖം

# നമ്മുടെ ലോകത്തിന്റെ ഭാവി

എം എ ബേബി / രാധാകൃഷ്ണൻ ചെറുവല്ലി

*സോവിയറ്റ് യൂണിയൻ തിരോഭവിച്ചിട്ട് മൂന്നുപതിറ്റാണ്ടായി. സോവിയറ്റ് യൂണിയന്റെ തകർച്ച ലോകത്തെമ്പാടുമുള്ള കമ്യൂണിസ്റ്റ് പാർട്ടികൾക്ക് ആത്മപരിശോധനയ്ക്കുള്ള അവസരമൊരുക്കി. സോവിയറ്റ് യൂണിയനിലെ സോഷ്യലിസ്റ്റ് നിർമ്മാണപ്രക്രിയ ഒരു മാതൃകയും അല്ലാതായി. പോസ്റ്റ് സോവിയറ്റ് കാലത്തെ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം കൃത്യമായി ഊന്നേണ്ടത് ഏതേതെല്ലാം കാര്യങ്ങളിലായിരിക്കണമെന്നാണ് സഖാവ് കരുതുന്നത്?*

◦ മുമ്പാരും കടന്നുപോയിട്ടില്ലാത്ത പാതയിലൂടെ യു എസ് എസ് ആറും കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും കടന്നുപോകുന്നതിനിടയിൽ ഗുരുതരമായ അബദ്ധങ്ങൾ പറ്റാവുന്നതാണ് എന്ന ജാഗ്രത അതാതിടങ്ങളിലെ സഖാക്കൾക്ക് കൈമോശം വന്നതാണ് ഒന്നാമത്തെ പാഠം. സാമൂഹ്യവിപ്ലവം വിജയിപ്പിക്കുന്നതിനേക്കാൾ പ്രയാസകരമാണ് സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്ക് ഒരു ജനതയെ നയിക്കുക എന്നത്. കാരണം, മുതലാളിത്ത - സാമ്രാജ്യത്വ രാജ്യങ്ങളാൽ വളയപ്പെട്ട ലോകത്താണ് ഓരോ സോഷ്യലിസ്റ്റ് രാജ്യവും നിലനില്ക്കുന്നത്. വിപ്ലവം വിജയിച്ച രാജ്യങ്ങൾക്കുള്ളിലും പ്രതിലോമശക്തികൾ പലരൂപത്തിൽ തുടരുന്നുണ്ട്. ഇക്കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിച്ചുവെന്നു തോന്നുന്നില്ല.

സോഷ്യലിസം കെട്ടിപ്പടുക്കുന്നത് നീണ്ടുനില്ക്കുന്ന ഒരു പ്രക്രിയ ആണെന്നും വേണ്ടത്ര മനസ്സിലാക്കിയില്ല. മാത്രമോ? ഏറ്റവും വികസിച്ച സോഷ്യലിസം സ്ഥാപിച്ചുകഴിഞ്ഞതിനാൽ ഞങ്ങൾ ഇനി കമ്യൂണിസ്റ്റ് സമൂഹനിർമ്മിതിയിലേക്ക് കടക്കുകയാണ് എന്ന തരത്തിലുള്ള ശുദ്ധ അസംബന്ധം, ലിയോനിദ് ബ്രഷ്നേവ് സി പി എസ് യു ജനറൽ സെക്രട്ടറിയായിരിക്കുമ്പോൾ തട്ടിവിടുകയുണ്ടായി.

പാർട്ടിയും ഭരണകൂടവും തമ്മിലുള്ള ബന്ധവും പങ്കും സംബന്ധിച്ച തെറ്റായ ധാരണ ഉണ്ടായിരുന്നു. സമ്പദ്ഘടനയെ പ്രവർത്തിപ്പിക്കുന്നതിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നത് ശ്രദ്ധിച്ചില്ല. ഭരണസംവിധാനത്തിലും സമൂഹത്തിലും പാർട്ടിയിലും സോഷ്യലിസ്റ്റ് ജനാധിപത്യം അഗാധമാക്കുന്നതിലും സോവിയറ്റ് മാതൃകയിൽ പരാജയമുണ്ടായി. ഉദ്യോഗസ്ഥ മേൽക്കോയ്മ പലതലങ്ങളിലും നിഷേധാത്മക പങ്കാണ് വഹിച്ചത്. പ്രത്യയശാസ്ത്ര പ്രബുദ്ധത ശക്തിപ്പെടുത്താൻ ശ്രദ്ധിച്ചില്ല എന്നുമാത്രമല്ല; ഉണ്ടായിരുന്നത് ചോർന്നുപോവുകയും ചെയ്തു. തിരിച്ചടിയുണ്ടാകുന്നതി

**സോഷ്യലിസ്റ്റ് ജനാധിപത്യം അഗാധമാക്കുന്നതിന്റെ ഭാഗമായി വ്യക്തിസ്വാതന്ത്ര്യ സംരക്ഷണം പ്രധാനമാണ്. അത് സമൂഹത്തിന്റെ പൊതുതാല്പര്യങ്ങൾ ബലി കഴിച്ചാവരുത്. എന്നാൽ സാമൂഹികാവശ്യത്തിന്റെ പേര് പറഞ്ഞ് ജനാധിപത്യാവകാശങ്ങൾ നിഷേധിക്കാനും പാടില്ല. ജനാധിപത്യം രാഷ്ട്രീയപാർട്ടി മത്സരവും വോട്ടെടുപ്പും മാത്രമല്ല എന്നും ഓർക്കണം. ജനാധിപത്യം ജീവിത വ്യവസ്ഥ കൂടിയാണ്. ഒരാൾക്ക് ഒറ്റ വോട്ട്, തുല്യമൂല്യം എന്നതിന്റെ പ്രാധാന്യം അടിവരയിട്ട അംബേദ്കർ, പിന്നീട് പറഞ്ഞത് പലരും ഓർമ്മിക്കാറില്ല.**

നള്ള മുഖ്യകാരണങ്ങൾ ഇവിടെ സംക്ഷേപിച്ചതിന്റെ അർത്ഥം സോവിയറ്റ് യൂണിയൻ സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയയിൽ ഒരു മാതൃക അല്ലാതായി എന്നല്ല. ചോദ്യത്തിലെ ആ നിരീക്ഷണത്തോട് യോജിക്കുന്നില്ല. സോവിയറ്റ് സോഷ്യലിസ്റ്റ് മാതൃക, മുകളിൽ സൂചിപ്പിച്ച ഗുരുതരമായ പാളിച്ചകൾ മാത്രമല്ല; അഭിമാനകരമായ ഒട്ടേറെ നേട്ടങ്ങളും ചേർന്നതാണ്. പറയാവുന്ന മുഖ്യ കാര്യം സോഷ്യലിസത്തിന് ഒറ്റമാതൃകയായി ചൂണ്ടിക്കാട്ടാൻ രാജ്യമുണ്ടോ എന്നതല്ല. തകർന്നടിഞ്ഞ യു എസ് എസ് ആറും കിഴക്കൻ യൂറോപ്പും പകർന്നുതന്ന ശരിയും തെറ്റുമായ മാതൃകകളെ നമ്മുടെ രാജ്യത്തിന്റെ സവിശേഷതകൾ കൂടി കണക്കിലെടുത്ത് യഥാവിധി പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് ജനകീയ ജനാധിപത്യത്തിന്റേയും തുടർന്നുമുള്ള കാലഘട്ടത്തിൽ ഏറ്റെടുക്കേണ്ടത്. വിപ്ലവപാത - റഷ്യൻ മാർഗ്ഗമോ ചൈനീസ് മാർഗ്ഗമോ എന്ന ചോദ്യത്തിന് ഉത്തരം തേടുമ്പോഴും ബാധകമായ തത്ത്വമാണ് ഇത്. വിവിധ വിഭാഗം ജനങ്ങളുമായി നിരന്തരബന്ധവും ഉറ്റബന്ധവും പുലർത്തുന്ന ജനകീയ രാഷ്ട്രീയ പ്രവർത്തനമാതൃക പിന്തുടരുകയാണ്, നഷ്ടപ്പെട്ട ബഹുജന സ്വാധീനം വീണ്ടെടുക്കാനും പുതിയ മേഖലകളിലേക്ക് സ്വാധീനശക്തി വ്യാപിപ്പിക്കാനുമുള്ള ഒരേയൊരു മാതൃക. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്ത് അവ പരിഹരിക്കാനും പ്രതിലോമശക്തികളുടെ എതിർപ്പിനെ മറികടക്കാനും ഉശിരൻ സമരങ്ങൾ വളർത്തിയെടുക്കാനും കമ്യൂണിസ്റ്റ് പാർട്ടി നിരന്തര ശ്രദ്ധ ചെലുത്തണം. ഇന്ത്യയുടെ വൈവിദ്ധ്യ സമൃദ്ധി കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തന സമരശൈലികൾ വികസിപ്പിച്ചെടുക്കാനും കഴിയണം. ഇന്ത്യയിലെ ജാതിമേധാവിത്വം മറ്റുരാജ്യങ്ങളിൽനിന്നു വ്യത്യസ്തമായ സാമൂഹിക സാഹചര്യമാണ് സൃഷ്ടിച്ചിട്ടുള്ളത്. വർഗ്ഗസമരത്തോടൊപ്പം സാമൂഹ്യാസമത്വങ്ങൾക്കെതിരായ ജാതിമേൽക്കോയ്മയ്ക്കെതിരായ പോരാട്ടവും പ്രാധാന്യത്തോടെ ഏറ്റെടുത്തേ തീരൂ.

*സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ വ്യക്തിസ്വാതന്ത്ര്യവും മുതലാളിത്ത (ജനാധിപത്യ) രാജ്യങ്ങളിലെ വ്യക്തിസ്വാതന്ത്ര്യവും തമ്മിൽ കാതലായ വ്യത്യാസം കാണാനാവും. വ്യക്തിസ്വാതന്ത്ര്യം എന്ന കൊണ്ടാടപ്പെട്ട മേഖലകൾ ഇന്ന് ചാര സോഫ്റ്റ്‌വെയറുകളുടെ വിഹാര രംഗമാകുമ്പോൾ നാം എങ്ങനെ പുതിയ കാലത്തെ വ്യക്തിസ്വാതന്ത്ര്യത്തെ പുനർ നിർവ്വചിക്കും?*

○ സോഷ്യലിസ്റ്റ് ജനാധിപത്യം അഗാധമാക്കുന്നതിന്റെ ഭാഗമായി വ്യക്തിസ്വാതന്ത്ര്യ സംരക്ഷണം പ്രധാനമാണ്. അത് സമൂഹത്തിന്റെ പൊതുതാല്പര്യങ്ങൾ ബലി കഴിച്ചാവരുത്. എന്നാൽ സാമൂഹികാവശ്യത്തിന്റെ പേര് പറഞ്ഞ് ജനാധിപത്യാവകാശങ്ങൾ നിഷേധിക്കാനും പാടില്ല. ജനാധിപത്യം രാഷ്ട്രീയപ്പാർട്ടി മത്സരവും വോട്ടെടുപ്പും മാത്രമല്ല എന്നും ഓർക്കണം. ജനാധിപത്യം ജീവിത വ്യവസ്ഥ കൂടിയാണ്. ഒരാൾക്ക് ഒറ്റ വോട്ട്, തുല്യമൂല്യം എന്നതിന്റെ പ്രാധാന്യം അടിവരയിട്ട അംബേദ്കർ, പിന്നീട് പറഞ്ഞത് പലരും ഓർമ്മിക്കാറില്ല. സാമ്പത്തിക അസമത്വവും ജാതീയ മേധാവിത്വവും നിമിത്തം ഓരോ പൗരർക്കും തുല്യമൂല്യമല്ല, സാമ്പത്തിക സാമൂഹ്യ ജീവിതത്തിൽ ഉള്ളത് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അവിടെയാണ് ചൂഷണാധിഷ്ഠിത സമൂഹത്തിലെ 'ജനാധിപത്യം' പൊള്ളയാണെന്ന വിമർശം ശാസ്ത്രീയമാകുന്നത്. ആധുനികശാസ്ത്ര സാദ്ധ്യതകളെ ദുരുപയോഗപ്പെടുത്തിക്കൊണ്ട് കപട സുരക്ഷാ നിരീക്ഷണത്തിൽ സർവ്വ വ്യക്തികളേയും ചാരവലകളാൽ വലയം ചെയ്ത് അസ്വതന്ത്രരാക്കുന്ന സാഹചര്യത്തിൽ 'ജനാധിപത്യ' പുറം പൂച്ച് ശുദ്ധ വഞ്ചനയാണെന്നും നമുക്കറിയാം. ഇത് വ്യാപകമായി തുറന്നു കാട്ടണം.

എന്നിരിക്കലും മുതലാളിത്ത വ്യവസ്ഥയിലുള്ളതിനേക്കാൾ അഗാധമായ രാഷ്ട്രീയ ജനാധിപത്യം സോഷ്യലിസ്റ്റ് ജനാധിപത്യ മാതൃകയിൽ വികസിപ്പിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മേഖലകളിലെ ജനാധിപത്യ പ്രയോഗത്തിലും സ്ത്രീതുല്യത എന്ന അത്യന്തം മർമ്മ പ്രധാനമായ മേഖലയിലും വലിയ വിപ്ലവങ്ങൾ കൊണ്ടുവരാൻ സോഷ്യലിസ്റ്റ് പരീക്ഷണങ്ങളിൽ സാധിച്ചിട്ടുണ്ട്. ചില ചെറിയ വ്യത്യസ്തതകളോടെ ആണെങ്കിലും, മുഖ്യമായും ശതകോടീശ്വരന്മാർക്കു മാത്രം മത്സരിക്കാനും ജയിക്കാനും സാധിക്കുന്ന പണാധിപത്യത്തിന്റെ മത്സരക്കമ്പോളമായി ചൂഷണവ്യവസ്ഥയിലെ തെരഞ്ഞെടുപ്പു പ്രക്രിയകൾ മാറിക്കൊണ്ടിരിക്കുന്നതും, മാഫിയാവല്ക്കരണവും ഇതോടു ചേർത്തുവായിക്കേണ്ടതുണ്ട്.

*കമ്യൂണിസ്റ്റുകാരോ സോഷ്യലിസ്റ്റുകാരോ അല്ലാത്ത നിരവധിപേർ മുതലാളിത്ത വിമർശകരായി ഇന്ത്യയ്ക്കകത്തും പുറത്തും വളർന്നു വന്നിട്ടുണ്ട്. ഇത്തരം വ്യക്തികളുടെ ചിന്തകളെ സ്വാംശീകരിക്കുവാനുള്ള ശ്രമം കമ്യൂണിസ്റ്റ് പാർട്ടികൾക്കുള്ളിൽ നടക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനുള്ള മെക്കാനിസം എന്താണ്?*

○ ജലന്തർ പാർട്ടി കോൺഗ്രസ് മുന്നോട്ടുവച്ചിട്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കൽ എന്ന ആശയത്തിൽ അടങ്ങിയിട്ടുള്ളത് ഇക്കാര്യമാണ്. കേരളത്തിലെ എൽ ഡി എഫ് എന്ന തെരഞ്ഞെടുപ്പു കൂട്ടുകെട്ടല്ല അത്. അതിലേക്കുള്ള സഞ്ചാരപഥത്തിൽ സാമ്പത്തിക-രാഷ്ട്രീയ-സൈദ്ധാന്തിക മണ്ഡലങ്ങളിലെ വർഗ്ഗസമരവും, അതോടൊപ്പം സമരത്തിന് സമാന്തരമായി രൂപപ്പെടുന്ന കൂട്ടുകെട്ടുകളും, വിശാലവേദികളുടെ രൂപപ്പെടലും ഒക്കെ വികസിച്ചാണ് സമര പ്രസ്ഥാനമായ ഇടതുപക്ഷ ജനാധിപത്യമുന്നണി വളർന്നുവരുന്നത്. ജനകീയ ജനാധിപത്യമുന്നണിയുടെ വളർച്ചയിൽ അതിനു പങ്കുവഹിക്കാനാവും. ഇ എം എസ് പ്രസംഗങ്ങൾ ഉപസംഹരിക്കുമ്പോൾ മിക്കപ്പോഴും ഒരു ആശയം അവതരിപ്പിക്കാറുണ്ട്. "ഇപ്രകാരം മുന്നോട്ടുവയ്ക്കുന്ന ഈ അടിയന്തരകടമകൾ നിർവ്വഹിക്കാനായി സഹകരിക്കാൻ തയ്യാറുള്ള പാർട്ടികളും ഗ്രൂപ്പുകളും വ്യക്തികളും എല്ലാം മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു." പാർട്ടി പ്രവർത്തകർക്കു മാത്രമല്ല, മറ്റു പാർട്ടികളിലുള്ള വ്യക്തികൾക്കും, കൂട്ടായ്മകൾക്കും ഒരു പാർട്ടിയിലുംപെടാത്തവർക്കും നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സഹകരിക്കുവാൻ സാധിക്കുമെന്ന കാഴ്ചപ്പാട് പ്രവൃത്തിയിലും കൊണ്ടുവരാൻ കൂടുതൽ ശ്രദ്ധിക്കണം. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടും സമ്പൂർണ്ണ സാക്ഷരതയുമായി ബന്ധപ്പെട്ടും ഇ എം എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ടും മറ്റും ഇത്തരം സഹകരണ സാദ്ധ്യത വളർത്തിയെടുക്കുകയുണ്ടായി. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിലും സമരങ്ങളിലും ഇതിനു കഴിയും. ഇത്തരം വിശാല വ്യക്തിബന്ധ ശൃംഖലകൾ കൂടുതൽ കൂടുതൽ ശ്രദ്ധയോടെ ഇനിയും എത്രയോ കൂടുതൽ വളർത്തിയെടുക്കേണ്ടതാണ്.

*പ്രാദേശിക സർക്കാരുകൾ കൈകാര്യം ചെയ്യാൻ അവസരം ലഭിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടികൾ എപ്രകാരം ജാഗ്രത പാലിക്കണം?*

ം സർക്കാരുകൾ സങ്കുചിത കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കണം. സുതാര്യമാവണം. തെരഞ്ഞെടുപ്പ് പോരാട്ടം കഴിഞ്ഞാൽ ജനങ്ങൾക്കാകെ സർക്കാർ പദ്ധതികളുടെ പ്രയോജനം കക്ഷി പരിഗണനകൾക്കതീതമായി ഉറപ്പാക്കാനാവണം, മൂലധനാധിപത്യത്തിന് പകരം ജനകീയ ബദലുകൾ വികസിപ്പിക്കാനും നടപ്പാക്കാനും ശ്രമിക്കണം. സമൂഹത്തിന്റെ പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ട് യാഥാർത്ഥ്യബോധത്തോടെ അവയെ മറികടക്കുവാൻ ആസൂത്രിതമായ ശ്രമങ്ങൾ ജനപങ്കാളിത്തത്തോടെ വികസിപ്പിച്ചെടുക്കാനാവണം. ജനങ്ങളുമായി തുല്യമനോഭാവത്തിൽ ഇടപെട്ടുകൊണ്ട് ജനപക്ഷ ജനാധിപത്യ പ്രയോഗത്തിന്റെ പുതുമാതൃകകൾ വികസിപ്പിക്കണം. സദാ വിമർശന-സ്വയം-വിമർശന സന്നദ്ധത പ്രവർത്തന മികവിനായി പിന്തുടരുവാൻ ജാഗ്രത കാട്ടണം.

*ഡീമോണിറ്റൈസേഷനുശേഷം ഭാരത സർക്കാർ മോണിറ്റൈസേഷൻ എന്ന പരിപാടിയുമായി എത്തിയിരിക്കുന്നു. വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയാത്ത പൊതു ആസ്തി സ്വകാര്യ പങ്കാളിത്തത്തോടെ ഉപയോഗപ്പെടുത്തിയാൽ എന്താണ കുഴപ്പം എന്ന മധ്യവർഗ്ഗ നിലപാടിനോടുള്ള പ്രതികരണം?*

ം ജനങ്ങളുടെ വകയായ സമ്പത്ത് പാട്ടത്തിനെന്ന പേരിൽ സ്വകാര്യ കുത്തകകളെ ഏല്പിക്കുകയാണ്. ലാഭമുണ്ടാക്കാനല്ലെങ്കിൽ അവരെന്തിനവ ഏറ്റെടുക്കണം. ജനങ്ങളിൽനിന്ന് പണം ഊടാക്കിത്തന്നെയാണ് അവർ ലാഭം ഉണ്ടാക്കുക. 'യൂസർഫ്രീ' എന്ന ഓമനപ്പേരുമിടും. ജനങ്ങളുടെ ഈ ആസ്തി കാണിച്ച് അവർ ബാങ്ക് നിക്ഷേപങ്ങളിൽനിന്നും വായ്പയും എടുക്കും. (ബാങ്കുനിക്ഷേപം നാട്ടുകാരുടേതാണെന്ന് ഓർക്കുക). അപ്പോൾ ജനങ്ങളുടെ (പൊതു) ആസ്തി ഉപയോഗിക്കാൻ ജനങ്ങൾ തന്നെ കുത്തകകൾക്ക് വാടക കൊടുക്കേണ്ടി വരുന്ന വിചിത്രമായ സ്ഥിതി! ജനങ്ങളുടെ (രാഷ്ട്രത്തിന്റെ) ആസ്തി പാട്ടത്തിനെടുക്കുന്നവർ അത് പണയപ്പെടുത്തി ജനതയുടെ ബാങ്കുനിക്ഷേപം സർക്കാർ ഒത്താശയോടെ തട്ടിയെടുത്താവും നിർമ്മാണ പ്രവർത്തനവും ലാഭം സമ്പാദിക്കലും ആസൂത്രണം ചെയ്യുക. കൗശലത്തോടെയുള്ള പട്ടാപ്പകൽ തീവെട്ടിക്കൊള്ള തന്നെയാണിത്.

*ഇന്ത്യ മുതലാളിത്ത വികസനഘട്ടത്തിലാണ്. സ്വകാര്യ മൂലധനം ഒഴിവാക്കാനാകാത്ത ഈ ഘട്ടത്തിൽ സ്വകാര്യ-പൊതുമേഖലകൾ തമ്മിലുള്ള ബാലൻസിങ് എപ്രകാരം നിർവ്വഹിക്കും?*

ം സോഷ്യലിസത്തിലേക്കു നീങ്ങുന്നതിനിടയിലും റഷ്യയിൽ ലെനിന്റെ നേതൃത്വത്തിൽ സ്വകാര്യ മൂലധനം ഉപയോഗിക്കുന്നത് ചർച്ച ചെയ്തു തീരുമാനിച്ചിട്ടുണ്ട്. ജനകീയ ചൈനയും വിയത്നാമും ക്യൂബയും മറ്റും ഈ ദിശയിൽ പല പരീക്ഷണങ്ങളും നടത്തുന്നു. മുതലാളിത്ത വ്യവസ്ഥ നിലനില്ക്കുന്ന ഇന്ത്യയിലെ ഒരു സംസ്ഥാനത്തിൽ അതാവശ്യമായി വരുമെന്ന് 1957 ലെ ഇ എം എസ് ഗവൺമെന്റ് തന്നെ തിരിച്ചറിയുകയുണ്ടായി. പ്രസക്തമായ കാര്യം ഏതെല്ലാം മേഖലകളിൽ എന്തുതരം വ്യവസ്ഥകൾക്കു വിധേയമായി എന്നതാണ്? ഇക്കാര്യത്തിൽ സവിശേഷ സാഹചര്യങ്ങൾകൂടി പരിശോധിച്ച് തീരുമാനിക്കണം. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുകയാണ് എൽ ഡി എഫ് നയം. യു ഡി എഫും ബി ജെ പിയും അവയെ വിറ്റുതുലയ്ക്കുന്നു. സംയുക്ത സംരംഭങ്ങളും (ഉദാ: കണ്ണൂർ വിമാനത്താവളം) സാദ്ധ്യമാണ്.

*നെഹ്റൂവിയൻ സോഷ്യലിസത്തെയും സമ്മിശ്ര സമ്പദ് വ്യവസ്ഥയെയും എതിർത്തുപോന്ന കമ്യൂണിസ്റ്റ് പാർട്ടി ഇന്ന് നെഹ്റൂവിയൻ നയങ്ങളും സമ്മിശ്ര സമ്പദ് വ്യവസ്ഥയുമായി പൊരുത്തപ്പെടുന്നതായി കാണുന്നു. എപ്രകാരം വിശദീകരിക്കും?*

ം നെഹ്രുവിന്റെ സമ്മിശ്ര സമ്പദ്‌വ്യവസ്ഥയെപ്പറ്റി ചില വിമർശനങ്ങൾ ഇന്നും ശരിയാണ്. അന്ന് സ്വകാര്യ കുത്തകകൾക്ക് മൂലധനം മുടക്കാൻ പ്രയാസമുണ്ടായിരുന്ന മേഖലകൾ, അവരെ സഹായിക്കാൻ വേണ്ടി കോൺഗ്രസ് കേന്ദ്ര സർക്കാർ ഏറ്റെടുക്കുകയായിരുന്നു. അങ്ങനെയാണ് പൊതുമേഖലയുടെ സഹായം കൊണ്ടു



കൂടി സ്വകാര്യമേഖല വളർന്നത്. ഇപ്പോൾ ഈ പൊതുമേഖല കൂടി ഞങ്ങളെടുത്തോളാം എന്ന നിലയിൽ സ്വദേശി - വിദേശി കുത്തകകൾക്ക് സർവ്വവും കൈമാറുന്നതിനെയാണ് സി പി ഐ (എം) എതിർക്കുന്നത്. അത്തരം സാഹചര്യത്തിൽ നെഹ്റുവിയൻ സമ്മിശ്രവ്യവസ്ഥ പുരോഗമനപരമാകുന്നു. രാഷ്ട്രീയ സ്വാശ്രയത്വം തന്നെ അപകടപ്പെടുംവിധമാണ് സമ്പദ്മേഖലയിലെ വിദേശകുത്തകവല്ക്കരണം എന്നത് മറന്നുകൂടാ.

*ചരിത്രമാണ് ഇന്ന് ഇന്ത്യയിലെ സംഘർഷസ്ഥലം. ഭൂതകാലത്തെ കൈപ്പിടിയിലാക്കാൻ സംഘപരിവാർ വിജയിച്ചു. അവരുടെ അഭിപ്രായങ്ങൾ പൊതുബോധമായി മാറിക്കൊണ്ടിരിക്കുന്നു. മലബാർ കലാപം പോലുള്ള സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളെ വർഗ്ഗീയ ചുവയോടെ കാണുന്നതുവഴി സംഘപരിവാർ എന്തായിരിക്കും ലക്ഷ്യം വയ്ക്കുന്നത്?*

○ കേന്ദ്രത്തിലും ഒരു പിടി സംസ്ഥാനങ്ങളിലും ഭരണത്തിൽ ഉറച്ചിരിക്കുന്ന സംഘപരിവാർ ഭരണപാർട്ടി എന്ന നിലയിൽ പൊതുവേ ജനസാമാന്യ സ്വീകാര്യത നേടാൻ കിണഞ്ഞു പരിശ്രമിക്കുകയാണ്. മാധ്യമങ്ങൾ അതിന് ഒത്താശ ചെയ്യുന്നു. ദശലക്ഷം അദൃശ്യശാഖകൾ കൂടിയുള്ള സംഘപരിവാർ സംഘടനകൾ നിരന്തരം ജനങ്ങൾക്കിടയിൽ ആസൂത്രിതമായ മിഥ്യാബോധം ഉല്പാദിപ്പിച്ചുകൊണ്ടേയിരിക്കുന്നു. അതീവ ഗുരുതരമാണു സ്ഥിതി. നീതിന്യായം, സൈന്യം, ഉദ്യോഗസ്ഥവൃന്ദം, ഗ്രാമത്തലവന്മാർ, ആരാധനാലയങ്ങൾ എന്നു തുടങ്ങി സംഘപരിവാർ പ്രത്യക്ഷമായും പരോക്ഷമായും നുഴഞ്ഞു കയറാത്ത രാഷ്ട്രകോശങ്ങൾ ഇല്ലതന്നെ. 1921 ന്റെ ദുർവ്യാഖ്യാനം, അനുച്ഛേദം 370, സി എ എ, ന്യൂനപക്ഷത്തിന്റെ അപരവല്ക്കരണം, പാഠപുസ്തക വർഗ്ഗീയവല്ക്കരണം തുടങ്ങിയ ഓരോ ചുവടും ഹിന്ദുരാഷ്ട്രനിർമ്മിതി എന്ന പദ്ധതിയുടെ ഭാഗമാണ്. രാമക്ഷേത്രനിർമ്മിതിയും സെൻട്രൽ വിസ്തയിലെ കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണവും (പുതിയ പാർലമെന്റ് മന്ദിരം, ഫലത്തിൽ പ്രധാനമന്ത്രി ഭവനത്തിന്റെ അനുബന്ധമാകുന്ന വിധമാകും പൂർത്തിയാവുക) ഈ മതരാഷ്ട്ര പരിവർത്തന അജണ്ടയുടെ അഭേദ്യ ഭാഗമാണ്. പുതിയ ചരിത്ര നിർമ്മാണപദ്ധതി തന്നെയാണിവ.


*ആഗോള മുതലാളിത്തം ഇന്ന് നേരിടുന്ന പ്രതിസന്ധികളെപ്പറ്റി - പാരിസ്ഥിതിക അസമത്വം?*

○ ലോകമുതലാളിത്തം ഇന്നത്തെപ്പോലെ ഉത്തരംമുട്ടിനിന്ന സന്ദർഭങ്ങൾ അധികമില്ല. കോവിഡ് മഹാമാരിയെ നേരിട്ടവിധം ഏറ്റവും ദാരുണമായ ഉദാഹരണം. രോഗബാധയിലും മരണത്തിലും ഒന്നാമത് യു എസ് എ, ബ്രസീൽ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങൾ പ്രതിരോധിക്കുന്നതിൽ കമ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നല്കുന്ന ഭരണസംവിധാനങ്ങളും. ആകെ ഭക്ഷ്യോല്പാദനത്തിന്റെ മൂന്നിൽ ഒന്ന് ഉപേക്ഷിക്കുകയോ ഉപയോഗശൂന്യമാവുകയോ ചെയ്യുമ്പോൾ, ഭക്ഷണം കിട്ടാതെയും പോഷകാഹാരക്കുറവുകൊണ്ടും മരിക്കുന്നത് മഹാമാരി മൂലമുള്ള മരണത്തേക്കാൾ കൂടുതൽ പട്ടിണിക്കാർ. ചീഞ്ഞുനാറുന്ന മുതലാളിത്ത വ്യവസ്ഥ അതേസമയം ചരിത്രത്തിന്റെ അവസാനമെന്ന് നിർവ്വികാരം വീമ്പിളക്കുന്നു. പാരിസ്ഥിതിക നാശമാണ് മുതലാളിത്തം മരണോന്മുഖമാണെന്നതിന്റെ ഏറ്റവും തീവ്രമായ തെളിവ്. എന്നാൽ ഈ സത്യങ്ങൾ ജനസാമാന്യത്തിന്റെ പൊതുബോധമാക്കുവാൻ കൂടുതൽ ഫലപ്രദമായ പ്രവർത്തനങ്ങളും ലളിതമായ ആശയപ്രചാരണങ്ങളും വേണം.

*ചൈനയിലെ സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയയിൽ കമ്പോളത്തെ വൻതോതിൽ ഉപയോഗിക്കുന്നതായി കാണുന്നു. മാർക്സിസ്റ്റ് ധാരണപ്രകാരം സോഷ്യലിസ്റ്റ് നിർമ്മാണവും മൂലധനവും എങ്ങനെ ബന്ധപ്പെട്ടു നില്ക്കുന്നു?*

○ മാർക്സും എംഗൽസും ലെനിനും മുൻകൂട്ടി പൂർത്തീകരിച്ചുവച്ച ഒരു മാതൃകാ കർമ്മപരിപാടി സോഷ്യലിസ്റ്റ് നിർമ്മിതിയെ സഹായിക്കുന്നതിനായി ലഭ്യമല്ല. പുതിയ പാത ഓരോ വിപ്ലവജനതയും വെട്ടിത്തെളിക്കുകയാണു വേണ്ടത്. പണിയെടുക്കുന്നവർ നേതൃത്വം നല്കുന്ന, മറ്റെല്ലാ സാധാരണ ജനവിഭാഗങ്ങളെയും സഹകരിപ്പിക്കുന്ന ഒരു ജനകീയ ജാധിപത്യഭരണമാണ് മൗ സെ ദൂങ്ങിന്റെ നേതൃത്വത്തിൽ 1949 മുതൽ ആരംഭിച്ചത്. 'കിഴക്കിന്റെ രോഗി'എന്ന് നിന്ദിക്കപ്പെട്ട ദുരിത രാജ്യം. ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യയിൽനിന്നു കൊണ്ടുചെന്ന് കറുപ്പ് കച്ചവടം നടത്തി ലാഭം കൊയ്യാൻ നിഷ്ഠുരമായി ഇരയാക്കപ്പെട്ട ജനത. ആ അവസ്ഥയിൽനിന്ന് മുന്നേറ്റങ്ങളും തിരിച്ചടികളും നേരിട്ട് ഇന്ന് ലോകത്തെ രണ്ടാമത്തെ സാമ്പത്തികശക്തിയായി വളർന്നു എന്ന സത്യം നാം ആദ്യം അഭിമാനപൂർവ്വം തിരിച്ചറിയുക: എന്നാൽ സമ്പത്തിലെ അന്തരം, തൊഴിലില്ലായ്മ, പാരിസ്ഥിതിക പ്രശ്നങ്ങൾ, അഴിമതി തുടങ്ങിയ പ്രശ്നങ്ങൾ വ്യത്യസ്ത തോതിൽ തുടരുന്നുണ്ട്. അവ ഓരോന്നും അവർ മനസ്സിലാക്കുകയും പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുകയാണ്. സ്വകാര്യ മൂലധന സംരംഭങ്ങളും ചൈനയുടെ ഈ ഭാവപ്പകർച്ചയിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അതേസമയം അത് സോഷ്യലിസത്തിലേക്ക് നീങ്ങാനുള്ള ചൈനയുടെ തീരുമാനത്തിന് എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടാക്കുമെന്നു കണ്ടാൽ ആവശ്യമായ തിരുത്തൽ വരുത്തുമെന്ന് ചൈനീസ് കമ്യൂണിസ്റ്റുപാർട്ടി സൂചിപ്പിച്ചിട്ടുണ്ട്. അടുത്ത നാളുകളിൽ ഷീജിൻ പിങ് അത്തരം ചില ഇടപെടലുകൾക്ക് മുൻകൈ എടുത്തതായ വാർത്തകളും വരുന്നുണ്ട്. കടുത്ത ദാരിദ്ര്യം അനുഭവിച്ചിരുന്ന 85 കോടി ജനതയെ സുരക്ഷിത ജീവിത സംതൃപ്തിയിലേക്ക് കൈപിടിച്ച് ഉയർത്തുന്ന ഒരു മഹായജ്ഞം ചൈനയിൽ വിജയകരമായി പൂർത്തീകരിച്ച കാര്യം ഈയിടെ വെളിപ്പെടുത്തുകയുണ്ടായി. ചൈനയിലെ കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപനത്തിന്റെ ശതാബ്ദി വേളയിൽ പൂർത്തീകരിക്കണമെന്ന് ലക്ഷ്യംവച്ച ഇക്കാര്യം ഉദ്ദേശിച്ചപോലെ തന്നെ വിജയം കണ്ടു. 30 ലക്ഷം പാർട്ടി അംഗങ്ങൾ ഈ പ്രവർത്തനങ്ങളിൽ ചൈനീസ് ഗവൺമെന്റ് പദ്ധതി വിജയിപ്പിക്കാൻ അണിനിരന്നു ഈ പ്രവർത്തനങ്ങൾക്കിടയിൽ ചിലർ പ്രതികൂല സാഹചര്യങ്ങൾമൂലം മരണമടയുകയുമുണ്ടായി എന്നും റിപ്പോർട്ടുണ്ട്. അപ്പോൾ വ്യക്തമാകുന്ന കാര്യം ചൈനീസ് പ്രത്യേകതകളോടെയുള്ള സോഷ്യലിസം കെട്ടിപ്പടുക്കുവാൻ സ്വകാര്യ മൂലധനത്തെ ഉപയോഗപ്പെടുത്തുമ്പോൾത്തന്നെ ഗവൺമെന്റും കമ്യൂണിസ്റ്റുപാർട്ടിയുടെ സന്നദ്ധ പ്രവർത്തകരായ 3 ദശലക്ഷം വോളന്റിയറന്മാരും ചേർന്ന് ബൃഹത്തായ പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത് എന്നാണ്. ആ മാതൃകയുടെ ശരിതെറ്റുകൾ മനുഷ്യരാശിയുടെ മുന്നോട്ടുപോക്കിൽ വിലപ്പെട്ട പുതുപാഠങ്ങൾ നല്കുമെന്ന് ഉറപ്പാണ്. ആ രാജ്യത്ത് സോഷ്യലിസത്തിലേക്കു നീങ്ങുവാൻ പാതവെട്ടിത്തെളിക്കുന്ന പ്രവൃത്തി അവിടുള്ള പാർട്ടി സഖാക്കൾ ഏറ്റെടുക്കട്ടെ. നമുക്കു നിരീക്ഷകരാവാം. ആശങ്കകൾ അവരുടെ ശ്രദ്ധയിൽപ്പെടുത്താം. തീരുമാനം അന്തിമമായി ഓരോ രാജ്യത്തേയും കമ്യൂണിസ്റ്റു പാർട്ടിയുടേതാവണം. മൂന്നാം ഇന്റർനാഷണലിന്റെ കാലഘട്ടത്തിലല്ല ഇന്നത്തെ ലോകം. ●

# മാർക്സിസ്റ്റ് സാഹിത്യ കൃതികൾ




₹300




₹160




₹220



₹460



₹60



₹120




₹400




₹95




₹320



₹50



₹255



₹210

## കമ്യൂണിസ്റ്റ് പാർട്ടി @ 100



COMMUNIST MOVEMENT IN KERALA
Origins and Growth
₹410




ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം
1920 – 1964
₹390



ഇന്ത്യൻ കമ്യൂണിസത്തിന്റെ 100 വർഷങ്ങൾ
₹120



ചുവപ്പ് പടർന്ന നൂറ്റാണ്ട്
₹110




₹330

# ജീവിതം അനുഭവം ഓർമ്മ




₹230



₹870



₹170



₹180




₹130



₹290



₹330




₹220




₹190



₹170



₹440



₹170



₹220

## തീക്ഷ്ണമായ ജീവിതാനുഭവങ്ങളെ ആവിഷ്കരിക്കുന്ന

# മികവാർന്ന ഗ്രന്ഥങ്ങൾ ചിന്തയിലൂടെ




₹330




₹310




₹210




₹220




₹360




₹230




₹150




₹200




₹160




₹115




₹240




₹250




₹230




₹185




₹370




₹260



# സ്വപ്നമാണല്ലോ



**എം ആർ രേണുകുമാർ**

കുട്ടിക്കാലത്തെ
വലിയ സ്വപ്നം
അപ്പനും അമ്മയ്ക്കും
ഒരു അനിയത്തിക്കുട്ടിയെ
കളഞ്ഞുകിട്ടുന്നതായിരുന്നു

സ്വപ്നമാണല്ലോ
സഫലമാവില്ലല്ലോ

വലുതായപ്പോൾ
സ്വപ്നത്തിലെ
അനിയത്തിക്കുട്ടി
മകളായി
കവിതകളിലൊക്കെ
ഓടിച്ചാടി നടന്നു;
കവിതകളിൽ മാത്രം

പലരുമവളെ
കാമുകിയായി
വായിച്ചെടുത്തു,
തിരുത്താൻ പോയില്ല


നാളെയൊരു
കൊച്ചുമകൾ
എന്റെ കൈയിലിരുന്ന്
നിങ്ങളെ നോക്കി
ചിരിക്കുമായിരിക്കും

സ്വപ്നമാണല്ലോ
അത് വിട്ടൊഴിഞ്ഞു
പോവുകയില്ലല്ലോ. ●

*Sketch: Cattle Gazing girl from a rural village of Maharashtra state in India*

# പുതിയ കാലത്തിന്റെ കാഴ്ചകളെയും അനുഭവങ്ങളെയും ചേർത്തുവെക്കുന്ന രചനകൾ

## ബി എം സുഹറ



₹340




₹280




₹340

## പെരുമ്പടവം



₹290




₹220



₹210


## ടി പത്മനാഭൻ



₹170




₹200




₹180


## സി വി ബാലകൃഷ്ണൻ



₹160



₹470



₹200

## കെ ആർ മല്ലിക



₹220



₹130



₹90



# പ്ലാത്തനും ഞാനും

**യുവാൻ റാമൊൺ ഹിമനേസ്**

**മൊഴിമാറ്റം: അനിത തമ്പി**

യുവാൻ റാമൊൺ ഹിമനേസ് (1881-1958) സ്പെയിനിൽ ഏറ്റവും പ്രസിദ്ധനും പ്രിയപ്പെട്ടവനുമായ കവിയാണ്. സെർവാന്റസിന് സമശീർഷനായി പരിഗണിക്കപ്പെടുന്ന കവി. 1956 ൽ അദ്ദേഹത്തിന് നൊബേൽ സമ്മാനം ലഭിച്ചു. ഹിമനേസിന്റെ പ്രസിദ്ധകൃതിയാണ് "പ്ലാറ്ററൊയും ഞാനും". 'ഞാൻ' കവി തന്നെ. പ്ലാറ്ററൊ കവിയുടെ കഴുതക്കുട്ടൻ.കവിയും പ്ലാറ്ററൊയും ആൻഡലൂഷ്യൻ ഗ്രാമമായ മൊഗേറിലൂടെ നടത്തുന്ന സഞ്ചാരങ്ങളുടെ വിവരണം, അതിലൂടെ അനാവരണം ചെയ്യപ്പെടുന്ന പ്രകൃതി, ഏകാന്തത, വിഷാദം, പ്രേമം, സമകാല രാഷ്ട്രീയം, അതാണ് തെളിനീർ പോലെ ആഴങ്ങളും ആകാശവും ഉൾക്കൊണ്ടൊഴുകുന്ന ഈ മനോഹരഗദ്യകാവ്യം. പ്ലാറ്ററൊ എന്ന പേരിനെ പ്ലാത്തൻ എന്നാണ് മലയാളത്തിലേക്ക് സ്വീകരിച്ചിരിക്കുന്നത്. 138 ഖണ്ഡങ്ങളുള്ള കൃതിയുടെ മൊഴിമാറ്റത്തിൽ നിന്നുള്ള രണ്ട് ഖണ്ഡങ്ങളാണ് ഇവ.

### ചങ്ങാത്തം

ഞങ്ങൾക്ക് പരസ്പരം നന്നായി മനസ്സിലാവും. ഇഷ്ടമുള്ളിടത്തു പോകാൻ ഞാനവനെ വിടും. അവനാകട്ടെ, എനിക്ക് പോകേണ്ടിടത്തെല്ലാം കൊണ്ടു പോവുകയും ചെയ്യും.

പ്ലാത്തനറിയാം, ലാ കൊറോണയിലെ പൈൻമരത്തിനടുത്ത് ഞങ്ങളെത്തുമ്പോൾ അതിന്റെ ചോട്ടിൽ ചെന്ന് തടിയിൽ വിരലോടിക്കാൻ, അതിന്റെ മിഴിവുറ്റ വൻകമാനത്തിലൂടെ ആകാശം നോക്കാൻ, എനിക്കിഷ്ടമാണെന്ന് പണ്ടേയുള്ള ആ അരു വിയിലേക്ക് പുല്ലരപ്പിലൂടെ നീളുന്ന ചെറുന ടപ്പാത എന്നെ എത്ര ആനന്ദിപ്പിക്കുമെന്ന്; പൈൻമരങ്ങൾ മൂടിയ കുന്നിൻമേളിൽ നിന്ന്, ഒരു ക്ലാസിക്കൽ രംഗം ഓർമ്മിപ്പി ക്കും വിധം പുഴ കാണുന്നത് എനിക്കെന്തൊ രുത്സവമാണെന്ന്. അവന്റെ പുറത്തിരുന്ന് നല്ല ധൈര്യത്തിൽ ഞാനൊന്നു മയങ്ങിപ്പോ യാൽക്കൂടി, അമ്മാതിരി പ്രസന്നമായ ഓരോ കാഴ്ചകൾക്കു നേർക്ക് എന്റെ കണ്ണുകൾ എപ്പോഴും തുറക്കാറുണ്ട്.

പ്ലാത്തനോട് ഒരു കുട്ടിയോടെന്ന പോലെയാണ് ഞാൻ പെരുമാറുക. വഴി ക്ലേശമുള്ളതാവുകയും എന്റെ ഭാരം അവന് അധികമാണെന്ന് തോന്നുകയും ചെയ്താൽ, അവന്റെ ചുമട് കുറയ്ക്കാൻ ഞാൻ താഴെയിറ ങ്ങും. അവന് ഞാനുമ്മ കൊടുക്കും, കളി യാക്കും, ദേഷ്യംപിടിപ്പിക്കും; ഞാനവനെ സ്നേഹിക്കുന്നുവെന്ന് അവന് അസ്സലായ റിയാം, എന്നോടവന് ഈർഷ്യയേയില്ല. അവനെന്നെപ്പോലെ തന്നെയാണ്, എന്റെ സ്വപ്നങ്ങൾ തന്നെ അവനും കാണുന്നുവെന്ന് ഞാൻ വിചാരിച്ചുപോകുന്നു.

അനുരാഗിണിയായ ഇളം പെൺകൊടി യെപ്പോലെ പ്ലാത്തൻ അവനെത്തന്നെ എനിക്ക് സമർപ്പിച്ചിരിക്കയാണ്. ഒരു കാര്യത്തിനും അവൻ പ്രതിഷേധിക്കുക യില്ല. ഞാനാണ് അവന്റെ ആനന്ദമെന്ന് എനിക്കറിയാം. അവൻ ആളുകളുടെയും മറ്റ് കഴുതകളുടെയും അടുത്തു നിന്നുപോലുംഓടി യകലുന്നു.

### കിണർ


കിണർ! എന്തൊരാഴമുള്ള വാക്ക്, പ്ലാത്താ, എന്തൊരിരുൾപ്പച്ച, എന്തൊരു നറുമ, എന്തൊരു മുഴക്കം! തണുത്ത വെള്ളം കാണുവോളം ഇരുണ്ട മണ്ണിൽ തിരിഞ്ഞുതുരന്ന് പോയത് ആ വാക്കുതന്നെയാണെ ന്നു തോന്നും.

കണ്ടോ: കിണറിന്റെ വക്കുകല്ലിന് ഈ അത്തിമരം ഒരേസമയം അല ങ്കാരവും അപകടവും ആവുന്നത്. ഉള്ളിൽ, കൈയെത്തുന്നിടത്ത്, പാ യൽപിടിച്ച ഇഷ്ടികകൾക്കിടയിൽ ത്രുക്ഷഗന്ധിയായ ഒരു നീലപ്പൂവ് വിടർന്നിരിക്കുന്നു. അൽപം കൂടി താഴെ ഒരു കുരുവി കൂടുവച്ചിരിക്കുന്നു. പിന്നെ, കട്ടപിടിച്ച നിഴൽപ്പൂമുഖ ത്തിനു പിറകിൽ മരതകമാളികയും, ഒരു കല്ലെങ്ങാൻ തന്റെ സ്വച്ഛതയ്ക്ക് ഭംഗം വരുത്തിയാൽ കോപം കൊണ്ട് മുരളുന്ന ജലാശയവും. ഒടുവിൽ, ആകാശവും.

(രാത്രി കടന്നുവരുന്നു, ചന്ദ്രൻ, ചഞ്ചലനക്ഷത്ര ങ്ങളാൽ അലംകൃതനായി പിന്നണിയിലാളുന്നു. നിശ്ശബ്ദത! ഈ വഴികളിലൂ ടെ ജീവിതം വിദൂരത്തേയ്ക്ക് പൊയ്ക്കഴിഞ്ഞിരിക്കുന്നു. കിണറ്റിലൂടെ ആത്മാവ് ആഴങ്ങളിലേക്ക് ഉൗഴുക യാണ്. അതിനുള്ളിൽ കാണാം, മൂവന്തിയുടെ മറുപുറം. സകലലോകരഹ സ്യങ്ങളുടെയും അധിപനായ രാത്രിയുടെ രാക്ഷസൻ അതിന്റെ വായ വിട്ടിറങ്ങിവ രാൻ ഭാവിക്കുന്നതുപോലെ. ഹാ, പ്രശാന്തവും മാസ്മരിക വുമായ രാവണൻ കോട്ട, നി ഴലണിഞ്ഞ സുഗന്ധിയായ പൂങ്കാവനം, മായികമായ ഈ കാന്തികക്കൊത്തളം!)

പ്ലാത്താ, ഞാൻ ഒരു ദിവസം ഈ കിണറ്റിൽ ചാടിയെന്നാൽ, അത് സ്വയം ഹത്യയായിരിക്കില്ല പിന്നെയോ, വിശ്വസിക്കൂ, നക്ഷത്രങ്ങളെ കൂടുതൽ വേഗത്തിൽ വാരിയെടുക്കാ നായിരിക്കും അത്.

പ്ലാത്തൻ ദാഹിച്ചും വ്യഗ്രതപ്പെട്ടും കരയുകയാ ണ്. കിണറ്റിൽ നിന്നൊരു കുരുവി ഉയർന്നു വരുന്നു, പേടിച്ച്, ഒച്ചയില്ലാതെ, പിടഞ്ഞ് പറന്ന്. •



കെ ആർ മീര

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ആദ്യ കവിതാ സമാഹാരമായ 18 കവിതകൾ പുറത്തിറങ്ങിയിട്ട് 2021 ൽ 40 കൊല്ലങ്ങൾ തികഞ്ഞിരിക്കുന്നു. കേരള കവിതയിൽ ഒരു പുതിയ അനുഭവത്തിന്റെ കിടിലമാണ് ആ കവിതകൾ ഉണ്ടാക്കിയത്. വ്യഥിത കൗമാരത്തിന്റെയും ക്ഷുഭിത യൗവനത്തിന്റെയും വികാരങ്ങൾ പങ്കുവച്ച ആ കവിതകളെക്കുറിച്ച് ദില്ലിദാലി പോഡ്കാസ്റ്റിൽ എസ് ഗോപാലകൃഷ്ണനും കെ ആർ മീരയും നടത്തിയ സംഭാഷണത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.



# 18 കനലുകൾ കനവുകൾ

'ഇടനാഴിയുടെ തണുത്ത നിലത്ത് വാർന്നുപോയ ചോരപോലെ കവിതകൾ കറുത്തുറഞ്ഞു കിടക്കുന്നു' എന്ന് തുടങ്ങുന്ന ഇടനാഴിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട് 1980 ഡിസംബറിൽ പ്രസിദ്ധീകരിച്ച 18 കവിതകൾ എന്ന ആദ്യ പുസ്തകത്തിലെ ആദ്യ കവിത. വായിക്കുന്നതൊക്കെ അസ്ഥിയിൽ പിടിച്ചിരുന്ന ഒരു കാലത്താണ് ഞാൻ ഇത് വായിക്കുന്നത്. ഇടനാഴി എന്റെ ജീവിതത്തിന്റെ രൂപകമാണ് എന്ന് അന്ന് അനുഭവപ്പെട്ടു. ഒരു മരണഗാനത്തിന്റെ തളർന്ന കാലൊച്ച ഗോവണി കയറി വരുന്നതും, ഇടനാഴിയിൽ ഇരുട്ടും ദുഃഖവും നിറയുന്നതും എന്റെ 17-ാം വയസ്സിൽ ഞാൻ നേരായും അനുഭവിച്ചു. മുറിഞ്ഞു നീറുന്ന ഹൃദയമുള്ള സ്വനഗ്രാഹിയും ഹേമന്തത്തിന്റെ അനാഥമായ ജഡം ഒഴുകിപോകുന്ന വയലിന്റെ വ്യഥിത ശ്രുതിയായ നീലനദിയും ബലാത്സംഗം ചെയ്യപ്പെടുന്ന കുരുന്നു നിലാവും മരണത്തിൽ ഒരു കൺപോള എന്നതുപോലെ എന്നന്നേക്കുമായി അടയുന്ന സ്വന്തം വാതിലും എന്നെ അന്ന് പിടിച്ചുലച്ചു. ശീതളവും സുരക്ഷിതവുമായൊരു കോട്ടയിൽ ആ വരികൾ വലിയ ഒരു വിള്ളലാണുണ്ടാക്കിയത്, അതിലെ രണ്ടാമത്തെ കവിത "മാപ്പുസാക്ഷി - ഒരു രാഷ്ട്രീയ തടവുകാരൻ" എന്നതിലെ ആദ്യവരി "ജോസഫ് ഒരു ഓർമ്മതൻ ക്രൂരമാം സൗഹൃദം" എന്നായിരുന്നു. സൗഹൃദത്തിന്റെ ഓർമ്മ എന്നായിരുന്നില്ലേ വേണ്ടത് എന്ന് ഞാൻ കുറേ തല പുകച്ചിട്ടുണ്ട്. കുറയെ ചിന്തിച്ചിട്ടാണ് ഓർമ്മതൻ ക്രൂരമാം സൗഹൃദം എന്ന വരിയുടെ സ്വാരസ്യം വെളിപ്പെട്ടത്, അതുപോലെ ഓരോ വാക്കിനും കവി ഉദ്ദേശിക്കുന്ന അർത്ഥം തിരഞ്ഞ് ചില്ലറയല്ല പണിപ്പെട്ടിരുന്നത്. ആത്മഹത്യയ്ക്കും കൊലയ്ക്കും ഇടയിലൂടെ ആർത്തനാദം പോലെ പായുന്ന ജീവിതം എന്നത് ആ കവിതയിലുള്ളതാണ്. അതിന്റെ പ്രചാരത്താലും പ്രയോഗത്താലും മലയാളഭാഷയുടെ ഒരു ശൈലി (idiom) ആയി മാറിക്കഴിഞ്ഞിരുന്നു.

ആ കവിത എന്നെ മോഹിപ്പിച്ചത് കവിയുടെ ആൺ ജീവിതത്തിനുമാത്രം പ്രവേശനമുള്ള അനേകം ലോകങ്ങളിലേക്കുള്ള എത്തിനോട്ടത്തിലൂടെയാണ്, ആണിനുമാത്രം പ്രവേശനമുള്ള സൗഹൃദത്തിന്റെ വേശ്യാലയങ്ങളും ആണിനുമാത്രം കാണാൻ അവസരം കിട്ടുന്ന ലോറിക്കകപ്പെട്ടരഞ്ഞ, കുഞ്ഞുങ്ങൾ വന്ന് ഊതിക്കെടുത്തുന്ന പാദവിളക്കുകളും അവനുമാത്രം അവസരമുള്ള മന്ത്രങ്ങളും പരേതാത്മാക്കളും നിറഞ്ഞ അന്ധകാരത്തിന്റെ തീവ

ണ്ടിയാത്രകളും അവനുമാത്രം അനുഭവിക്കാൻ അനുവാദമുള്ള നാടികൾ ഊരി ഇഴഞ്ഞ് തെരുവിലേക്ക് ഓടുന്നതരം ഭീകര സംഗീത പീഠയുണ്ടാക്കുന്ന മരണ മകുടികളും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്, അസൂയപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ആ കവിതകളോട് താദാത്മ്യപ്പെടാൻ എനിക്ക് എളുപ്പമായിരുന്ന കാരണം ജീവിച്ചിരുന്ന ലോകങ്ങൾ രണ്ടായിരുന്നെങ്കിലും അനുഭവങ്ങൾ രണ്ടായിരുന്നെങ്കിലും വേദനയും ആരോ വരാനായി തുറന്നുവെയ്ക്കാറുണ്ട് വാതിൽ വരുകില്ലൊരിക്കലും, എന്ന നിരാശയും, എനിക്ക് വയ്യാ, എനിക്ക് വയ്യാ എന്ന ദയനീയതയും മണ്ണും അടുപ്പും മഴയും മരണവും തിന്ന് കാലംപോലെ വളരുന്ന ക്രോധവും എന്റേതുകൂടിയായിരുന്നു. ആ കവിതകൾ വായിച്ച് വേദനതൻ കാലമേഘത്തിലെത്തി ഭൂമിപൊള്ളിക്കുന്ന കൊള്ളിയാൻ മിന്നലാകാൻ ഞാൻ ആഗ്രഹിച്ചുപോയിട്ടുണ്ട്. യാത്രാമൊഴി എന്ന കവിതയിലെ

"തെളിയുന്നതില്ല നിറമിഴിയിലൊരു വഴിയും,
ഒഴിയുന്നതില്ലിഴഞ്ഞീ രാഹുകാലം,
പാപശാപങ്ങൾ കട്ടംമഞ്ഞൾക്കളം
വരച്ചാടിയിരുളാണ്ടൊരെൻ കർമ്മപഥങ്ങളിൽ,
താലം പൊയിക്ക മൃതിനാദങ്ങളേ,
തികൾ നീളെത്തെളിക്ക ശിവഭൂതങ്ങളേ"

എന്ന വരികൾ ഹൃദയത്തെ ഇളക്കിമറിച്ചിരുന്നു. ഒരു കൗമാരക്കാരന് തച്ചുതകർത്ത് പുതിയതൊന്ന് പണിയാനുള്ള ആഗ്രഹവും മനുഷ്യന്റെ കൈകൾ, ഖനി എന്നീ കവിതകളിൽ ഞാൻ കണ്ടിരുന്നു. ഇന്ന് കവി ഛേദിക്കപ്പെട്ട ഒരു ശിരസ്സാണ്.

"എന്നിലും ശക്തൻ എനിക്കു പിൻപേ വരുന്നു, ഉരുക്ക്,

മൂർച്ചയേറിയ സ്നേഹത്താൽ അവനിലേക്ക് കൈനീട്ടും, സഖാവേ,"

എന്നൊക്കെയുള്ള വരികൾ അതിന് ഏറ്റവും നല്ല ഉദാഹരണങ്ങളായിരുന്നു. ആ കവിതകളിലെ ഒരു പ്രത്യേകത അവ അന്നത്തെ കഥയാണ് പാടിയത് എന്നതാണ്. പക്ഷേ, പരീക്ഷ എന്ന കവിത അങ്ങനെയായിരുന്നില്ല.

"അപ്പപ്പോൾ പറയുന്ന വേതാളവും

അംഗപ്പുറപ്പാട് നാളെയാണ് അരിശം മുതിർന്ന പിതൃക്കളെല്ലാം

നരിയായും പുലിയായും മലയിറങ്ങും"

എന്നു തുടങ്ങുന്ന പരീക്ഷ ഇന്നലെ വായിച്ചപ്പോൾ എനിക്ക് തോന്നി ഇത് ഇന്നത്തെ ഇന്ത്യയുടെ കഥയാണല്ലോ എന്ന് വേതാളമായി ജാതിയേയും ഫാസിസത്തെയും മതത്തെയുമൊക്കെ കണക്കാക്കാവുന്നതേയുള്ളൂ എന്ന്,

"പൊട്ടിത്തെറിച്ച ശിരസ്സുമായി
വൃദ്ധവേതാളത്തെ തോളിലേറ്റി
മുണ്ഡനം ചെയ്ത് തെരുവുതോറും
തെണ്ടി തിരിയുന്ന ഞാൻ ഇന്നും" എന്നും.

വിശുദ്ധ സന്ധ്യ എന്ന കവിതയിൽ "കുഞ്ഞുങ്ങൾക്ക് അറിഞ്ഞുകൂടാ ആക്രമിക്കപ്പെട്ട പിതാക്കന്മാരെക്കുറിച്ച്

അമ്മമാരുടെയും നദികളുടെയും ആഴങ്ങളെക്കുറിച്ച്
പോരാട്ടങ്ങളുടെയും പർവ്വതങ്ങളുടെയും ആഴങ്ങളെക്കുറിച്ച്
പോരാട്ടങ്ങളുടെയും പർവ്വതങ്ങളുടെയും ഉയരങ്ങളെക്കുറിച്ച്,
വരാനിരിക്കുന്ന വിപത്തുകളെക്കുറിച്ച്"

എന്നും ഈ 50-ാം വയസ്സിൽ വായിക്കുമ്പോഴും മൂന്ന് പതിറ്റാണ്ടിനു മുൻപ് വായിച്ചപ്പോഴുള്ള അതേ

**എഴുത്തുകാരിയാകാൻ ആഗ്രഹിച്ചിരുന്ന ഒരു പെൺകുട്ടിക്ക് ആ കവിതകൾ പുതിയ ഒരു ലോകം തുറന്നു തന്നു. അത് അശാന്തിയുടെ ലോകമായിരുന്നു. അതേ സമയത്ത് അത് സ്വാതന്ത്ര്യവാഞ്ഛയുടെയും പ്രതിരോധത്തിന്റെയും ലോകമായിരുന്നു. അന്ന് വിഷാദത്തിന്റെയും നിരാശയുടെയും ഒക്കെ നടുക്കടലായിരുന്നു ഞാൻ, കുടുംബചിത്രവും ഭാവിയെക്കുറിച്ചുള്ള അനിശ്ചിതാവസ്ഥയും മിഡിൽ ക്ലാസ് ദുരഭിമാനങ്ങളുടെ വ്യഥിതശ്രുതികളും ഒക്കെ ഉണ്ടായിരുന്നു. ആ പ്രായത്തിൽ എന്നെ പോലെ ഒരുവൾക്ക് അന്യമായിരുന്ന ആൺ ലോകമായിരുന്നു ചുള്ളിക്കാടിന്റെ 18 കവിതകൾ സമ്മാനിച്ചത് എന്നത് സത്യമാണ്**

വിഹ്വലതകൾ ഉണർത്താൻ ഈ വരികൾക്ക് കഴിയുന്നു എന്നതിലാണ് കവിതയുടെയും കവിയുടെയും ജയം എന്ന് ഞാൻ കരുതുന്നു.

"അഭയാ കേസിന്റെ വിധി വരുന്നതിനു തലേന്ന്
സാത്താൻ പുരോഹിത വസ്ത്രം ധരിക്കുന്നു,
പാപവിശുദ്ധിയിൽ പ്രാണൻ പുകയുന്നു, വരിക നീ
ശവമുറിയിൽ നിന്ന് എന്നെ വിളിച്ചുണർത്തുവാൻ"


എന്നൊക്കെ വായിക്കുമ്പോൾ തോന്നുന്ന വികാരത്തെ കുറിക്കുവാൻ മലയാള ഭാഷയിൽ ഒരു പദമുണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂടാ.

"നമ്മുടെ സമാധാനം അർത്ഥ നഗ്നമായ
ഒരു ശരീരത്തിൽ പാഞ്ഞുകയറിയ
മൂന്നുവെടിയുണ്ടകളുടെ രാമ-നാമ-ജപമാണ്,
അത് രാജ്യത്തെ രക്ഷിക്കുന്നില്ല"

എന്ന വരികൾ 1978 ൽ എഴുതിയതാണ് എന്ന് ആര് വിശ്വസിക്കും. ഒരുക്കം എന്ന കവിതയും അങ്ങനെ തന്നെ.

"ഇളമുറക്കാരെ മുറയ്ക്ക് ഭൂമിയിൽ
വിളതൊഴുക്കാനും വഴപൊലിക്കാനും
നട്ടുമുറ്റത്തൊരു നരബലി വേണം.
വരിക ഞാൻ കുളിച്ചൊരുങ്ങി നില്ക്കുന്നു"

എന്ന ആ വരികൾ 2020 ലും പ്രസക്തമാകുന്നുണ്ട് എന്നതാണ് സത്യം. തേർവാഴ്ച എന്ന വരികളും അപ്രകാരം തന്നെ ആ കവിതയും 1978 ൽ എഴുതിയതാണ്. അക്കാലത്ത് എനിക്കീ കവിതകളോട് ആഭിമുഖ്യം തോന്നാനുള്ള കാരണങ്ങളിലൊന്ന് ചുള്ളിക്കാട് തന്റെ കവിതകളിലൂടെ നിരന്തരം പിതൃബിംബത്തെ ചോദ്യം ചെയ്തു എന്നതാവാം. ആ 17-ാം വയസ്സിൽ പിതൃമേധാവിത്വം എന്ന വാക്ക് അറിയുമായിരുന്നില്ല എങ്കിലും അതിന്റെ അനുഭവം എനിക്ക് അറിയാമായിരുന്നു. കുടുംബ വ്യവ



സ്ഥിതിയുടെ ചട്ടക്കൂടിൽ മനുഷ്യന്റെ മൗലികമായ അവകാശങ്ങളെ ബലികഴിപ്പിക്കപ്പെടുന്നു എന്ന് ഒരു ബോദ്ധ്യമുണ്ടായിരുന്നു. അധീശത്തത്തോടും പിതൃമേധാവിത്വത്തോടുമുള്ള പ്രതിരോധങ്ങളായിരുന്നു ഈ കവിതകൾ ഞാൻ ഉൾപ്പെടെയുള്ള വായനക്കാരിൽ പലർക്കും സ്വന്തമായി തോന്നാൻ ഇടയാക്കി എന്നതായിരിക്കും ശരി. അന്നും ഇന്നും ബലിപോലെയുള്ള കവിതകൾ വായിക്കുമ്പോൾ അസൂയ തോന്നുന്നത് ഈ കവിക്ക് ആ പ്രായത്തിലും പദസ്വാധീനത്തിലും ഛന്ദസ്സിലും പദവിന്യാസത്തിലും ഒക്കെ ഉണ്ടായിരുന്ന മഹാസിദ്ധിയോടാണ്. അത് എനിക്ക് ചിലപ്പോൾ ചില സാഹിത്യമോഹങ്ങളൊക്കെ ഉണ്ടായിരുന്ന ഒരു കാലമായതുകൊണ്ട് പ്രത്യേകിച്ചും. പാബ്ലോ നെരൂദയ്ക്ക് ഒരു സ്തുതിഗീതം എന്ന കവിതയിലെ വരികളുടെ മാരകമായ പടയോട്ടങ്ങളിൽ യുദ്ധം ചെയ്യുന്ന ജനങ്ങളുടെ സ്വപ്നം മുഴങ്ങുന്നു. പുസ്തകത്തിലെ 15-ാമത്തെ കവിതയായ ദുഃഖ വെള്ളിയാഴ്ചയിൽ "മറിയമേ... നീയെന്റെ മുറിവായി മാറുന്നു." ഹംസഗാനം എന്ന കവിതയിൽ "അതിനാൽ തോഴാ ഞാൻ ഈ കവിത കുറിക്കുമ്പോൾ, മറുകൈകൊണ്ടെൻ മാറിൽ കഠാരയിറക്കുന്നു" എന്നതരം വരികൾ ഒക്കെ എവിടുന്ന് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് ഓർത്ത് ഞാൻ ഒരുപാട് തലപുകച്ചിരുന്നു, ആ വരികളൊക്കെ ഞാൻ എഴുതേണ്ടതായിരുന്നു എന്ന് നിരാശപ്പെട്ടിരുന്നു. അതൊക്കെ നേരിട്ട് ഹൃദയത്തോട് സംവദിച്ചത് അവ കവി വിശ്വസിച്ച് അനുഭവിച്ച് എഴുതിയ വരികളായിരുന്നതുകൊണ്ടാണ്. ഉരുകിയെഴുതിയ വരികളാണവ, ഹൃദയം ഉരുകിയെഴുതുമ്പോൾ അത് കാലാതീതമാകുന്നു എന്നതിന്റെ ഉദാഹരണമാണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 18 കവിതകൾ. ഇന്ന് വായിക്കുമ്പോൾ എന്നെ പേടിപ്പിക്കുന്നത് ആ പുസ്തകത്തിലെ വെളിപാട് എന്ന കവിതയാണ്.

"ഒരു ദിവസം സ്വന്തം ജനത ഗായകനിൽ ഗർജ്ജിക്കും
ലഹരിപിടിപ്പിക്കുന്ന ഈരടികൾ ഞങ്ങൾക്ക് വേണ്ട,
ചോര കുടിപ്പിക്കുന്ന ഈരടികൾ ഞങ്ങൾക്ക് തരൂ
അപ്പോൾ അവൻ തോറ്റം പാട്ടുകൾ നിർത്തി,
മാറ്റം പാട്ടുകൾ പാടും, കരയുന്ന വാക്കുകൾക്ക് പകരം
കത്തുന്ന വാക്കുകൾ വായിക്കും,"

ഈ വരികൾ സത്യമായി ഭവിക്കുന്നു എന്നതുകൊണ്ടാണ് അവയെന്നെ പേടിപ്പിക്കുന്നത്. അന്ന് കണ്ടെത്തിയിരുന്നതിൽ കൂടുതൽ ആശയം വെറും കൗമാരക്കാരനായിരുന്ന ഒരു കവി കുറിച്ചിട്ട വാക്കുകളിൽ ഇന്ന് കണ്ടെത്താൻ സാധിക്കുന്നു എന്നതാണ് അത്ഭുതകരം. അത് സർഗ്ഗസിദ്ധിയുടെ ഉദാത്തമായ അവസ്ഥയിൽ സംഭവിക്കുന്നതാണ് എന്ന് തോന്നുന്നു. ഏതായാലും ഈ കവിതകളിൽ കാണുന്ന ഒരു ആശയം വളരെ പ്രവചനാത്മകമായിരുന്നു എന്ന് പറയാതെ വയ്യ.

എഴുത്തുകാരിയാകാൻ ആഗ്രഹിച്ചിരുന്ന ഒരു പെൺകുട്ടിക്ക് ആ കവിതകൾ പുതിയ ഒരു ലോകം തുറന്നു തന്നു. അത് അശാന്തിയുടെ ലോകമായിരുന്നു. അതേ സമയത്ത് അത് സ്വാതന്ത്ര്യവാഞ്ചയുടെയും പ്രതിരോധത്തിന്റെയും ലോകമായിരുന്നു. അന്ന് വിഷാദത്തിന്റെയും നിരാശയുടെയും ഒക്കെ നടുക്കടലായിരുന്നു ഞാൻ, കുടുംബചിത്രവും ഭാവിയെക്കുറിച്ചുള്ള അനിശ്ചിതാവസ്ഥയും മിഡിൽ ക്ലാസ് ദുരഭിമാനങ്ങളുടെ വ്യഥിതശ്രുതികളും ഒക്കെ ഉണ്ടായിരുന്നു. ആ പ്രായത്തിൽ എന്നെ പോലെ ഒരുവൾക്ക് അന്യമായിരുന്ന ആൺ ലോകമായിരുന്നു ചുള്ളിക്കാടിന്റെ 18 കവിതകൾ സമ്മാനിച്ചത് എന്നത് സത്യമാണ്. പക്ഷേ ഒരു കാര്യം പറയാതെ വയ്യ ആ ആൺ ലോകത്തിന് ഒരു ദൈന്യതയുണ്ടായിരുന്നു, ആണിന്റെ മുറിവുകളുടെ ഒരു വലിയ ചരിത്രപുസ്തകമായിരുന്നു ആ കവിതകൾ. ആ കവിതകളിൽ തെളിഞ്ഞ ആൺലോകം അധീശത്വം ആസ്വദിക്കുന്ന ആണിന്റേ തായിരുന്നില്ല, മറിച്ച് പെണ്ണിനെപോലെ തന്നെ അടിച്ചമർത്തപ്പെടുന്ന ആണിന്റെ നിലവിളികളായിരുന്നു. അതായത് toxic masculinity രതിയായും പ്രണയമായും കവിതകളിൽ കാണുന്നില്ല. അതൊരുപക്ഷേ, അതിലേക്ക് ജ്ഞാനസ്നാനം ചെയ്യപ്പെടാത്ത ഒരു കൗമാരക്കാരന്റെ രചനകളായിരുന്നു എന്നതുകൊണ്ടാവാം ഏതായാലും ആ കവിതകൾ പുതിയ ഒരു പ്രപഞ്ചത്തെ സൃഷ്ടിച്ചു. പുതിയ ഒരു ഭാഷയേയും ഭാവുകത്വത്തേയും യാഥാർത്ഥ്യമാക്കി. എന്നെ സംബന്ധിച്ചിടത്തോളം ഈ കവിതകൾ ആദ്യം കുടിച്ച വീഞ്ഞുപോലെയായിരുന്നു. അതിൽ പിന്നെ അതിലും വീര്യം കുറഞ്ഞ ഒന്നിനും അതേവീര്യം ഉന്മത്തത സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. ●

# കാവ്യഭാവനയുടെ മുദ്രകൾ




₹170




₹90




₹230




₹85




₹120




₹150




₹90




₹120




₹150




₹100




₹100




₹240





₹110




₹100




₹120




₹240

# ചെറുകഥ

## ഏറ്റവും പുതിയ ചെറുകഥാസമാഹാരങ്ങൾ




₹200




₹200




₹240




₹100




₹130




₹75




₹140




₹130




₹110




₹290




₹490




₹100




₹120




₹140




₹100




₹200





വി ഷിനിലാൽ

# ജനാധിപത്യം

ഗ്രന്ഥശാലയുടെ ചെറിയ ഹാളിൽ വൈകുന്നേരങ്ങളിൽ ഒരു കൂട്ടം ചെറുപ്പക്കാർ ഒത്തുകൂടി. ഒരാൾ പ്രസംഗിച്ചു. ജനാധിപത്യത്തെ കുറിച്ച് സംസാരിച്ചു. മനുഷ്യർക്ക് തുല്യപദവി. ഒരേ അവകാശം.

ഓരോ ദിവസവും ആ കൂട്ടത്തിൽ നിന്നും ഓരോരുത്തർ അപ്രത്യക്ഷരായിക്കൊണ്ടിരുന്നു. അക്കാര്യം അറിഞ്ഞുവെങ്കിലും അവർ ഒത്തുകൂടൽ തുടർന്നു.

ഒടുവിൽ അയാളും മറ്റൊരാളും മാത്രമായി. ഒരു ദൃഢകായൻ. അന്നും അയാൾ പ്രസംഗിക്കുകയും മറ്റേയാൾ മൂളിക്കേൾക്കുകയും തലകുലുക്കുകയും ചെയ്തു. പ്രസംഗം കഴിഞ്ഞപ്പോൾ ദൃഢകായൻ അയാളുടെ ചുമലിൽ തൊട്ടു. 'വരൂ പോകാം.' അയാൾ പറഞ്ഞു. സ്പർശം ദൃഢമായിരുന്നു. അയാൾ പിന്നാലെ നടന്നു. ഒരു ജയിലിലാണ് അയാൾ നേതാവിനെ കൊണ്ടുപോയത്. അയാളുടെ പഴയ സഖാക്കൾ എല്ലാവരും അവിടെ ഉണ്ടായിരുന്നു. അപരിചിതരായ ധാരാളം പേരും. നേതാവിന് സന്തോഷം തോന്നി. 'ഞാനായിരുന്നു അവസാനത്തെ ആൾ.' നേതാവ് സഖാക്കളോട് പറഞ്ഞു.

എന്നാൽ പിറ്റേന്നും അതിന്റെ പിറ്റേന്നും ജയിലിലേക്ക് പുള്ളികൾ വന്നുകൊണ്ടിരുന്നു. 'അപ്പോൾ അവസാനത്തെ ആൾ ഞാനായിരുന്നില്ല.'

അയാൾ ജയിലിലും പ്രസംഗം തുടർന്നു. അയാളെ കേൾക്കാൻ ജയിൽപ്പുള്ളികൾ ഒത്തുകൂടി. 'എവിടെ നിന്നെല്ലാമോ ആളുകൾ വന്നുകൊണ്ടിരിക്കുന്നു. ഒരിക്കൽ പുറത്തുള്ളവരേക്കാൾ അധികം മനുഷ്യർ ഈ ജയിലുകൾക്കുള്ളിൽ നിറയും. ജയിലുകൾക്ക് അവരെ താങ്ങാനാവാതെയാവും. ഭൂരിപക്ഷം നമുക്കാവും. അങ്ങനെയും ജനാധിപത്യം വരും.' ●

# മാറുന്ന കാലം മാറുന്ന വായന

## ചെറുകഥയുടെ സൂക്ഷ്മാഖ്യാനങ്ങൾ




₹120




₹100




₹100





₹210




₹150

# മലയാളത്തിലെ അത്യപൂർവ്വ കഥകളുടെ സമാഹാരങ്ങൾ




₹690




₹690



*Image on pithos sherd*



# ചാത്തൻ കിളങ്ക്

**പി കെ സുധി**

അഗസ്ത്യമലനിരകളിലെ ആരോഗ്യപ്പച്ചയും അതിൽ നിന്നുണ്ടാക്കിയ ജീവനിക്ക് പാന്റ്റ് ലഭിച്ചതുമായിരുന്നു ആപ്പീസിലെ അക്കാലത്തെ ചർച്ചാവിഷയം. ജീവനി സ്റ്റിറോയിടില്ലാത്ത പ്രകൃതിജന്യമായ സ്റ്റാമിനാ ബൂസ്റ്ററാണ്. ചൈനീസ് മെഡിസിനായ ജിൻസാങിനേക്കാൾ കേമം. ഓജസ്സ് കൂട്ടാൻ ഉത്തമം. പത്രങ്ങൾ വാർത്തയെഴുതി ആരോഗ്യപ്പച്ചയെ വല്ലാതെ പൊലിപ്പിച്ചു. പെട്ടെന്നതൊരു മോഹമരുന്നായി മാറി.

യൂണിവേഴ്റ്റിയിൽ വച്ച് ക്യാന്റീനിലും പുളിഞ്ചുവട്ടിലും അസംബ്ലിഹാളിലും എങ്ങോട്ട് തിരിഞ്ഞാലും എല്ലാപേർക്കും ഈശ്വരനിൽ നിന്നറിയേണ്ടിരുന്നത് ജീവനിയെ കുറിച്ചായിരുന്നു. കൊടുങ്കാട്ടിനുള്ളിൽ ജീവിച്ചിരുന്ന അവനിതൊക്കെ കൈയിലിട്ടു കളിക്കുന്ന ഒരാൾ എന്നായിരുന്നു അവരുടെയെല്ലാം വിശ്വാസം.

ചാറ്റ്, ആവിക്കുളി, ആദിവാസി മരുന്നുകൾ, തുമ്പിയാന, അഗസ്ത്യകൂടം, കൊടുമുടിയിലെ ഒസ്പ്രേറ്ററി എന്നിവയ്ക്കൊപ്പം മറ്റൊരു ആവാസിപ്പെരുമായി ചാത്തൻകിഴങ്ങ് വേഗത്തിൽ മാറി. കൊക്കര ഉരച്ച് ചാറ്റിപ്പാടി പരലോകത്തിൽ നിന്നും ചാവുകളെ വീണ്ടും വരുത്താൻ ശേഷിയുള്ള ആദിമജനതയാണ് കാണിവംശക്കാർ. അവനെ കാണെ നേരിട്ടും അല്ലാതെയും മറ്റുള്ളവർ പിറുപിറുത്തു.

"നെന്നെ രജിസ്ട്രാറ് സാറ് വിളിച്ചാരുന്നു." അവൻ ജോലിക്ക് കയറിയിട്ട് അധികകാലമായിട്ടില്ല. ആദ്യമായിട്ട് അവനൊരു പുസ്തകം വായിക്കുന്ന നേരമായിരുന്നു അത്. സെക്ഷൻ ഓഫീസറുടെ കൈയിൽ നിന്നെടുത്ത കോഴിവളർത്തൽ വായിക്കാൻ തുറന്നുവച്ച ഒരുച്ചനേരത്ത് ഈശ്വരനെ രജിസ്ട്രാർ അദ്ദേഹത്തിന്റെ ഓഫീസിലേയ്ക്ക് വിളിപ്പിച്ചു.

"പൊയ്ക്കോ." പി.എ.യുടെ മുന്നിൽ താളംചവിട്ടി നിന്ന അവനെ വടിമാതിരി തേയ്ച്ച കാൽമുട്ടു മുട്ടുന്ന ഷർട്ടും മുണ്ടുമിട്ട പി.എ. ഉൾമുറിയിലെ രജിസ്ട്രാറുടെ അടുക്ക് കടത്തിവിട്ടു.

കുടവയർ മേശപ്പുറത്ത് താങ്ങിവച്ചിരിക്കുന്ന രീതിയിൽ കസേരയിൽ ചാരിയിരിക്കുന്ന രജിസ്ട്രാർ സാറിന്റെ മുന്നിൽ ഈശ്വരനെത്തി.

എന്തു പണ്ടാരമാണ്? ഒരല്പം വിറയലോടെ അവൻ നിന്നു. വലിയ മെമ്മോ വല്ലതും തരാനാണോ? അവന് നാട്ടുവാസികളായ ഏതാണ്ടെല്ലാ ആളുകളെയും ഭയമായിരുന്നു. അവർ പറയുന്നതും പെരുമാറുന്നതും അവന് പലപ്പോഴും മനസ്സിലാകാതെ പോയിരുന്നു.

ദുർമേദസ്സു തൂങ്ങിയ താടി ഇളക്കിക്കൊണ്ട് അയാൾ ജീവനിയെ കുറിച്ചും ആരോഗ്യപ്പച്ചയെ കുറിച്ചും ഏറെ താല്പര്യത്തോടെ ഈശ്വരനോടു തിരക്കി.

"കാട്ടിലിരുന്ത അന്ത മരുന്തുകൾ, അതെല്ലാർക്കും വെട്ടപ്പെടാത് സാർ."അവൻ തുടങ്ങി.

"നടത്തുപോവം വഴിയിൽ നമ്മ കാലടിച്ചോട്ടിൽ മരുന്തിരിക്ക്. നമക്ക് അതു തിരിയാത്. അതു വെട്ടപ്പെട്ടാലും കണ്ണീ വരാത്. ഇല്ലാ മരുന്തും തേടി കാട്ടുക്കുള്ളിൽ വെറുതെ നടക്കാം. ഇരുമ്പെ സൊർണ്ണമാക്കും നീലക്കൊടുവേലീം കാട്ടുക്കുള്ളെ ഇരിപ്പ്. പക്ഷേ വെട്ടപ്പെട്ടുവത് സൗഭാഗ്യം സാർ." രജിസ്ട്രാർക്ക് ഒന്നും മനസ്സിലായില്ല. അയാൾ ഈശ്വരനെ നോക്കി.

താനിവിടെ ഭാഷ മാറ്റിപ്പിടിച്ചില്ലെങ്കിൽ കുഴപ്പമാകും. ഈശ്വരൻ ഉറ

പ്പിച്ചു. തനതു താളത്തിൽ അഗസ്ത്യമലയിലെ പെരുമകളിലേയ്ക്ക് കടന്നു. അധികാരത്തിന്റെ ഈ മുറിയിൽ തനിക്ക് രക്ഷ അഗസ്ത്യമലയിലെ കാണിമൂത്തന്മാർ പണ്ടുപയോഗിച്ചിരുന്ന മലമ്പാഷയാണ്.

അവൻ പത്രങ്ങൾ വായിച്ചിരുന്നില്ല. പെരിങ്ങമ്മലയിലെ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിൽ ആരോഗ്യപ്പച്ചയിൽ നടന്ന ഗവേഷണത്തെ കുറിച്ച് ഈശ്വരന് ഒരു വിവരവുമില്ലായിരുന്നു. ചോനാംപാറ സെറ്റിൽമെന്റിലെ മൂട്ടുകാണി കുട്ടിമാത്തൻ കാണിയിലൂടെ ആരോഗ്യപ്പച്ചയുടെ പെരുമ പുറത്തായ വിവരം അവനറിഞ്ഞില്ല.

'ചാത്തൻ കെളങ്ക് തിന്ന മലയി കയറിയാ കാണിക്കാരെ വെശപ്പും താഹവും നമ്മളെ അഗസ്ത്യാര് മുനി വെലക്കും.' ആ കേട്ടുകേൾവിക്കപ്പുറത്ത് മറ്റൊന്നും ഈശ്വരൻ മനസ്സിലാക്കിയിരുന്നില്ല. ചുരുക്കത്തിൽ അതിനെ കുറിച്ച് ഒരു ചുക്കുംചുണ്ണാമ്പും രജിസ്ട്രാറു മുന്നിൽ നിന്ന നേരത്ത് അവനു അറിയുമായിരുന്നില്ല.

ഈശ്വരൻകാണി വിട്ടില്ല.

അവൻ വാചാലനായത് കാട്ടിൽ കുമിൾ വെട്ടപ്പെടുന്നതിനെ കുറിച്ചാണ്. അതു മലയിലെ അടവാണ്. ഇല്ലാത്തതിനെ കുറിച്ച്, കേൾവിക്കാരനു താല്പര്യമില്ലാത്ത കാര്യങ്ങളെ കുറിച്ച് വാചാലരാകുക. അന്വേത്ത് വേണ്ടതിനുത്തരം ലഭിക്കാതെ മടുത്ത് അന്വേഷകർ മടങ്ങിക്കോളും. അവൻ അടവു തുടർന്നു.

"തറയി പൊടിക്കണ പെരുങ്കുമിൾ. ആത്യം അതൊന്നിനെ മാത്തറമേ നമക്ക് കാണാൻ പറ്റുവൊള്ളൂ. എത്തറ നോക്കിയാലും വേറൊന്നില്ല. വിടാതെ നിക്കണം. കൊറച്ചു മാറി നന്നായി തറയിൽ തപ്പിയാ, ഒരെട്ടണ്ണം വെട്ടപ്പെടും. എട്ടാണ്. അതുക്കുമപ്പുറത്ത് ചെന്നാ പന്ത്രുണ്ട്. പിന്നെയും നോക്കിപ്പോനാൽ വെള്ള നെറത്തിലെ കുമിൾ കൂട്ടങ്കൂട്ടമായി. അതുവരേം നമ്മള് ചെമിച്ചണം. അതൊരു കടല് മാതിരി."

ഈ കുമിളിനെ കുറിച്ചുള്ള ലാത്തിയടി കഴിഞ്ഞാൽ അവൻ ആരോഗ്യപ്പച്ചയെ കുറിച്ച് പറയുമായിരിക്കും. രജിസ്ട്രാറ് കാത്തിരുന്നു. ഇവൻ വഴി അതു കുറെ സംഘടിപ്പിക്കണം. വലിയ ഉദ്യോഗസ്ഥനായപ്പോൾ ആ പഴയ ഓജസ്സും പ്രസരിപ്പുമെല്ലാം പൊയ്പ്പോയി. ഇപ്പഴാണ് അത് വേണ്ടിയിരുന്നത്! ഇതിപ്പം പിള്ളേരെ ഒരു ലോകമാണ്. ഒന്നു വന്നപ്പം മറ്റൊന്ന് കൈവിട്ടതിൽ രജിസ്ട്രാർ ഈയിടെ ഏറെ ഖിന്നനാണ്.

"മരക്കുമിളുക്ക് വെഷമില്ല. എന്നാ. ചാര്, കാഞ്ഞിരം ഇന്ത ജാതി മരത്തിലെ കുമിള് തിന്നക്കൂടാത്. വെഷമാക്കും. ചെലപ്പം ചെത്തുപോവും. ഉറ്റല് കട്ടായം.

അവനൊന്നു പൊട്ടിച്ചിരിക്കാനും ആഞ്ഞു.

പിന്നെ നമ്മയെപ്പഴും കുമിളെടുക്കാൻ പോയാ. ചുണ്ണാമ്പ് വച്ചോണം. അത് വെഷക്കുമിള് തിരിച്ചറിയാനാണ്. കരിയില കുമിള്, കാക്കാണ കാലി കുമിള്. പിന്നെ മുട്ടക്കുമിൾ, ഓടക്കുമിൾ, പെരുങ്കള കുമിൾ, പന്നിക്കുമിൾ, അരിക്കുമിൾ, ഉപ്പുകുമിൾ..."

"സ്റ്റോപ്പ് ഇറ്റ്."അതേറ്റതായി ഈശ്വരനു മനസ്സിലായി. രജിസ്ട്രാറ് ഫയലിലേയ്ക്ക് ശ്രദ്ധതിരിച്ചു.

അവനപ്പോഴും നിൽക്കുകയായിരുന്നു. ഇവനെ ഇരുത്താത്തത് എത്ര നന്നായി. രജിസ്ട്രാറ് മനസ്സിൽ പറഞ്ഞു.

ഇനിമേലിൽ ഈയാളെന്നെ ഒരു കാര്യത്തിനും വിളിപ്പിക്കരുത്. ഒരു ഫയലെടുപ്പിക്കാൻ പോലും. അവനും തീരുമാനത്തിലെത്തി.

"സാറെ. അങ്കയീ ചളയരി ഇരുക്ക്. ചളയരിയെന്തു പറഞ്ചാ. ഇങ്കെ നാട്ടിലെ ഈന്ത്. അത് കപ്പയരിയും മാതിരി അരിഞ്ച് എടക്കണം. പിന്നെ ഏഴുവെള്ളം തെളപ്പിച്ചൂറ്റി..

മരുന്നുക്കൾ മനുച്യരോട് മിണ്ടിന ഒരു കാലമിരുന്ത് ചാർ. അന്തക്കാലത്ത് വേദനവന്തിന കാണിക്കാരനെ കാട്ടിവച്ച് കണ്ടാ മതി. മരുന്നുകൾ പൊങ്കിവരുമായിരുന്നു. ഇതു കെട്ട കാലം. അതൊക്കെ പോയീ."

"നോൺസെൻസ്."

"ചാറേ. എന്നാപ്പറയാം. കാട്ടില് ചാത്തൻ കെളങ്കിരുക്ക്. പച്ചേങ്കി...

അവൻ അയാളെ ചാറേന്നു കൂടി വിളിച്ചു.

ചാറിന് അങ്കെ പേപ്പാറയിലെ തുമ്പിയാനെയിരിക്കത് തെരിയുമാ. അപ്പടിയൊരു ചിന്നയാന നമ്മ വനത്തിലിരുക്ക്. ഞങ്ങളെ ഊരിലെ മൂട്ടുപ്ലാത്തി അതെ കണ്ടിരിക്കെ. എത്തറ വയസ്സാനാലും ആന ചിന്നവരായി തന്നെ ഇരിക്കും. ഇങ്കെ വെച്ചൂരിലെ കൊച്ചു പശു ഇരിക്കല്ലയാ. അതു മാതിരി ചിന്നയാന. കല്ലാന എന്നും കാട്ടി ഞങ്ങ പറഞ്ചിടും.

പാലോട്ടെ സാലി* ചാറെ അതുക്കെ പോട്ടോം പിടിക്കാൻ നമ്മ മൂട്ടുപ്ലാത്തി കാട്ടികൊണ്ടു പെയി. ആ പോട്ടോം കടലാസി വന്ത്. അതുക്ക് ഫാറസ്റ്റർമാർ വന്ത് മൂട്ടുകാണിയെയും വിളിക്കാണിയെയും പള്ള് പറന്താച്ച്. അടിക്കാനോങ്ങി. അത് എതുക്ക് എന്നെനിക്ക് തെരിയാത്. പിന്നെ നമ്മളെ അഗത്യാരുക്കുടം..."

ഇനിയും കൂടുതൽ സംസാരിപ്പിക്കാൻ നിൽക്കാതെ ഈശ്വരനെ നിർദ്ദയം മുറിയിൽ നിന്നും രജിസ്ട്രാർ ഇറക്കിവിട്ടു.

അമൃതപ്പാല കവിളരശിക്ക് മരുന്നാണ്, അതായത് വായിലെ ക്യാൻസർ. പിന്നെ അഗത്യമലയിലെ ഒബ്സർവേറ്ററി, അവിടെ പണ്ടെത്തിയ ചിത്രകാരൻ സായിപ്പ്. അയാൾ മഗ്ലാംവെട്ടുക്കാട്ടിൽ പാണ്ടിനാട്ടിലേയ്ക്ക് പാഞ്ഞുകൊണ്ടിരുന്ന കൈവഴിയെ കരമനയാറ്റിലേയ്ക്ക് വഴിതിരിച്ചു വിട്ടത്. എന്നിവരെ കുറിച്ചൊക്കെ പറഞ്ഞ് രജിസ്ട്രാറെ തളർത്തണമെന്ന് അവന് ആഗ്രഹമുണ്ടായിരുന്നു.


അക്കാലത്ത് വയാഗ്ര മനുഷ്യനെ ആവേശം കൊള്ളിച്ച ഒരു മരുന്നായിരുന്നു. ഒരു സബോർഡിനേറ്റിനോട് സംസാരിച്ചതോടെ ആ മേലുദ്യോഗസ്ഥന്റെ തൃഷ്ണകളെല്ലാം അടങ്ങി. അയാൾ മുന്നിലിരുന്ന ഗ്ലാസ്സിലെ വെള്ളമെടുത്തു കുടിച്ചു.

യൂണിവേഴ്സിറ്റിയിൽ നിന്നും റിട്ടയർ ചെയ്തതിനുശേഷം മറ്റു കാര്യങ്ങളൊന്നും പ്രത്യേകിച്ച് ചെയ്യാനില്ലാത്തതിനാൽ പഴയ കാര്യങ്ങൾ ഞാൻ ആലോചിച്ചിരിക്കാറുണ്ട്. അതുതന്നെയാണ് മുഖ്യപണി.

അക്കൂട്ടത്തിൽപ്പെട്ടതാണ് ഓഫീസ് അസിസ്റ്റന്റ് ഈശ്വരൻകാണി എന്ന എന്റെ സുഹൃത്ത് അഡ്മിനിസ്ട്രേഷൻ തലവനായ അന്നത്തെ കോട്ടയം യൂണിവേഴ്സിറ്റിയിലെ ഒരു രജിസ്ട്രാർക്ക് കൊടുത്ത ഈ പണി. അതായിരുന്നു പണി.

*പാലോട് സാലി - വന്യജീവി ഫോട്ടോഗ്രാഫർ. ●

# നോവലുകൾ





₹200

**പെരുമാൾ മുരുകന്റെ**
**ശ്രദ്ധേയ കൃതികൾ ചിന്തയിലൂടെ**






₹170





₹200




₹160




₹200




₹185




₹180




₹90




₹130





₹340





₹250




₹190




₹240




₹60



# പുറത്താക്കലുകളുടെ രാഷ്ട്രീയം

**രാജശ്രീ**



ആജാ ബേട്ടീ ലേ ലേ ഫേരേ
യോ മർ ഗയാ തോ ഹോർ
ഭടേരേ....

(വരൂ മകളേ, വിവാഹ പ്രദക്ഷിണം ചെയ്യൂ, ഇവൻ മരിച്ചാൽ വേറെയും ആൾക്കാരുണ്ട്)

ഹരിയാനയിലെ ജാട്ട് സമുദായാംഗങ്ങളുടെ വിവാഹച്ചടങ്ങിൽ വധുവിന്റെ അമ്മ പാടുന്നതായി സങ്കല്പിക്കപ്പെടുന്ന നാടൻ പാട്ടിന്റെ വരികളാണിത്. വിവാഹവുമായി ബന്ധപ്പെട്ടുള്ള അങ്ങനെയൊരു പാട്ടിൽ മരണത്തിന്റെ സാധ്യത കടന്നു വരുന്നത് സാധാരണ ഗതിയിൽ സങ്കല്പിക്കാനാവാത്തതാണ്. പക്ഷേ ജീവിതത്തിലെ ഒരു സാധ്യത അതുമാണ് എന്ന് ആ പാട്ട് ഓർമ്മിപ്പിക്കുന്നു - ഒപ്പം അതിനു ശേഷവും ആ സ്ത്രീക്ക് ജീവിതം തുടരേണ്ടതുണ്ടെന്ന കൃത്യമായ സൂചനയും അത് നല്കുന്നുണ്ട്. സാമൂഹിക ജീവിയെന്ന നിലയിൽ മറ്റു മനുഷ്യരുമായി ബന്ധം സ്ഥാപിക്കുകയെന്നത് അനിവാര്യമാണ്. എന്നാൽ മറ്റൊരു മനുഷ്യജീവിയുമായി സംഭവിക്കുന്ന ഒരു ബന്ധമോ ബന്ധമോചനമോ അല്ല ഈ ലോകത്ത് ഒരു മനുഷ്യന്റെ നിലനില്പിനെ നിയന്ത്രിക്കേണ്ടത്. അതിൽത്തന്നെ ഒരു വർഗ്ഗം നിരന്തരമായി ഇടിച്ചുതാഴ്ത്തപ്പെടുകയും മനുഷ്യർ എന്ന നിലയിലുള്ള അവരുടെ അസ്തിത്വം തന്നെ സംശയാസ്പദമായിത്തീരുകയും ചെയ്യുകയെന്നത് നീതിയല്ല. അത്തരത്തിലാണെന്ന് മനുഷ്യർ തെറ്റിദ്ധരിപ്പിക്കപ്പെടുന്നത് ചില കാല്പനിക വിശ്വാസങ്ങളുടെ മേലെയാണ് എന്നത് കൗതുകകരമാണ്. അത്തരം വിശ്വാസങ്ങൾ മുഖ്യധാരയിലേക്കെത്തുകയും സ്റ്റേറ്റിന്റെ പിന്തുണ വരെ നേടിയെടുക്കുകയും ചെയ്യാം. അതോടെ അവയെ ചോദ്യം ചെയ്യാൻ ശക്തിയുള്ള പ്രദേശിക ധാരകൾ സ്വാഭാവികമായി ത്തന്നെ ദുർബലമാകും.നിലവിലെ കുടുംബ വ്യവസ്ഥയെയും സദാചാര സങ്കല്പങ്ങളെയും നിയന്ത്രിക്കാനും നിലനിർത്താനും ഭരണകൂടവും നിയമ വ്യവസ്ഥയും ശ്രമിക്കുന്നത് പുതിയ കാര്യമല്ല. അവ പുലർത്തി വരുന്ന, വിവാഹം കുടുംബം എന്നിവയുടെ സംസ്ഥാപനത്തിലെ നിലപാടുകളും സ്ത്രീകളോടും ഇതര ലിംഗവിഭാഗങ്ങളോടുമുള്ള സമീപനവും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്.

ഉത്തരേന്ത്യൻ വിവാഹ രീതികൾ ഹിന്ദി ഇതര സംസ്ഥാനങ്ങളിൽ ചിരപരിചിതമാണ്. പലതും അതതിടങ്ങളിലെ രീതികളുടെ ഭാഗമാകുകയും ചെയ്തു. തനത് സംസ്കാരം എന്ന പരികല്പനയെ ഒരു പരിധി വരെ അത് റദ്ദ് ചെയ്യുന്നുണ്ട്. രണ്ടു ദശകത്തിനു ശേഷം കേരളീയ വിവാഹ രീതി എന്തായിരിക്കുമെന്ന് ചിന്തിച്ചാൽ ഇത് വ്യക്തമാകുന്നതേയുള്ളൂ. അതതു ജാതിസമൂഹങ്ങളുടെ വ്യതിരിക്തത വ്യക്തമാകുന്ന വിധത്തിലുള്ള വിവാഹ സമ്പ്രദായങ്ങൾ കേരളീയം എന്ന ഒറ്റക്കുടക്കീഴിൽ രേഖപ്പെടുത്തുന്നതിന്റെ അശാസ്ത്രീയത നിലനില്ക്കവെ തന്നെയാണ് അതിൽ ഐകരൂപ്യം സംഭവിക്കുകയും പലതും ഇല്ലാതാവുകയും ചെയ്യുന്നത്.

മുഖ്യധാരാമാധ്യമങ്ങളും സിനിമയും കൃത്യമായി വിനിമയം ചെയ്യുന്നത് ഇന്ത്യയിലെ മേൽജാതികളുടെ വിവാഹ സംസ്കാരത്തെയാണ്. അതേ സമയം പടിഞ്ഞാറെ ഇന്ത്യയിലെ മറാത്തകളും ഹരിയാനയിലെ ജാട്ട് സമുദായവും ഇന്ത്യയെമ്പാടുമുള്ള അന്തരാള ജാതികളും ഇക്കാര്യത്തിൽ പുലർത്തുന്ന നിലപാടുകളെക്കുറിച്ച് നാം അജ്ഞരായിരിക്കുകയും ചെയ്യുന്നു. പ്രബല സമുദായങ്ങളുടെ രീതി മര്യാദകളെ അതേ പടി ആവർത്തിക്കുന്ന പ്രവണതയും മുഖ്യധാരയ്ക്കുണ്ട്.

അതു കൊണ്ടു തന്നെ വിവാഹം, കുടുംബം, ദാമ്പത്യം, വൈധവ്യം തുടങ്ങിയവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഏകപക്ഷീയമായിരിക്കാം.

ഉദാഹരണത്തിന് ,ഇന്ത്യൻ സങ്കല്പത്തിലെ ദീർഘസുമംഗലീത്വത്തിന്റെ കാര്യമെടുക്കാം. മേൽജാതി സമുദായങ്ങളിൽ ഭർത്താവിന്റെ മരണശേഷം സ്ത്രീയുടെ സാമൂഹികമായ നിലനില്പ് അവസാനിക്കുന്നുണ്ട്. സതിയെന്നത് അത്തരത്തിൽ പ്രതീകാത്മക മൂല്യം കൂടിയുള്ള ഒന്നായി മാറുന്നു. സതിയാവാത്ത സ്ത്രീയുടെ ജീവിതം അതിദയനീയമായിരുന്നു. അതുകൊണ്ടു തന്നെ ദീർഘസുമംഗലീത്വം വിവാഹിതയായ സ്ത്രീയുടെ പരമമായ ലക്ഷ്യവും രക്ഷാമാർഗ്ഗവുമാണ്. പുരാണേതിഹാസങ്ങളിൽ അതിന്റെ മഹത്വവൽക്കരണങ്ങൾക്ക് നിരവധി ഉദാഹരണങ്ങൾ കണ്ടെത്താം. സ്ത്രീപദവിയുടെ ഏറ്റവും വലിയ സൂചകമായി അതാണ് അവയിൽ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ മേൽ സൂചിപ്പിച്ച പിന്നാക്കസമുദായങ്ങളിൽ ദീർഘസുമംഗലീത്വത്തിന് അത്തരമൊരു മഹത്വവൽക്കരണം ഇല്ല. അതു കൊണ്ടു തന്നെ അതുമായി ബന്ധപ്പെട്ട കാല്പനികാ ഖ്യാനങ്ങളിൽ നിന്നും അത്തരം സമുദായങ്ങൾ മുക്തമായിരിക്കാം. കാല്പനികാഖ്യാനങ്ങളുടെ പ്രതിവ്യവഹാരമായി വർത്തിക്കുന്ന, അന്തരാള ജാതികളുടെ പാട്ടുകളും കഥകളും ഇന്ത്യൻ എന്ന ലേബലിൽ സ്ഥാനപ്പെടുകയുമില്ല. ഇന്ത്യൻ സ്ത്രീയുടെ ഏറ്റവും മികച്ച സൗഭാഗ്യമായി പരിചരിക്കപ്പെടുന്ന ദീർഘസുമംഗലീത്വം സ്ഥാപിക്കപ്പെടുന്നത് ഇത്തരം ചില ഒഴിച്ചു നിർത്തലുകളിലൂടെയാണ്. വാസ്തവത്തിൽ ഉൾപ്പെടുത്തലുകളിലല്ല, ഒഴിച്ചു മാറ്റലുകളിലാണ് യഥാർത്ഥ ചരിത്രം രേഖപ്പെട്ടിരിക്കുക.

ദീർഘസുമംഗലീത്വത്തിന്റെ ചരിത്രം ഇതായിരിക്കെ അതിനെ ആശ്രയിച്ചു കിടക്കുന്ന പാതിവ്രത്യവും ആദർശദാമ്പത്യവും വൈധവ്യത്തെത്തുടർന്നുള്ള അസ്തിത്വ നഷ്ടവും ഇന്ത്യൻ സ്ത്രീക്ക് മൊത്തത്തിൽ ബാധകമാവുന്നില്ല എന്നതാണ് സത്യം. പക്ഷേ അതിനെയും മേൽപറഞ്ഞ കാല്പനികാഖ്യാനങ്ങൾ തന്ത്രപൂർവം മറികടക്കുന്നുണ്ട്. ഒറ്റ ഗ്രാമത്തിൽ താമസിക്കുന്ന രജപുത്ര സമുദായത്തിന്റെയും ജാട്ട് സമുദായത്തിന്റെ

**സ്ത്രീ ലൈംഗികതയോടുള്ള സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ഭയം വൈധവ്യത്തിന്റെ കാര്യത്തിലെന്നതു പോലെ തന്നെ സ്ത്രീയുടെ വിവിധ ജീവിതാവസ്ഥകളിൽ നിഴലിക്കുന്നതു കാണാം.**

യും ദാമ്പത്യം, വൈധവ്യം എന്നീ കാര്യങ്ങളിലെ നിലപാടു വ്യത്യാസത്തിനു കാരണമായി ഉത്തർപ്രദേശിലെ കീഴ്ജാതി വിഭാഗങ്ങളിൽ നടത്തിയ പഠനത്തിൽ നിന്ന് പൗളിൻ കൊലൻഡ കണ്ടെത്തുന്നത് ഉൽപാദന ബന്ധങ്ങളിലെ വ്യത്യാസമാണ്. ജാട്ടുകൾ തൊഴിലാളികളാണ്. കൂടുതൽ അംഗങ്ങൾ ഉണ്ടായാൽ തൊഴിൽ ശേഷി കൂടും. അതു കൊണ്ട് പുനർവിവാഹവും സന്താനോൽപാദനവും അവർക്ക് നിർബന്ധമാണ്. തൊഴിൽ പങ്കാളിത്തമില്ലാത്ത മേൽജാതികളെ സംബന്ധിച്ചിടത്തോളം അവർക്ക് ചില കാല്പനിക വ്യഥകളെ അഭിസംബോധന ചെയ്താൽ മതിയാകുമായിരുന്നു എന്നു പറയേണ്ടി വരും. ജാട്ടുകളുടെ കാര്യത്തിലുള്ള ഉൽപാദനപരമായ ആവശ്യകത മേൽജാതികളിൽ ആരോപിക്കാൻ സാധിക്കില്ല . വിവാഹത്തെയും പ്രത്യുല്പാദനത്തെയും സാമൂഹികമായ ആവശ്യത്തിനാണ് ജാട്ട് സമുദായത്തിലും മറ്റ് സേവക ജാതികൾക്കിടയിലും ഉപയോഗിക്കുന്നത്. സ്ത്രീയുടെ ലൈംഗികാവശ്യമല്ല പരിഗണിക്കപ്പെടുന്നത് എന്നത് മറ്റൊരു കാര്യം. മേൽജാതികളെ സംബന്ധിച്ചിടത്തോളം ഇതു രണ്ടും പ്രായോഗികമായിരുന്നില്ല. വസ്തുതകൾ ഇപ്രകാരമായിരുന്നിട്ടും വൈധവ്യത്തെയും തുടർ ജീവിതത്തെയും പറ്റിയുള്ള മേൽ കീഴ്ജാതികളുടെ സങ്കല്പങ്ങൾ പില്ക്കാലത്ത് ഒറ്റ ബിന്ദുവിൽ സന്ധിക്കുന്നതു കാണാം. പ്രകടമായ വ്യത്യാസങ്ങൾ നിലവിലുള്ള ജാതി വിഭാഗങ്ങളിലടക്കം സ്ത്രീകളോടുള്ള സമീപനങ്ങളിൽ സമാനതയുണ്ടാകുന്നതിനെക്കുറിച്ച് ഉമാ ചക്രവർത്തിയെപ്പോലുള്ള ഗവേഷകർ ചിന്തിക്കുന്നുണ്ട്. അവർ ബ്രാഹ്മണ പുരുഷാധിപത്യത്തിലാണ് ഇതിനു കാരണം കണ്ടെത്തുന്നത്.

'ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വലിയൊരു വ്യവസ്ഥയ്ക്കകത്താണ് പുരുഷാധിപത്യങ്ങൾ നിലനില്ക്കുന്നതെന്ന കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. അവയാകട്ടെ, ജാതിയുടെ അടിസ്ഥാനത്തിൽ ശ്രേണീവൽകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. സാങ്കല്പികമായൊരു ചട്ടക്കൂടിന്റെ - ബ്രാഹ്മണ പുരുഷാധിപത്യത്തിന്റെ - അടിസ്ഥാനത്തിലാണ് വ്യത്യാസങ്ങൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. സ്ത്രീകളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ വലിയ വ്യത്യാസങ്ങൾ പുലർത്തുന്നുവെങ്കിലും നാം നേരത്തേ സൂചിപ്പിച്ചതു പോലെ ജാതി, ലിംഗം, ഭൂമിയുടെ നിയന്ത്രണം, ജനസംഖ്യ തുടങ്ങിയവയെ ഒരുമിപ്പിച്ച് ഒരൊറ്റ ഘടനയ്ക്കകത്ത് വിളക്കിച്ചേർക്കുന്ന പ്രതിഭാസമാണ് ബ്രാഹ്മണ പുരുഷാധിപത്യം. അതിന്റെ പരിധിക്കകത്ത്, ബ്രാഹ്മണ വൽകരിക്കപ്പെട്ട അന്തരാള - ദലിത് ജാതികളെയും അതുൾക്കൊള്ളുന്നു." ഉമാ ചക്രവർത്തി, ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ ( വിവ .പി .എസ് മനോജ് കുമാർ)

ഇന്ത്യയിലെ മേൽജാതി വിവാഹ സങ്കല്പങ്ങൾ താഴ്ന്ന ശ്രേണികളിലേക്ക് വ്യാപിച്ചതു പോലെ തന്നെയാണ് വൈധവ്യത്തെക്കുറിച്ചും ദാമ്പത്യത്തെക്കുറിച്ചുമുള്ള സങ്കല്പങ്ങളുടെയും സ്ഥിതി. ത്യാഗനിർഭരവും പവിത്രവുമായ ഭാര്യാഭർതൃബന്ധങ്ങളുടെ ചിത്രീകരണങ്ങൾ കൊണ്ട് സമ്പന്നമാണ് പൗരാണികകൃതികളെല്ലാം.

ഹൈന്ദവേതിഹാസങ്ങളിലെ കഥാപാത്രങ്ങളുടെയും അവരുടെ ജീവിതത്തിന്റെയും പ്രതീകാത്മകമായ അനുകരണങ്ങൾ ഇന്ത്യൻ കുടുംബങ്ങളിൽ അരങ്ങേറാറുണ്ട്. രാമലക്ഷ്മണന്മാരെപ്പോലുള്ള സഹോദരങ്ങളും സീതാ രാമന്മാരെപ്പോലുള്ള ദമ്പതികളുമൊക്കെ ഉദാഹരണങ്ങളാണ്.

ഇന്ത്യൻ സാമൂഹിക സാഹചര്യത്തിൽ ഭർത്താവിന്റെ മരണത്തോടെ സ്ത്രീയുടെ നിലനില്പ് ചോദ്യം ചെയ്യപ്പെടുന്നുണ്ട്. സ്വതന്ത്രാസ്തിത്വമുള്ള ഒരു മനുഷ്യജീവിയെ ബാഹ്യസമൂഹത്തിന്റെ ഭൗതികമായ ഇടപെടലുകൾ ഒതുക്കിത്തീർക്കുന്നതിന്റെ മികച്ച ഉദാഹരണമാണ് വൈധവ്യം. ഭാര്യ നഷ്ടപ്പെട്ട പുരുഷന് സമൂഹം നല്കുന്ന ആനു

ങ്കൂല്യങ്ങൾ ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീക്ക് ലഭിക്കാറില്ല എന്നുകൂടി ഓർക്കേണ്ടതാണ്. ആ അർത്ഥത്തിൽ വിധുരത വൈധവ്യത്തിന് സമാനമല്ല. ഭാഷാപരമായുള്ള സമാനാർത്ഥത്തിനപ്പുറം സാംസ്കാരികവും സാമൂഹികവും ചരിത്രപരവുമായി ആ രണ്ടു പദങ്ങൾ തമ്മിൽ യാതൊരു സമാനതയുമില്ല എന്നു സാരം. സ്ത്രീയുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംവാദങ്ങളിൽ നിരന്തരം പ്രയോഗിക്കപ്പെടുന്ന ഇര എന്ന പദവിക്ക് വൈധവ്യത്തിലും വലിയ സ്ഥാനമുണ്ട്. ജീവിതപങ്കാളി ജീവിച്ചിരുന്ന കാലത്ത് ആരോഗ്യകരമല്ല എന്നുറപ്പായ ദാമ്പത്യം ഉപേക്ഷിച്ച സ്ത്രീ നിയമപരമായി വിവാഹബന്ധം വേർപെടുത്താതിരിക്കുകയാണെങ്കിൽ അവളുടെ വൈധവ്യത്തിന്റെ സാമൂഹിക പദവി എന്തായിരിക്കും? നമ്മുടെ മുഖ്യധാരാ സിനിമയും സാഹിത്യവും പ്രക്ഷേപിക്കുന്ന ഒരു സന്ദേശം, ശാരീരികവും മാനസികവുമായി എത്ര ഉപദ്രവമുണ്ടായിരുന്നാലും ഭാര്യാത്വം കാത്തു സൂക്ഷിക്കേണ്ട ഒരു സ്ഥാനമാണെന്നാണ്. നിയമവ്യവസ്ഥയുടെ സങ്കീർണ്ണതകളും സമൂഹത്തിന്റെ നിരന്തരവിചാരണയും ഭയന്ന് അനാരോഗ്യകരമായ ദാമ്പത്യം നിലനിർത്തിക്കൊണ്ടു പോകുന്ന സ്ത്രീകളുണ്ട്. അകന്നതും ശിഥിലവുമായ വിവാഹബന്ധങ്ങളിൽ തുടരുന്ന സ്ത്രീകളിൽ പലരും തന്നിൽ നിന്ന് വിടുതൽ നേടി സ്ത്രീ സ്വന്തമായ ഒരു ജീവിതം ഉണ്ടാക്കരുതെന്ന പുരുഷാഹന്തയുടെ ഇരകളുമാണെന്നു കാണാം. പക്ഷേ ജീവിതകാലം മുഴുവൻ നല്ല ഇരയായിരുന്നാലേ വൈധവ്യത്തിന്റെ കാര്യത്തിലും അവൾക്ക് ആ ആനുകൂല്യം കിട്ടൂ. സാമൂഹിക ജീവിതം തീർത്തും ഉപേക്ഷിച്ച് കുട്ടികളിലേക്ക് ജീവിതം കേന്ദ്രീകരിക്കുകയും സ്വന്തം ലൈംഗിക ജീവിതം അവസാനിപ്പിക്കുകയും ദ്രോഹിയായിരുന്നെങ്കിലും ഭർത്താവിനെ അവസാനകാലത്ത് സ്നേഹപൂർവം പരിചരിക്കുകയും ചെയ്തു വിധവയുടെ പദവിയല്ല അതിന് എതിർവശത്ത് നില്ക്കുന്ന സ്ത്രീക്ക് ഉണ്ടാവുക. അവൾക്ക് നിയമപരമായ അവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ടേക്കാം. അത്തരം നിഷേധങ്ങൾക്ക് കുടുംബവും സമൂഹവും രാഷ്ട്രീയസംവിധാനവും നിയമവ്യവസ്ഥയും ഭരണകൂടവും വരെ പിന്തുണയും കൊടുത്തേക്കാം. അതിനു കാരണം മേൽ സൂചിപ്പിച്ച ബ്രാഹ്മണ പുരുഷാധിപത്യ വ്യവസ്ഥയ്ക്ക് ഇന്ത്യൻ സമൂഹത്തിൽ ആഴത്തിലുണ്ടായ വേരോട്ടമാണ്. ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമായി വിശദീകരിക്കപ്പെടുന്ന പ്രാചീന പാഠങ്ങളൊക്കെ അത്തരം നിലപാടുകളെ ന്യായീകരിക്കുന്നുണ്ട്. അവ ഏറ്റവും ഭയക്കുന്നത് സ്ത്രീ ലൈംഗികതയെയാണ്. അതിന്റെ ശക്തി സംഹാരാത്മകമാണെന്ന് അവ പ്രത്യക്ഷമായും പരോക്ഷമായും പറഞ്ഞു വയ്ക്കുന്നു.

സ്ത്രീ ലൈംഗികതയോടുള്ള സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ഭയം വൈധവ്യത്തിന്റെ കാര്യത്തിലെന്നതു പോലെ തന്നെ സ്ത്രീയുടെ വിവിധ ജീവിതാവസ്ഥകളിൽ നിഴലിക്കുന്നതു കാണാം. അതുകൊണ്ടു തന്നെ അത്തരം ഘട്ടങ്ങളിലൊക്കെ അധികച്ചമതലകൾ നല്കിയോ അധികവാത്സല്യം കാണിച്ചോ ആണ് അവളെ സമൂഹം പിന്തിരിപ്പിക്കാൻ ശ്രമിക്കുക. പലപ്പോഴും അത് കുടുംബങ്ങളിൽ തുറന്ന മത്സരത്തിനു തന്നെ അവസരമുണ്ടാക്കുകയും സ്ത്രീക്ക് സ്വയം ഇടിവ് തോന്നാൻ കാരണമാവുകയും ചെയ്യുന്നു.

ലൈംഗികതയുമായി ബന്ധപ്പെട്ട ശുദ്ധാശുദ്ധ വിചാരങ്ങളാണ് അതിലൊന്നാമത്. കേരളത്തിന്റെ മിക്കവാറും ഭാഗങ്ങളിൽ ലൈംഗികതയുമായി ചേർത്ത് അവ പ്രചരിച്ചിട്ടുണ്ട്. ശരീരത്തോടുള്ള അകലം കുറയുന്നതിനും ശരീര കേന്ദ്രിതമാകുന്നതിനു മനസരിച്ച് കലാനുഭവങ്ങൾ പോലും പിന്തള്ളപ്പെട്ടു പോകാറുണ്ട്. കാഴ്ചയെ അപേക്ഷിച്ച് സ്പർശത്തിന് സാധ്യതയും ആസ്വാദനമൂല്യവും കുറയുന്നതിനെക്കുറിച്ച് ചിത്രകലയെയും മൺപാത്ര നിർമ്മാണത്തെയും മുൻനിർത്തി ഗവേഷകനായ ഡോ ദിനേശൻ വടക്കിനിയിൽ വിശദീകരിക്കുന്നുണ്ട്. ജാതിപോലും അത്തരത്തിൽ ഒരു ശാരീരികാനുഭവമാണ്.

ശരീരവുമായി നേരിട്ടു ബന്ധമുള്ള ശാരീരിക പ്രവർത്തനം തന്നെയായ ആർത്തവത്തോട് അടുത്തു നില്ക്കുന്ന അശുദ്ധി ലൈംഗികതയ്ക്കുമുണ്ട്. എന്നാലും മക്കളുടെ ലൈംഗികകാര്യങ്ങളിലടക്കം ഇടപെടുന്ന രക്ഷിതാക്കൾ കേരളത്തിലുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. സ്ത്രീകൾക്ക് ലഭിച്ചേക്കാനിടയുള്ള ലൈംഗികവും അല്ലാത്തതുമായ സ്വയം നിർണ്ണയാവകാശം അവരെ ഭയത്തിലാഴ്ത്തുന്നുണ്ട്. ലൈംഗിക വിദ്യാഭ്യാസമെന്ന വാക്ക് പോലും ലൈംഗിക ക്രിയയെക്കുറിച്ചുള്ളതാണെന്ന് കരുതി വശായ ഒരു പൊതു സമൂഹത്തിന്റെ ഭാഗം കൂടിയാണവർ.മക്കളുടെ വിവാഹവും ദാമ്പത്യവും കൂടി കരുപ്പിടിപ്പിക്കാൻ അവർ പ്രതിജ്ഞാബദ്ധരുമാണ്.

അതു കൊണ്ടു തന്നെ വിവാഹത്തിൽക്കൂടി കുടുംബത്തിലേക്കെത്തുന്ന ഒരു മനുഷ്യജീവിയെ നിലവിലുള്ള കുടുംബത്തിലെ റോളുകളിലേക്കാണ് സ്വീകരിക്കുക. അതായത് മകൾ, സഹോദരി, (ചേട്ടത്തി) യമ്മ തുടങ്ങിയ ഏതെങ്കിലും ഒരു റോൾ അവൾക്ക് മാറ്റി വച്ചിട്ടുണ്ടാവും. കുടുംബത്തിന്റെ വികാസത്തിനായി അവൾ പ്രസവിക്കേണ്ടതുണ്ട്. അതിനായുള്ള നിയന്ത്രിത ലൈംഗികത അവർക്ക് അനുവദിക്കപ്പെടുന്നു. എങ്കിലും ശുദ്ധി സങ്കല്പങ്ങളിൽ നിന്ന് അതും മുക്തമല്ല.

പ്രത്യുല്പാദനം ലക്ഷ്യമാക്കാത്തതോ സാധ്യമാകാത്തതോ ആയ ലൈംഗികതയോടുള്ള അവജ്ഞയും അകൽച്ചയും വന്ധ്യത്വം അനുഭവിക്കുന്ന സ്ത്രീകളോടുള്ള സമീപനത്തിൽ കാണാം.

സ്ത്രീകളോടുള്ള ഇന്ത്യൻ സമൂഹത്തിന്റെ നിലപാട് സ്ത്രീയുടെ പല തരം ജീവിതാവസ്ഥകളെ മുൻനിർത്തി വിലയിരുത്താൻ സാധിക്കും. അവരുടെ ശരീരവും കാമനകളും പൊതുബോധത്തെ ഭയപ്പെടുത്തുന്നുണ്ട്. കുടുംബത്തിന്റെ പരിധികളിലൊതുങ്ങുന്ന അലൈംഗിക ശരീരമായി നില കൊള്ളുന്ന സ്ത്രീയാണ് അഭികാമ്യയെന്ന മുഖ്യധാരാ സങ്കല്പത്തിന്റെ കടയ്ക്കലാണ് നേരത്തേ പ്രസ്താവിച്ച നാടൻ പാട്ടിന്റെ വെട്ടുകൊള്ളുന്നത്. ഒരു വശത്ത് കൂടുതൽ ഉൽപാദനം ലക്ഷ്യമിട്ടു കൊണ്ടുള്ള തൊഴിൽശക്തിക്കു വേണ്ടി അധികാര വ്യവസ്ഥ രൂപപ്പെടുത്തിയ സൗകര്യപൂർവമായ ഒഴിച്ചു നിർത്തലായി അതിനെ വ്യാഖ്യാനിക്കാം. എങ്കിലും ബഹുത്വങ്ങളെ തിരസ്കരിച്ചു കൊണ്ടുള്ള ഏക സംസ്കാര രൂപീകരണത്തിന് അതുയർത്തിയ വെല്ലുവിളി ചെറുതല്ല. ●

## ബാലസാഹിത്യം

# കുട്ടികളുടെ പുസ്തകങ്ങൾ




₹160

**മിഠായി മാന്ത്രികം**
സപ്തപുരം അപ്പുക്കുട്ടൻ




₹110

**മഴവില്ല് പൂക്കുമ്പോൾ**
ഡോ. ചേരാവള്ളി ശശി




₹75

**വിചിത്രം വിസ്മയം**
നാരായണൻ കാവുമ്പായി




₹130

**കുട്ടികളും ആവർത്തന പട്ടികയും**
ഡോ. ആർ പ്രസന്നകുമാർ





₹100

**പരിസ്ഥിതി ശാസ്ത്രക്വിസ്**
എസ് ഹരിപ്രിയ




₹100

**സസ്യലോകത്തിലെ കൗതുകങ്ങൾ**
ഡോ. ഷീജാകുമാരി
കൊട്ടുവഴന്നൂർ




₹260

**കവിത്രയം**
**ആശാൻ ഉള്ളൂർ**
**വള്ളത്തോൾ**
പയ്യന്നൂർ കുഞ്ഞിരാമൻ




₹220

**കുട്ടികളുടെ തച്ചോളി ഒതേനൻ**
പന്ന്യന്നൂർ ഭാസി




₹90

**കുട്ടികളുടെ**
**ഭഗത്സിങ്**
സന്തോഷ് പ്രിയൻ




₹200

**രാമായണം**
**കുട്ടികൾക്ക്**
പുനരാഖ്യാനം:
രാജേഷ് ചിറപ്പാട്




₹160

**ഒരു കുറുക്കന്റെ**
**ആത്മകഥ**
പിയറി ദ സെയിന്റ് ക്ലൗഡ്
പുനരാഖ്യാനം:
വി എം മോഹൻരാജ്




₹120

**കഥപറയുന്ന**
**മുത്തശ്ശി**
ഹരീഷ് ആർ നമ്പൂതിരിപ്പാട്



# ദേശീയത ഒരു പുനരാലോചന



**ഡോ. കെ എൻ ഗണേശ്**

സംഘ്പരിവാർ രാഷ്ട്രീയത്തിന് ഇന്ത്യയിൽ ആധിപത്യം നേടാൻ കഴിഞ്ഞതിനുശേഷം ദേശീയത ഒരു പ്രധാനചർച്ചാവിഷയമാണ്. ഇതിന്റെ മുഖ്യകാരണം ലളിതമാണ്. ഇന്ത്യൻ സംസ്കൃതിയുടെ പൊതുസ്വഭാവത്തെക്കുറിച്ചും അതിപ്രാചീനകാലം മുതൽ ഇന്ന് വരെ ഇന്ത്യൻ സംസ്കൃതിയുടെ പൊതുരൂപങ്ങളുടെ നിലനില്പിനെക്കുറിച്ചും ഉള്ള ആശയങ്ങൾ ദേശീയവാദികളുടെ പൊതുധാരണകളായി അംഗീകരിക്കപ്പെട്ടിരുന്നു. മതപരവും പ്രാദേശികവുമായ ഭിന്നതകൾ ഈ പൊതുരൂപങ്ങളുടെ ഭാഗമായി ഉൾക്കൊള്ളാനുള്ള ഇന്ത്യൻ സംസ്കാരത്തിന്റെ കഴിവും ഇതുപോലെ ദേശീയസങ്കല്പത്തിന്റെ ഭാഗമായി. നാനാത്വത്തിൽ ഏകത്വം എന്ന് വിളിച്ചത് ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു. ഗുപ്തന്മാരുടെ സുവർണയുഗത്തെക്കുറിച്ച് അഭിമാനംകൊള്ളുമ്പോൾ തന്നെ അക്ബറിനെ ദേശീയചക്രവർത്തി എന്നു വിളിക്കാനും അന്നത്തെ ദേശീയവാദികൾ മറന്നില്ല.

ഹിന്ദുത്വവാദികളും അവരുടെ സ്വാധീനത്തിൽ ഒരു വിഭാഗം ചരിത്രകാരന്മാരും ഈ പൊതുസ്വഭാവത്തെക്കുറിച്ചുള്ള ആശയങ്ങളിൽ സൂക്ഷ്മതലത്തിൽ മാറ്റങ്ങൾ വരുത്തി. ഈ മാറ്റങ്ങളിൽ ഏറ്റവും പ്രധാനം ഇന്ത്യൻ സംസ്കാരത്തിന് മതപരമായ പരിവേഷം ചാർത്തുകയായിരുന്നു. അതിനുള്ള തുടക്കം ബ്രിട്ടീഷ് കൊളോണിയൽ മേധാവികൾ കുറിച്ചിരുന്നു. ജെയിംസ് മിൽ തന്റെ ഇന്ത്യാചരിത്രത്തിൽ സ്വീകരിച്ച ഹിന്ദുകാലഘട്ടം, മുഹമ്മദൻ കാലഘട്ടം ബ്രിട്ടീഷ് കാലഘട്ടം എന്നിങ്ങനെയുള്ള കാലവിഭജനം പിന്നീട് വന്ന എല്ലാ ചരിത്രകാരന്മാരും ഏറെക്കുറെ പൂർണമായി അംഗീകരിച്ചിരുന്നു. ഇവരിൽ ഹിന്ദുക്കൾ ഒരു ദേശീയ ജനവിഭാഗമാണെന്നും പലമതങ്ങളുടെ സമ്മേളനം അവിടെ കാണാമെന്നും ഉള്ള വാദഗതികൾ പിന്നീട് ഉയർന്നു. എങ്കിലും മുസ്ലിം, ക്രിസ്ത്യൻ വിഭാഗങ്ങളിൽ പെടാത്ത ജനതയെ ഒരൊറ്റ മതമായി കാണാനുള്ള പ്രവണതയാണ് ശക്തിപ്പെട്ടത്. ഇതുതന്നെയാണ് സിക്കുകാരെ ഒരു പ്രത്യേകമതമായി സ്വയം കാണാനും അവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടാനുമുള്ള ശ്രമങ്ങളിലേക്ക് നയിച്ചത്. സിക്കുകാരിൽനിന്ന് വ്യത്യസ്തമായി ബൗദ്ധരും ജൈനരും അടക്കമുള്ളവർ ഈ പൊതുധാരയുടെ ഭാഗമായി തന്നെ നിന്നു. ഇന്ത്യക്കാരുടെ ബഹുദൈവാരാധനയും ബഹുസാംസ്കാരികരൂപങ്ങളും ജാതിക്രമവും പാശ്ചാത്യമതങ്ങളിൽ നിന്ന് ഇന്ത്യയെ വേർതിരിക്കുന്ന സവിശേഷതകളായി വിശേഷിപ്പിക്കപ്പെട്ടു. ഇത്തരം ചിന്താധാരകൾ ഒന്നുചേർന്ന് ഇന്ത്യൻ ആശയസംഹിതകൾ എല്ലാം ഹിന്ദുമതത്തിന്റെ പ്രമാണങ്ങളെയും വിലയിരുത്തുന്നതിലേക്ക് നയിച്ചു. ഈ സംഘടിതഹിന്ദുമതത്തിന്റെ ഉറവിടം ആര്യവേദങ്ങളാണെന്നും ഇതിഹാസപുരാണങ്ങളും ഭഗവദ്ഗീതയും മതബദ്ധമായ ഗ്രന്ഥങ്ങളാണെന്നും ഉള്ള ധാരണ വ്യാപകമായി. മനുസ്മൃതിയടക്കമുള്ള സ്മൃതികളുടെയും

ധർമശാസ്ത്രങ്ങളുടെയും പാരമ്പര്യവും ചാതുർവർണ്യത്തിന്റെ സമൂഹക്രമീകരണവും ഹിന്ദുമതാശയങ്ങളുമായി ബന്ധപ്പെടുത്തി.

ഇത്തരത്തിൽ നിർമിക്കപ്പെട്ട ഹിന്ദുമതത്തെ കൂടുതൽ കൃത്യമായി നിർവചിക്കാനുള്ള ഉപാധിയും ബ്രിട്ടീഷ് കൊളോണിയൽ മേധാവികൾ തന്നെയാണ് നൽകിയത്. ഇന്ത്യയെ ആക്രമിച്ച അലക്സാണ്ടർ, ഇൻഡോഗ്രീക്കുകൾ, ഹൂണന്മാർ, മുസ്ലിം സുൽത്താന്മാർ, മുഗളന്മാർ തുടങ്ങി തൈമൂറും നാദിർഷയും അഹമദ് ഷാ അബ്ദാലിയും വരെയുള്ള കഥകൾ അവർ രേഖപ്പെടുത്തി. അവരെല്ലാവരും ഇന്ത്യാക്കാരെ ദ്രോഹിക്കുകയും കൊള്ളയടിക്കുകയും ചെയ്തപ്പോൾ ഇന്ത്യക്കാരെ സംസ്കാരസമ്പന്നരാക്കാൻ മെനക്കെട്ടത് ബ്രിട്ടീഷുകാരാണെന്ന വരുത്തിത്തീർക്കാനായിരുന്ന അവരുടെ ശ്രമം. എലിയട്ട്, ഡൗസൺ എന്നീ ബ്രിട്ടീഷ് ഭരണകർത്താക്കൾ ചേർന്ന് പ്രസിദ്ധീകരിച്ച 'ഇന്ത്യാചരിത്രം അവരുടെ ചരിത്രകാരന്മാർ പറഞ്ഞമട്ടിൽ' എന്ന പ്രസിദ്ധീകരണം ഇവയിൽ ഏറ്റവും പ്രധാനമായിരുന്നു. ഇന്ത്യയിലേക്കുള്ള ടർക്കോ അഫ്ഘാൻ വംശജരുടെ ആക്രമണങ്ങളെ അക്കാലത്തെ ചരിത്രകാരന്മാരുടെ രേഖകളെ ആധാരമാക്കി വിശദീകരിക്കാൻ ശ്രമിച്ച ഈ ഗ്രന്ഥം കേന്ദ്രീകരിച്ചത് ആക്രമണങ്ങളുടെ ഭാഗമായി ആക്രമണകാരികൾ നടത്തിയ കൊലകളിലും കൊള്ളകളിലുമായിരുന്നു. അവർ നടത്തിയ ക്ഷേത്രധ്വംസനത്തിന്റെയും മതപരിവർത്തനങ്ങളുടെയും കഥകളായിരുന്ന നല്ലൊരു ഭാഗവും.മധ്യകാലത്തെ ബൃഹത്തായ ചരിത്രസാഹിത്യത്തിൽനിന്ന് എലിയട്ടും ഡൗസനും ഇത്തരം കഥകൾ തെരഞ്ഞെടുക്കുകയായിരുന്നുവെന്ന് പിന്നീട് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ പ്രാചീനസംസ്കാരത്തെ മുഴുവനും മുസ്ലിം ആക്രമണകാരികൾ നശിപ്പിക്കുകയായിരുന്നുവെന്നും അതിനുശേഷം ഇന്ത്യയുടെ അധഃപതനം നടന്ന എന്നുമുള്ള ബ്രിട്ടീഷ് ചരിത്രകാരന്മാരുടെ വാദത്തിനു തെളിവുകൾ എന്ന നിലയിലാണ് എലിയട്ടിന്റെയും ഡൗസന്റെയും കഥകൾ അവതരിപ്പിക്കപ്പെട്ടത്. ആർ സി മജൂൻദാറിനെപ്പോലുള്ള ഇന്ത്യക്കാരായ ചരിത്രകാരന്മാർ ഇതേ വാദഗതി പിന്തുടരുകയും മുസ്ലിം ആക്രമണത്തിൽത്തകർന്ന ഇന്ത്യൻ സംസ്കാരത്തെ പുനരുദ്ധരിക്കാനുള്ള വിവിധശ്രമങ്ങളായി രാജപുത്രന്മാരും മറാത്തകളും അടക്കമുള്ളവർ നടത്തിയ യുദ്ധങ്ങളെ ചിത്രീകരിക്കുകയും ചെയ്തു. വിദേശാധിപത്യത്തിനെതിരായ ദേശാഭിമാനപോരാട്ടങ്ങളെ ഇന്ത്യൻ ദേശീയതയുടെ മികവുറ്റ ഉദാഹരണങ്ങളായി ചിത്രീകരിക്കാനും ശ്രമങ്ങൾ നടന്നു.തീവ്രഹിന്ദുത്വ രാഷ്ട്രീയം തുടക്കം മുതൽ ശ്രമിച്ചത് ഇതിനു മതപരമായ വ്യാഖ്യാനം നൽകുന്നതിനാണ്.

ചരിത്രപരവും സാംസ്കാരികവുമായ കാഴ്ചപ്പാടുകളിൽ വന്ന ഈ മാറ്റങ്ങൾ ഇന്ത്യൻ ദേശീയതയെ സംബന്ധിച്ച നിലപാടുകളിൽ രണ്ടു തരത്തിലുള്ള മാറ്റങ്ങൾ വരുത്തി. അതിലൊന്ന് ബ്രിട്ടീഷ് ആധിപത്യമടക്കം വിദേശാധിപത്യത്തിനെതിരായ പോരാട്ടങ്ങളെ ഇന്ത്യൻ ദേശാഭിമാനത്തിൽ ഊന്നിയുള്ള പോരാട്ടങ്ങളായി ചിത്രീകരിക്കുകയായിരുന്നു. ഇത്തരത്തിൽ അലക്സാണ്ടറിനെതിരെ പോരാടിയ പോറസ് മുതൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകർ വരെ എല്ലാവരും ദേശാഭിമാനികളായി. ഇവരുടെ ദേശം ഇന്ത്യ മൊത്തത്തിലായിരുന്നോ അതോ ഏതെങ്കിലും പ്രാദേശികജനതയായിരുന്നോ എന്ന ചോദ്യം അവഗണിക്കപ്പെട്ടു. രണ്ടാമത് സ്വദേശികൾ എന്നത് ഹിന്ദുമതാടിസ്ഥാനത്തിൽ നിർവചിക്കപ്പെട്ടു. ഇങ്ങനെ പ്രസ്സും ഹൂണന്മാർക്കെതിരെ പോരാടിയ യശോധർമനും മുഹമ്മദ് ഘോറിക്കെതിരെ പോരാടിയ പൃഥ്വിരാജനും അക്ബറിനെതിരെ പോരാടിയ റാണാപ്രതാപും ഔറംഗസേബിനെതിരെ പോരാടിയ ശിവാജി ഭോസ്ലെയും അഹമദ് ഷാ അബ്ദാലിക്കെതിരെ പോരാടിയ വിശ്വാസ് റാവുവും ഹിന്ദുമതസംരക്ഷകരായി. ഇന്ത്യ ഹിന്ദുമതത്തിന്റെ ദേശമാകുകയും ജന്മഭൂമിയും പുണ്യഭൂമിയും ഒന്നാകുകയും ചെയ്തു. വിദേശികൾ ബ്രിട്ടീഷുകാർ മാത്രമല്ല ഹിന്ദുമതത്തെ ആധാരമാക്കിയുള്ള സ്വദേശിസങ്കല്പത്തെ ഏതെങ്കിലും വിധത്തിൽ അംഗീകരിക്കാത്ത എല്ലാവരുമായി. ഇവിടെ നിന്ന് സവർക്കാരിലേക്കും ഗോൾവാൾക്കറിലേക്കുമുള്ള മാറ്റം വളരെ എളുപ്പമാണ്.

ഇവയോടൊപ്പം ഇന്ത്യൻദേശീയപ്രസ്ഥാനം മൊത്തത്തിൽ ഉൾക്കൊണ്ട ചില ആശയങ്ങളുണ്ട്. ജനാധിപത്യം, സ്വാതന്ത്ര്യം, സ്വാശ്രയത്വം, സാമൂഹ്യനീതി സെക്കുലറിസം തുടങ്ങിയവ ചിലതാണ്. ഇവയിൽ ചിലതിനെ ഇന്ത്യൻ പാരമ്പര്യത്തെ മുൻനിർത്തി വ്യാഖ്യാനിക്കാൻ ശ്രമിച്ചുവെങ്കിലും ഇവയുടെയെല്ലാം ഉറവിടം ആധുനിക പാശ്ചാത്യ സംസ്കൃതിയാണ് എന്നതിൽ ആർക്കും സംശയമില്ലായിരുന്നു. ഇവയെല്ലാം സ്വതന്ത്ര ഇന്ത്യയിൽ നിലവിൽ വരുന്ന രാഷ്ട്രസങ്കല്പത്തിന്റെ ഭാഗമായി അംഗീകരിക്കണം എന്ന നിലപാടാണ് ദേശീയപ്രസ്ഥാനത്തിലെ മുൻനിരക്കാർ വരെ സ്വീകരിച്ചത്. അതായത് ദേശാഭിമാനം എന്നത് ചരിത്രപരമാണ്. രാഷ്ട്രനിർമാണം വസ്തുനിഷ്ഠയാഥാർഥ്യമാണ്. ഇവയെ കൂട്ടിയോജിപ്പിക്കുക സാധ്യമല്ല. അതുകൊണ്ടുതന്നെ സെക്കുലർ ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഭരണഘടന അംഗീകരിക്കുന്നതിൽ ഹിന്ദുമതവിശ്വാസികൾക്കും പ്രയാസമുണ്ടായിരുന്നില്ല.

ഇപ്പോൾ സ്ഥിതിയിൽ മാറ്റം വന്നിരിക്കുന്നു. സെക്കുലറിസം, ജനാധിപത്യം, സാമൂഹ്യനീതി , സ്വാതന്ത്ര്യം മുതലായവയിലൂന്നിയ രാഷ്ട്രനിർമിതി തന്നെ ഒരു പാശ്ചാത്യ സങ്കല്പമാണെന്നും ദേശത്തിന്റെയും ദേശത്തിൽ താമസിക്കുന്ന ജനതയുടെയും ബൗദ്ധികവും വൈകാരികവുമായ തലങ്ങളിൽ നിന്ന് കൊണ്ടുതന്നെയുള്ള രാഷ്ട്രനിർമാണമാണ് വേണ്ടതെന്നും ഉള്ള വാദം തീവ്രമതവാദികൾ അല്ലാത്തവർ പോലും ഇന്ന് അംഗീകരിച്ചു വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശസങ്കല്പം വരെ പുനർനിർവചിക്കപ്പെടുകയാണ്. മതവും സംസ്കാരവും ദേശനിർമാണത്തിന്റെ അടിത്തറയാണെന്നു ശക്തമായി വാദിക്കപ്പെടുന്നു. ഈയടുത്തകാലത്തു പൗരത്വത്തിന്റെ നിർവചനത്തെ പറ്റി നടന്ന വാദപ്രതിവാദം ഉദാഹരണമാണ്. മതബോധത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങളുടെ അതിർത്തികൾ പുനർനിർണയിക്കാൻ പലയിടങ്ങളിലും നടക്കുന്ന ശ്രമങ്ങൾ ഉദാഹരണമാണ്. ഐ എസ് ഖൊറാസാൻ പോലെ ഇല്ലാത്ത രാഷ്ട്രത്തിന്റെ നിർമാണത്തിനുവേണ്ടി വാദിക്കുന്ന സംഘടനകൾ വരെ പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ദേശീയത എന്നാൽ എന്താണ് എന്ന ചോദ്യം ന്യായമായും ഉന്നയിക്കപ്പെടുന്നു.

## ദേശീയത എന്നാൽ

ദേശം എന്ന പ്രയോഗത്തിന് ആദ്യകാലം മുതൽ രണ്ടു അർത്ഥങ്ങളുണ്ട്. ഒന്ന് ഒരു ജനവിഭാഗം താമസിക്കുന്ന ഭൂമി, രണ്ട് ഈ ഭൂമിയിൽ അധിവസിക്കുന്ന ജനങ്ങൾ. ഉദാഹരണത്തിന് പ്രാചീനഗ്രീസിൽ ഏതെൻസ്

എന്ന നഗരത്തിൽ താമസിക്കുന്ന വർ അതേനിൻമാരാണ്, അതേ നിൻമാരുടെ ദേശം ഏതെൻസും. അതായത് അതേനിൻമാർ വേറെ എവിടെ പോയി താമസിച്ചാലും അവർ അതേനിയന്മാർ തന്നെയായിരിക്കും. റോമാക്കാർ എവിടെ പോയാലും അവർ റോമാക്കാരായിരിക്കും. ഇതുപോലെ ഇന്ത്യയിൽ മദ്രന്മാരും കോസലന്മാരും ചോളദേശരുമൊക്കെ ഇതുപോലെയാണ്. എല്ലാവരും അതാതു നാട്ടുകളിലെ നാട്ടാരാണ്. അവർ മറ്റു പ്രദേശങ്ങളിൽ പരിചയപ്പെടുത്തുന്നതും അങ്ങനെയാണ്.

ഒരു പ്രത്യേക പ്രദേശത്തിൽ അധിവസിക്കുന്നവരും അല്ലാത്തവരുമായ ഗോത്രസമൂഹങ്ങൾ ഉണ്ടാകാം. ഇന്ത്യയിൽ ഇത്തരത്തിലുള്ള പല സമൂഹങ്ങളെക്കുറിച്ച് പരാമർശമുണ്ട്. ഇവരിൽ കിരാതന്മാർ, നിഷാദന്മാർ, പുളിന്ദന്മാർ തുടങ്ങിയവർ പ്രത്യേക അധിവാസകേന്ദ്രമില്ലാത്തവരാണ്. മോര്യന്മാർ, യൗധേയന്മാർ, ക്ഷുദ്രകന്മാർ തുടങ്ങിയവർക്ക് സ്ഥിരമായ ആവാസകേന്ദ്രമുണ്ട്. അപ്പോൾ അവരുടെ ഗോത്രനാമം ഇല്ലാതാകുന്നില്ല. അതിനോടൊപ്പം ഇപ്പോൾ, താമസിക്കുന്ന സ്ഥലം കൂടി ചേർക്കും. കുറെ കാലം കഴിയുമ്പോൾ ഗോത്രനാമവും സ്ഥലനാമവും ഒന്നാകും. ഉദാഹരണത്തിന് അന്ധകാവൃഷ്ണികൾ എന്ന ഗോത്രം താമസിച്ചസ്ഥലം പിന്നീട് അന്ധകം എന്ന പേരിൽ അറിയപ്പെട്ടു (ഇപ്പോൾ ആന്ധ്ര) കലിംഗന്മാരുടെ സ്ഥലം കലിംഗം (ഇപ്പോൾ ഒഡിഷ). മൊത്തത്തിൽ ദേശങ്ങൾ രൂപപ്പെടുന്നത് ഒരു പ്രത്യേക ജനവിഭാഗം ഏതെങ്കിലും ഒരു ഭൂഭാഗം ആവാസകേന്ദ്രമായി സ്വീകരിക്കുമ്പോൾ ആണ്. സ്ഥിരവാസത്തിലേക്കു നീങ്ങുന്നവർ, സ്വദേശത്തോട് സ്വീകരിക്കുന്ന വൈകാരിക ആകർഷണമാണ് നാം ദേശാഭിമാനം എന്ന് പൊതുവിൽ വിളിക്കുന്നത്. ഏലി കേഡറി, ഏർനെസ്റ്റ് രെനൻ മുതലായ ചിന്തകരും ഈ അർത്ഥത്തിലാണ് ദേശീയതയെ വിലയിരുത്തുന്നത്.

ഇവിടെ ഒരു പ്രശ്നമുണ്ട്. സ്ഥിരവാസം നടത്തുന്ന ജനസമൂഹവും അധിവസിക്കുന്ന ദേശവും തമ്മിലുള്ള ബന്ധത്തിന് വസ്തുതാപരമായ ന്യായീകരണവും കണ്ടെത്തേണ്ടിവരും. സ്ഥിരമായ സംഘർഷങ്ങളും യുദ്ധങ്ങളും കുടിയേറ്റങ്ങളും നടക്കുന്ന ചരിത്രഘട്ടങ്ങളിൽ ഇത് പലപ്പോഴും വളരെ പ്രയാസമേറിയ ഒന്നാണ്. തത്കാലത്തേക്ക് കുറി പ്പാർപ്പുകാരനെ സ്വദേശി എന്നും ആക്രമണകാരിയെ വിദേശി എന്നും വിളിക്കാം. പക്ഷേ, ഈ ഭിന്നത എല്ലാ കാലത്തും നിലനിൽക്കണമെന്നില്ല. ഉദാഹരണത്തിന് അമേരിക്കയിലെ സ്വദേശികൾ ഇൻഡ്യന്മാർ എന്ന് വിളിക്കപ്പെട്ട ഗോത്രജനതയാണ്. അവരിൽ ആസ്റ്റെക്കുകൾ, മയന്മാർ, പെറുവിയൻമാർ മുതലായവർ വൻസംസ്കാരങ്ങളും സൃഷ്ടിച്ചിരുന്നു. ഇപ്പോൾ അവർ പ്രാന്തവത്കരിക്കപ്പെടുകയും യൂറോപ്യന്മാർ ദേശവാസികളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. പശ്ചിമേഷ്യയിലെ ജൂഡിയയെ റോമാസാമ്രാജ്യം കീഴടക്കി. അവിടത്തെ നിവാസികൾ ചിന്നിച്ചിതറി ലോകത്തിലെ പലഭാഗങ്ങളിലുമെത്തി. നിരന്തര യുദ്ധങ്ങളാൽ ആട്ടിയോടിക്കപ്പെട്ട യൂറോപ്പിലെ ഡാന്യൂബ് നദീതടവാസികൾ ജിപ്സികൾ എന്ന പേരിലുള്ള നാടോടികളായി. ഇപ്പോൾ ലോകമാസകലം സ്വദേശത്തിൽ നിന്ന് മറുനാടുകളിലേക്ക് കുടിയേറിയവരുടെ എണ്ണം അതിവേഗത്തിൽ വർധിക്കുകയാണ്. ഇവരുടെയെല്ലാം ദേശീയത എങ്ങനെ നിർവചിക്കും എന്ന പ്രശ്നമുണ്ട്.

## കല്പിതസമുദായങ്ങൾ

ബെനഡിക്ട് ആൻഡേഴ്സൺ എന്ന സാമൂഹ്യശാസ്ത്രജ്ഞൻ ഇനോനേഷ്യയെക്കുറിച്ച് നടത്തിയ പഠനങ്ങളെ ആധാരമാക്കി മുൻസൂചിപ്പിച്ച പ്രശ്നത്തിന് മറുപടിയായി രണ്ടു ആശയങ്ങൾ മുന്നോട്ടു വെച്ചു. അതിലൊന്ന് തുടർച്ചക്രമങ്ങളാണ് (serialties). സ്ഥിരവാസമുള്ള ഏതൊരു സമൂഹത്തിനും അവരുടെ നിത്യജീവിതവ്യവഹാരങ്ങളുടെ ഭാഗമായി സാമ്പത്തികവും സാംസ്കാരികവുമായ തുടർച്ചക്രമങ്ങൾ സൃഷ്ടിക്കും. അവയിൽ ചിലത് സംവൃതവും സ്വന്തം സമൂഹത്തെ മറ്റു സമൂഹങ്ങളിൽ നിന്ന് വേർതിരിക്കുന്നതുമായിരിക്കും. മറ്റു ചിലതു തുറന്നതും, മറ്റു സമൂഹങ്ങളുമായി ബന്ധങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നതുമാകും. ഇത്തരം തുടർച്ചക്രമങ്ങൾ ജീവിതാനുഭവങ്ങളുടെ ഉത്പന്നങ്ങളായിരിക്കും. എങ്കിലും അവക്ക് വസ്തുതാപരമായ പിൻബലം നൽകാൻ ഈ തുടർച്ചക്രമങ്ങളെ കൃത്യമായി അനുവർത്തിച്ചുപോരുന്ന സ്ഥിരവാസികളുടെ സമുദായത്തെക്കുറിച്ചുള്ള പരികല്പനകൂടി ഉൾപ്പെടുത്തും. ഇവയെല്ലാം ചരിത്രയാഥാർഥ്യങ്ങളാകണം എന്ന് നിർബന്ധമില്ല. പക്ഷെ അവർക്ക് ഇന്നത്തെ ദേശസമൂഹം പ്രകടിപ്പിക്കുന്ന ചില സവിശേഷതകളെ വിശദീകരിക്കാൻ കഴിയും.

ഒരു പ്രത്യേക ദേശഭാഷയുടെ വികാസവും അതിൽ നടക്കുന്ന അച്ചടി വഴി ഇത്തരം പരികല്പനകൾ ദേശവാസികളിൽ മുഴുവൻ എത്തിക്കാനുള്ള സാധ്യതയും ദേശീയ ഉദ്ഗ്രഥനത്തിനു സഹായകരമാകും. അതായത് ദേശഭാഷയുടെയും അച്ചടിയുടെയും അല്ലെങ്കിൽ അച്ചടിമുതലാളിത്തത്തിന്റെയും വികാസം ദേശീയതയുടെ വികാസത്തിന് സഹായകരമാകും.

ആൻഡേഴ്സന്റെ വിശദീകരണം ദേശീയതയുടെ പ്രശ്നത്തെ അതിന്റെ സമഗ്രതയിൽ കാണുന്നില്ല. അച്ചടിമുതലിതം ആധുനികസമൂഹത്തിലെ പ്രവണതയാണ്. പ്രാചീനസമൂഹങ്ങളിലും ആധുനികകാലത്തെ ഗോത്രസമൂഹവേർതിരിവുകളെയും വിശുദ്ധീകരിക്കാൻ അതു പര്യാപ്തമല്ല. അക്രവാദിമുതലാളിത്തം വഴി വിശദീകരിക്കുന്ന തുടർചക്രമങ്ങളാണ് ദേശീയതയെ സൃഷ്ടിക്കുന്നത് എന്ന് വാദിച്ചാൽ ഇതിന്റെ ഫലമായി പ്രഹരിപ്പിക്കപ്പെടുന്ന എല്ലാ ആശയങ്ങളും ഫാസിസവും മതവാദങ്ങളും ഉൾപ്പെടെ ദേശീയതയുടെ അടിത്തറയാണെന്നു വാദിക്കേണ്ടിവരും. അച്ചാദിപരമ്പര്യമില്ലാത്ത അമേരിക്കൻ ഗോത്രസമൂഹങ്ങൾക്ക് പിന്നെ ഒരു അവകാശവും ഉണ്ടാകില്ല. അച്ചടി മാറി ഡിജിറ്റൽ യുഗത്തിലേക്ക് പ്രവേശിച്ച ഇന്നത്തെ ഘട്ടത്തിൽ ദേശീയതയും മെല്ലെ തിരോധാനം ചെയ്യുന്ന എന്നും വേണമെങ്കിൽ വാദിക്കാം. പ്രത്യേകിച്ച്, സംവൃതമായ തുടർചക്രമങ്ങൾ പല നാട്ടുകളിലും ദുർബലമായി വരുന്ന സാഹചര്യങ്ങളിൽ ദേശീയതയുടെ സാഹചര്യങ്ങളും ദുർബലമാകും.

## രാഷ്ട്രവും ദേശവും

മറ്റൊരു വാദം എറിക് ഹോബ്സ്ബോമിന്റേതാണ്. ദേശരാഷ്ട്രങ്ങളെ തികച്ചും ആധുനികവും മുതലാളിത്ത വികാസത്തിന്റെ ഉത്പന്നവുമായ പ്രവണതയായാണ് അദ്ദേഹം വിശദീകരിക്കുന്നത്. ഫ്യൂഡൽ നാടുവാഴികളുടെ കീഴിൽ അവരുടെ ഭരണപ്രദേശങ്ങളാണ് ഉണ്ടായിരുന്നത്. ഫ്യൂഡൽ കോയ്മകളുടെയും മതാധിപത്യത്തിന്റെയും അടിസ്ഥാനത്തിൽ നിർവചിക്കപ്പെട്ടതാണ് ഈ പ്രദേശങ്ങൾ. മുതലാളിത്തത്തിന്റെ വളർച്ചയോടെ സാമ്പത്തികഘടനയുടെയും വിഭവപ്രദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രദേശങ്ങൾ നിർണയിക്കപ്പെട്ടു. ഭാഷ, സംസ്കാരം മുതലായവ ജനവിഭാഗങ്ങളുടെ ഏകോപനത്തിന്റെ ഘടകങ്ങളായി. ഇത്തരത്തിൽ ഏകീകരിക്കപ്പെട്ട പ്രദേശങ്ങളുടെ

മേൽ പുതിയ രാഷ്ട്രങ്ങളുടെ റോപ്പേ കാരണം നിയമപരവും ഭരണപരവുമായ സംവിധാനങ്ങളേർപ്പെടുത്തി കൂടുതൽ ശക്തമായ ഏകോപനം സാധ്യമാക്കി. ജനങ്ങളുടെ ഏകോപനത്തിനു വസ്തുതാപരവും വൈകാരികവുമായ പിൻബലം നല്കാൻ പുതിയ പാരമ്പര്യങ്ങൾ സൃഷ്ടിക്കപ്പെട്ടു. പുതിയ ആചാരാനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, പ്രകടനമുറകൾ തുടങ്ങിയവ സൃഷ്ടിക്കപ്പെട്ടു. ഇത്തരത്തിലുള്ള ദേശരാഷ്ട്രങ്ങൾ യുദ്ധങ്ങളിലൂടെയും നയതന്ത്രസമീപനങ്ങളിലൂടെയും മറ്റു ദേശരാഷ്ട്രങ്ങളുമായി ഭിന്നതകൾ നിലനിർത്തുകയും വൈകാരിക ദേശാഭിമാനത്തിലൂടെ ഈ വേർതിരിവുകൾ ശക്തിപ്പെടുത്തുകയും ചെയ്തു.

ഏർനെസ്റ്റ് ഗേൾനെർ ഇതിനോടൊപ്പം മറ്റൊരു കാര്യവും ചേർക്കുന്നു. ദേശീയത ജനങ്ങളിൽനിന്ന് വളർന്നു വരുന്ന പ്രവണതയല്ല, ഭരണകൂടം അവരുടേതായ മാർഗങ്ങളിലൂടെ ജനങ്ങളെ ഏകോപിപ്പിക്കാൻ അടിച്ചേൽപ്പിക്കുന്ന ആശയസംഹിതയും പ്രവർത്തനതന്ത്രങ്ങളുമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ രാഷ്ട്രത്തിന്റെ ഉല്പന്നമാണ് ദേശീയവികാരം. ഒരു പ്രത്യേകസമൂഹത്തിൽ പ്രത്യക്ഷപ്പെടുന്ന ദേശീയവികാരം ഭരണവർഗത്തിന്റെ ആശയസംഹിതമായി മരുന്ന് എന്ന് വിശദീകരിച്ചാൽ ഇന്ന് പ്രത്യക്ഷപ്പെടുന്ന നിരവധി ദേശസങ്കല്പങ്ങളെ വിലയിരുത്താനാകും.

## ദേശീയതയുടെ വസ്തുനിഷ്ഠ ആത്മനിഷ്ഠഘടകങ്ങൾ

ദേശീയതയെക്കുറിച്ചുള്ള മറ്റൊരു പ്രസിദ്ധമായ നിർവചനം ജോസഫ് സ്റ്റാലിന്റേതാണ്. ഭാഷ, സംസ്കാരം, ഉല്പാദനം, ഭൂമിശാസ്ത്രം, പൊതുവികാരം എന്നീ അഞ്ചു ഘടകങ്ങളാണ് ദേശത്തെ നിർവചിക്കാൻ സ്റ്റാലിൻ നിർദേശിച്ചത്. ഒരു ദേശീയ റിപ്പബ്ലിക്കുകളുടെ യൂണിയനായി യു എസ് എസ് ആറിനെ നിർവചിക്കുന്നതിലും അത് പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിലും ഈ കാഴ്ചപ്പാട് പ്രധാന പങ്ക് വഹിച്ചു. ദേശീയതയുടെ വസ്തുനിഷ്ഠ ആത്മനിഷ്ഠതലങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള നിലപാടാണ് സ്റ്റാലിൻ അവതരിപ്പിച്ചത്. ഈ ഘടകങ്ങൾ സാമ്രാജ്യത്വവിരുദ്ധമായ ദേശീയ മോചനപോരാട്ടങ്ങളെ നിർണ്ണയിക്കുന്നതിന് പ്രധാന ഉപാധിയായി ത്തീർന്നു.

സ്റ്റാലിന്റെ നിർവചനം വരുന്നതിനുമുമ്പ് മാർക്സിസം അംഗീകരിച്ച സോഷ്യൽ ഡെമോക്രാറ്റുകൾക്കിടയിൽ ഒരു പ്രധാന സംവാദം വളർന്നുവന്നിരുന്നു. പോളണ്ടിന്റെ മോചനത്തെക്കുറിച്ച് റോസാ ലക്സംബർഗ്ഗ് ഉന്നയിച്ച വാദം ഉദാഹരണമാണ്. പോളണ്ടിൽ ജനിച്ച് ജർമ്മനിയേ തന്റെ പ്രവർത്തനമണ്ഡലമായി സ്വീകരിച്ച വിപ്ലവകാരിയാണ് ലക്സംബർഗ്ഗ്. നൂറ്റാണ്ടുകളായി റഷ്യയുടെയോ ജർമനിയുടെയോ ചവിട്ടടിയിൽ കിടക്കേണ്ടിവന്ന പോളണ്ടുകാരുടെ പ്രശ്നം അന്നത്തെ സജീവ ചർച്ചാവിഷയമായിരുന്നു. പോളണ്ടിന്റെ ദേശീയമോചനപോരാട്ടം സോഷ്യൽ ഡെമോക്രാറ്റുകൾ ഏറ്റെടുക്കണം എന്ന വാദം ലക്സംബർഗ്ഗ് അംഗീകരിച്ചില്ല. പിന്നോക്കപ്രദേശമായ പ്ലാൻഡ് വീണ്ടും സാമ്രാജ്യത്വത്തിന്റെ ചവിട്ടടിയിൽ പെടുക എന്നാണ് അതിന്റെ അർഥം. അത് കൊണ്ട് പോളിഷ് ജനതയ്ക്കാവശ്യം ഒരു സോഷ്യലിസ്റ്റ് വിപ്ലവമാണ്. എന്നാൽ മാത്രമാണ് ഒരു സ്വതന്ത്ര ജനതയെന്ന നിലയിൽ, അവർക്ക് നിലനിൽക്കാനാകുക. ഈ വാദം വ്യാപിപ്പിച്ചത് എല്ലാ ദേശീയമോചനപോരാട്ടങ്ങളും മുതലാളിത്തവിരുദ്ധ പോരാട്ടങ്ങളാണ് അതുകൊണ്ട് അവ സോഷ്യലിസ്റ്റ് വിപ്ലവങ്ങളിലേക്ക് നീങ്ങേണ്ടിവരും.

ലെനിൻ ലക്സംബർഗ്ഗിന്റെ ഈ വാദത്തോട് യോജിച്ചില്ല. സൈദ്ധാന്തികനിലപാടനുസരിച്ച് മാത്രമല്ല, മൂർത്തസാഹചര്യങ്ങളുടെ മൂർത്ത വിശകലനത്തിനനുസരിച്ചാണ് വിപ്ലവപ്രവർത്തനം നടത്തേണ്ടത്. മുതലാളിത്തത്തെ ഇല്ലായ്മചെയ്യുന്ന സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് നീങ്ങണമെങ്കിൽ അതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ വളർന്നുവരണം. വിപ്ലവപരമായ വർഗ്ഗപരവും ജനകീയവുമായ മുന്നേറ്റങ്ങൾ അതനുസരിച്ച് സൃഷ്ടിക്കപ്പെടണം. അവ വളർന്നു വന്നില്ലെങ്കിൽ സാമൂഹ്യരാഷ്ട്രീയ സംഘർഷങ്ങളുടെ ജനകീയതലം വിലയിരുത്തി അടവുനയങ്ങൾ രൂപപ്പെടുത്താൻ വിപ്ലവകാരി ബാധ്യസ്ഥരാണ്. ഈ സാഹചര്യങ്ങളിൽ ദേശീയത രൂപപ്പെട്ട തലവും കണക്കിലെടുക്കേണ്ടിവരും. പ്രത്യേകിച്ച് ഒരു ദേശീയവിഭാഗത്തെ മറ്റൊരു വിഭാഗം അടിച്ചമർത്തി കോളനിയായി മാറ്റുമ്പോൾ ജനകീയ പോരാട്ടങ്ങളുടെ മുഖ്യലക്ഷ്യം കൊളോണിയലിസത്തിൽനിന്നുള്ള മോചനമായിരിക്കും. അപ്പോൾ മുതലാളിത്തപാത പിന്തുടരുന്ന ദേശീയവാദികളുമായുള്ള സഖ്യം അനിവാര്യമാകും. ഈ സഖ്യത്തിന്റെ സ്വഭാവമെന്തായിരിക്കുമെന്നു പ്രാദേശികമായി തീരുമാനിക്കണം. പക്ഷെ, അവിടെ സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്കാണ് നീങ്ങേണ്ടത് എന്ന വാദം എടുത്തുചാട്ടമാകും. ഈ വാദം കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിൽ എം എൻ റോയുമായി നടന്ന സംവാദത്തിലും ലെനിൻ ഉന്നയിച്ചു.

ദേശീയതയെക്കുറിച്ച് മറ്റൊരു വാദഗതി ഇതിലൂടെ വളർന്നു വരുന്നുണ്ട്. ദേശീയതയെ നിർവചിക്കേണ്ടത് വെറും വിവരണാത്മകമായി മാത്രമല്ല, ജനവിഭാഗങ്ങളുടെ പോരാട്ടങ്ങളുടെ തലത്തിൽ കൂടിയാണ്. സ്റ്റാലിൻ സൂചിപ്പിച്ച ഘടകങ്ങൾ എല്ലാം ദേശീയതയുടെ ഭാഗമാണ്. പക്ഷെ, അവ മൂർത്തരൂപം പ്രാപിക്കുന്നത് ഒരു ജനവിഭാഗം അവരുടെ സ്വാശ്രയത്വം നിലനിർത്താൻ നടത്തുന്ന പോരാട്ടങ്ങളിൽ കൂടിയാണ്. സ്വാശ്രയത്വം എന്നത് ഒരു ജനതയ്ക്ക് അവരുടെ സാമ്പത്തികബന്ധങ്ങൾ, വിഭവസ്രോതസ്സുകൾ, ഭാഷ, സംസ്കാരം മുതലായവ പരാശ്രയമില്ലാതെ സ്വയം നിലനിർത്താനുള്ള കഴിവാണ്. അവ നിലനിർത്താൻ ഒരു ജനതയ്ക്ക് കഴിഞ്ഞില്ലെങ്കിൽ അവർ ജീവിതമാർഗം തേടി അലയുന്ന നാടോടികളാകും. ഇതിനാവശ്യമായ ഭരണകൂടം, നിയമസംഹിതകൾ, സാമൂഹ്യവും രാഷ്ട്രീയവുമായ സുരക്ഷാമാർഗങ്ങൾ തുടങ്ങിയവ സ്വതന്ത്രമായി സൃഷ്ടിക്കാനുള്ള കഴിവും നിർണായകമാണ്. ഇവ നേടിയെടുക്കാനാണ് ദേശീയമോചനപോരാട്ടങ്ങൾ ശ്രമിക്കുന്നത്. സാമൂഹ്യമോചന പോരാട്ടങ്ങളുടെയെല്ലാം അന്ത്യം ദേശീയമോചനത്തിലൂടെ സാധിക്കുകയില്ല. മൂഢാനചൂഷണരൂപങ്ങൾക്കെതിരെയുള്ള സമരം വീണ്ടും തുടരും. ദേശത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള ചൂഷണമർദനരൂപങ്ങൾ ഇല്ലാതാക്കി ജനങ്ങളുടെ അതിജീവനപ്രക്രിയയുടെ സുസ്ഥിരമായ വികാസം ഉറപ്പുവരുത്തുന്ന സാമൂഹ്യസംവിധാനങ്ങൾ ലക്ഷ്യമാക്കിയുള്ള പോരാട്ടം ദേശീയതലത്തിൽ തുടരേണ്ടിവരും.

ഈ ആശയമാണ് സ്റ്റാലിൻ ഒരു രാജ്യത്തിലെ സോഷ്യലിസം എന്നതിലൂടെ മുന്നോട്ടുവെച്ചത്. സോഷ്യലിസം സാർവദേശീയമായ പരിവർത്തനരൂപമാണെന്നതിൽ സ്റ്റാലിനടക്കം ആർക്കും സംശയമില്ലായിരുന്നു. പക്ഷെ, സോഷ്യലിസ്റ്റ് പരിവർത്തനത്തിനാവശ്യമായ ഘടകങ്ങൾ എല്ലാ ദേശങ്ങളിലും ഒരു പോലെ വികസിച്ചുവരണമെന്നില്ല. ഇത് സൃഷ്ടിക്കേണ്ട ബാധ്യത അധികാരത്തിൽ വരുന്ന വർഗത്തി

നാണ്. അതിന്റെ രാഷ്ട്രീയനേതൃത്വത്തിനാണ്. സാമ്രാജ്യത്വം മറുവശത്തു ശക്തിപ്രാപിച്ചുവരുമ്പോൾ ഈ മുന്നേറ്റത്തിന് ദേശീയമായ ഘടകങ്ങളെയും ഉപയോഗിക്കേണ്ടിവരും. മാവോ സെ ദോങ് തന്റെ പുതിയ ജനാധിപത്യത്തിലും സമാനമായ ആശയമാണ് മുന്നോട്ടുവെച്ചത്. സാമ്രാജ്യത്വഭീഷണി നേരിട്ടനുഭവപ്പെട്ടപ്പോൾ അതിനെതിരെ പോരാടാൻ ദേശീയഘടകങ്ങൾ ഉപയോഗിക്കേണ്ടിവരും. അതിനായി വർഗ്ഗശത്രുവായ ഗ്വയൊമിങ്ത്താങ്ങുമായും സന്ധി ചെയ്യാം. പക്ഷെ, ഇത് വിപ്ലവപാതയിൽ നിന്നുള്ള വ്യതിചലനമല്ല. ഫ്രഞ്ച് കൊളോണിയലിസത്തിനെതിരായ പോരാട്ടത്തിൽ ഹോ ചിമിൻ ഈ നിലപാടിന് പ്രയോഗികസ്വഭാവം നൽകി. ദേശീയമോചനപോരാട്ടം തന്നെ ജനാധിപത്യവിപ്ലവപോരാട്ടമായി മാറിയ സ്ഥിതിയായിരുന്നു വിയറ്റ്നാമിൽ വളർന്നുവന്നത്.

ദേശീയതയെക്കുറിച്ചുള്ള വ്യത്യസ്തമായ സങ്കല്പമാണ് ഇവർ വരച്ചുകാട്ടിയത്. ഒരു ദേശവാസികളായ ജനങ്ങൾക്ക് അവരുടെ ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ വിഭവസാമഗ്രികൾ ഉപയോഗിച്ച സ്വന്തം ജീവിതം ഉണ്ടാക്കേണ്ടിവരും. ഭാഷയുടെയും സംസ്കാരത്തിന്റെയും ചേരുവകളിലൂടെ അതിനാവശ്യമായ സാമൂഹ്യതലവും സൃഷ്ടിക്കേണ്ടിവരും. ഇതിനു രണ്ടുവിധത്തിലുള്ള പോരാട്ടങ്ങൾ അവർ നടത്തുന്നുണ്ട്. ഒന്ന് വിഭവങ്ങളെയും സമ്പത്തിനെയും കവർന്നെടുക്കുകയും അതിനനുകൂലമായ മനോഭാവം തദ്ദേശവാസികളിൽ സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സാമ്രാജ്യത്വമാണ്. മറ്റൊന്ന് സ്വന്തം ആശയസംഹിതകളെയും രാഷ്ട്രീയനൈതികഘടനയെയും ആധാരമാക്കി ഇതേ സാമ്പത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്ന ദേശീയഭരണവർഗങ്ങളാണ്. ഇവർ ഇരുകൂട്ടരും സ്വന്തം അധികാരം ഉറപ്പിക്കാൻ അവരുടേതായ ആശയസംഹിതകളും പാരമ്പര്യങ്ങളും നിർമിക്കുകയും അവയ്ക്ക് ജനങ്ങളുടെ അംഗീകാരം വാങ്ങിച്ചെടുക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വത്തിന്റെ ലോകം സ്വതന്ത്രലോകമാണെന്നും സോഷ്യലിസവും പൗരസ്ത്യരാഷ്ട്രങ്ങളുടെ ആശയസംഹിതകളും പാരതന്ത്ര്യത്തിലേക്കും സർവ്വാധിപത്യത്തിലേക്കുമുള്ള ചവിട്ടുപടികളാണെന്നുമുള്ള പാശ്ചാത്യസിദ്ധാന്തങ്ങൾ ഉദാഹരണങ്ങളാണ്. അതേസമയം സ്വന്തം ജനതയുടെ വിധേയത്വം ഉറപ്പിക്കാൻ വംശീയതയും മതവും യൂറോപ്യൻ നാഗരിക ആധിപത്യസിദ്ധാന്തങ്ങളുമടക്കം എന്തും ഉപയോഗിക്കാൻ സാമ്രാജ്യത്വം മടികാണിക്കാറില്ല. നവലിബറൽ മൂലധനവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അമേരിക്കയും യൂറോപ്യൻ യൂണിയനും ഒഴികെയുള്ള ദേശീയരാഷ്ട്രങ്ങളെല്ലാം തകർന്നുകൊണ്ടിരിക്കുകയാണെന്ന സിദ്ധാന്തം മറ്റൊന്നാണ്.

## ദേശീയത കൊളോണിയലിസത്തിനുശേഷം

ഇതിനെതിരായി മുൻ കൊളോണിയൽ (ചിലർ വാദിക്കുന്നതുപോലെ കോളോണിയലാനന്തര രാഷ്ട്രങ്ങൾ) രാഷ്ട്രങ്ങൾ അവരുടേതായ ഭരണവർഗാശയസംഹിതകൾ വളർത്തിയെടുക്കുകയും അവയുടെ അടിസ്ഥാനത്തിലുള്ള ദേശനിർമിതിക്കുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നു. അവയിൽ ഒരു പക്ഷെ ഏറ്റവും ശക്തം രാഷ്ട്രീയ ഇസ്ലാമാണ്. ഇസ്ലാമികമായ കല്പിതസമുദായങ്ങളുടെ നിർമിതി പശ്ചിമേഷ്യൻ രാജ്യങ്ങളിൽ വരുടെ രീതിയിലുള്ള കല്പിതദേശനിർമിതി സാധ്യമാക്കുന്നുണ്ട്. ഇറാൻ, ഇറാക്ക്, സൗദി അറേബ്യ, എമിറേറ്റുകൾ, തുർക്കി, തുടങ്ങിയ രാജ്യങ്ങളുടെ ദേശനിർമിതി ഇതിനുദാഹരണമാണ്. ഏറ്റവും അവസാനം അഫ്ഘാനിസ്ഥാനിലേക്കും ഇത്തരം ദേശനിർമിതി വ്യാപിക്കുകയാണ്. ഇവിടെ ഒരിടത്തും ഏർനെസ്റ്റ് റെനയോ സ്റ്റാലിനോ ഹോബ്സ്ബോമോ വിശദീകരിച്ചതുപോലുള്ള ദേശനിർമിതിയല്ല നടക്കുന്നത്. ഭാഷ , സംസ്കാരം, ഭൂമിശാസ്ത്രം, ദേശവികാരം തുടങ്ങിയവയുടെ എല്ലാം മുകളിൽ ഇസ്ലാമിക ആശയസംഹിത സൃഷ്ടിക്കുന്ന അമൂർത്തമായ കല്പിതസമുദായമാണ് ആധിപത്യം സ്ഥാപിക്കുന്നത്. ഇതിനുള്ള അംഗീകാരം നേടിയെടുക്കുന്നതിനു പ്രാദേശികതകളെ ഉപയോഗിക്കുമെന്ന് മാത്രം.

ഇന്ത്യയിലെ ഹിന്ദുരാഷ്ട്രവാദത്തിനും സമാനമായ സ്വഭാവമാണുള്ളത്. ഇന്ത്യ പ്രമുഖചരിത്രകാരിയായ റോമില ഥാപ്പർ അഭിപ്രായപ്പെട്ടതുപോലെ ഒരു ബഹുസാംസ്കാരികമൊസൈക് ആണ്. ഇന്ത്യക്കു ഒരു സാംസ്കാരികചരിത്രമല്ല ഉള്ളത്, പല ചരിത്രങ്ങളാണ്. അതുകൊണ്ട് ഇന്ത്യയിൽ ഒരു ദേശീയതയല്ല ഉള്ളത്, പല ദേശീയതകളാണ്. ഇവ വിവിധരാഷ്ട്രങ്ങളുടെ ഭരണപ്രദേശങ്ങളായി നിലനിന്നതുകൊണ്ടും വിവിധ സഞ്ചാരപാതകളും ജനങ്ങളുടെ കുടിയേറ്റങ്ങളും വഴി ബന്ധിപ്പിക്കപ്പെട്ടു കിടന്നതുകൊണ്ടും പൂർണമായും വേർതിരിക്കപ്പെട്ട സംവൃതമായ തുടർച്ചക്രമങ്ങളല്ല ഉണ്ടായി വന്നത്. ഇത്തരത്തിൽ സൃഷ്ടിക്കപ്പെട്ട ശൃംഖലകളെയാണ് മൊസൈക് എന്ന് വിളിക്കുന്നത്. ഹിന്ദു എന്നത് ഒരിക്കലും ഒരു മതമായിരുന്നില്ല, ഭൂമിശാസ്ത്രപരമായ സംവേദനം മാത്രമായിരുന്നു. അതുകൊണ്ടു മുസ്ലിം ഭരണാധികാരികൾക്കും ഹിന്ദുപദ് സുൽത്താൻ എന്നും ഹിന്ദുപദ് പദശ എന്നും സ്വന്തം ഭരണപ്രദേശത്തെ ഹിന്ദുസ്ഥാൻ എന്നും വിശേഷിപ്പിക്കുന്നതിൽ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. ഇന്ത്യയെപ്പറ്റി എഴുതിയ അറബികൾക്കും ഇവിടെ ഏകീകൃതമായ മതം നിലനിന്നു എന്ന ധാരണയുണ്ടായിരുന്നതായി കാണുന്നില്ല. അവർ കൂടുതൽ ശ്രദ്ധിക്കുന്നത് ഇവിടെയുണ്ടായിരുന്ന ജാതിക്രമത്തെയും അതിന്റെ ആശയസംഹിതയായ ചാതുർവർണ്യവും മാത്രമാണ്. ക്രിസ്ത്യൻ മിഷനറിമാരും പിന്നീട് ബ്രിട്ടീഷ് ഭരണാധികാരികളുമാണ് ഇത്തരത്തിൽ ഒരു മതത്തെക്കുറിച്ച് സംസാരിച്ചത്. തുടർന്ന് വിവേകാനന്ദനെപ്പോലെയുള്ള ആധുനിക മതചിന്തകർ ഹിന്ദുമതത്തെക്കുറിച്ചുള്ള വാദമുഖങ്ങൾ നിരത്തുകയും പ്രായോഗിക വേദാന്തം ഇന്ത്യൻ സംസ്കാരത്തിന്റെ സ്വഭാവമായി വിശേഷിപ്പിക്കുകയും ചെയ്തു. ആധ്യാത്മികതയും ഹിന്ദുസംസ്കാരത്തിന്റെ അടിസ്ഥാന സ്വഭാവമായി കണക്കാക്കപ്പെട്ടു. ഇത്തരത്തിൽ യൂറോപ്പിൽ വളർന്നുവന്ന ആര്യൻ മിത്ത് പോലെ ഇന്ത്യയിൽ ഒരു ഹിന്ദു മിത്ത് ഉടലെടുക്കുകയായിരുന്നു. തീർത്ഥാടനകേന്ദ്രങ്ങളും ക്ഷേത്രങ്ങളും ഇതിഹാസപുരാണങ്ങളിൽ പരാമർശിക്കപ്പെട്ട സ്ഥലങ്ങളുമെല്ലാം പുതിയ ഹിന്ദുരാഷ്ട്രത്തിന്റെ ദൈവികഭൂമിശാസ്ത്രമായി മാറുകയായിരുന്നു.

രാഷ്ട്രീയഇസ്ലാമും ഹിന്ദുത്വവാദവും ഒരേ രീതിയിലാണ് ചിന്തിക്കുന്നതെന്ന് കാണാൻ പ്രയാസമില്ല. ഇരുവരും ബഹുദേശീയസ്വഭാവമുള്ള ജനവിഭാഗങ്ങളിൽ പ്രചരിച്ച ആശയസംഹിതകളാണ്. അമൂർത്തവും സമൂഹത്തിലെ ഉന്നതർ (ബ്രാഹ്മണർ, അഷ്റഫുകൾ) പിന്തുടർന്നതുമായ ധാർമ്മികനീതിക്രമങ്ങൾ ഉപയോഗിച്ചുള്ള ആധുനിക ദേശരാഷ്ട്രനിർമിതിക്കാണ് ഇരുകൂട്ടരും ശ്രമിക്കുന്നത്. ഗേൾനെർ സൂചിപ്പിച്ചതുപോലെ ഇതിനു ഭരണാധികാരികളുടെ ഭാഗത്തുനിന്നുള്ള മർദ്ദനത്തിന്റെ അടിസ്ഥാനത്തിലുള്ള അംഗീകാരനിർമിതി വേണ്ടിവരും. സ്വേച്ഛാധിപത്യപ്രവണതകൾ ഹിന്ദുരാഷ്ട്രത്തിനും പൊളിറ്റിക്കൽ ഇസ്ലാമിനും അനിവാര്യ

മാണ്. അതിനു ജനവിഭാഗങ്ങളുടെ ബഹുദേശീയസ്വഭാവം തകർത്തു കൃത്രിമമായി ഏകോപിപ്പിക്കേണ്ടി വരും.

സാമ്രാജ്യത്വം ആഗോളതലത്തിൽ ചെയ്യാൻ ശ്രമിക്കുന്നതിന്റെ മറുപുറം മാത്രമാണിത്. സാമ്രാജ്യത്വം സ്വന്തം വാണിജ്യ- വിവരശൃംഖലകൾ വഴി ദേശീയതകളെ തകർക്കുമ്പോൾ മതരാഷ്ട്രവാദികൾ സ്വന്തം ആശയവിവരശൃംഖലകൾ വഴി ദേശീയതകളെ തകർത്തു രാഷ്ട്രനിർമാണം നടത്തുകയാണ്. ദേശീയമോചനപോരാട്ടങ്ങൾ ജനാധിപത്യവിപ്ലവപോരാട്ടങ്ങളായി മാറുന്നത് അവ ജനങ്ങളുടെ അതിജീവനപ്രശ്നങ്ങൾ ഏറ്റെടുക്കുമ്പോൾ ആണ്. നിലവിലുള്ള വിഭവസമ്പത്തിന്റെയും ഉല്പാദനരൂപങ്ങളുടെയും ഭാഷയുടെയും സംസ്കാരത്തിന്റെയും അടിത്തറയിൽ നിന്ന് കൊണ്ട് നടത്തുന്ന അതിജീവനപോരാട്ടങ്ങളാണ് മികച്ച സാമ്രാജ്യത്വവിരുദ്ധപോരാട്ടങ്ങളായി മാറിയത്. അവിടെ മതരാഷ്ട്രവാദികളുടെ അമൂർത്തസങ്കല്പങ്ങൾക്ക് കാര്യമായ പങ്കുണ്ടായിരുന്നില്ല. ഇന്ത്യൻ ദേശീയപ്രസ്ഥാനം തന്നെയാണ് ഏറ്റവും നല്ല ഉദാഹരണം. ഇതിൽ പങ്കെടുത്തവർ ഭൂരിഭാഗവും ഏതെങ്കിലും മതത്തിൽ വിശ്വസിച്ചവരായിരുന്നു. പക്ഷെ, ബ്രിട്ടീഷ് വിരുദ്ധപോരാട്ടങ്ങളിൽ അവർ മുറുകെപിടിച്ചത് നിത്യജീവിതപ്രശ്നങ്ങളെയായിരുന്നു. ഏതെങ്കിലും മതസംഹിതയായിരുന്നില്ല. മറ്റു ഭൂരിഭാഗം രാഷ്ട്രങ്ങളിലെ മോചനപോരാട്ടങ്ങൾക്കും ഈ സ്വഭാവം കാണാം.

## സാംസ്കാരികദേശീയത

മതദേശീയതകൾക്കു നൽകുന്ന ഓമനപ്പേരാണ് സാംസ്കാരികദേശീയത. രാഷ്ട്രീയദേശീയത, സാമ്പത്തികദേശീയത തുടങ്ങിയവയിൽനിന്ന് വ്യത്യസ്തമായ ഒന്നായാണ് സാംസ്കാരികദേശീയതയെ കാണുന്നത്. ചിലർ നേരിട്ട് തന്നെ മതദേശീയത എന്ന പ്രയോഗവും നടത്തുന്നുണ്ട്. മുമ്പ് സൂചിപ്പിച്ച ദേശീയസങ്കല്പങ്ങളിൽ നിന്ന് തികച്ചും ഭിന്നമായ ഒന്നാണ് ഇതെന്ന് കാണാൻ വിഷമമില്ല. രാഷ്ട്രീയദേശീയത ദേശരാഷ്ട്രം സൃഷ്ടിക്കാനുള്ള ശ്രമം മാത്രമാണ്. സാമ്പത്തികദേശീയത മറ്റൊരു രൂപത്തിൽ സ്വാശ്രയത്വമാണ്. സാംസ്കാരികദേശീയത ഭാഷയടക്കം ഒരു പ്രദേശത്തു നിലനിൽക്കുന്ന അനുഭവങ്ങളുടെയും ഭാവുകത്വങ്ങളുടെയും സംവേദനരൂപങ്ങളെയും ആധാരമാക്കി നിലനിൽക്കുന്നു. ഇത്തരം രൂപങ്ങൾ സമഗ്രതകളാണ്. അവയെ ഏതെങ്കിലും ജാതിയു

**മതദേശീയതകൾക്കു നൽകുന്ന ഓമനപ്പേരാണ് സാംസ്കാരികദേശീയത. രാഷ്ട്രീയദേശീയത, സാമ്പത്തികദേശീയത തുടങ്ങിയവയിൽനിന്ന് വ്യത്യസ്തമായ ഒന്നായാണ് സാംസ്കാരികദേശീയതയെ കാണുന്നത്. ചിലർ നേരിട്ട് തന്നെ മതദേശീയത എന്ന പ്രയോഗവും നടത്തുന്നുണ്ട്.**


ടെയോ മതത്തിന്റെയോ ജനവിഭാഗത്തിന്റെയോ അനുഭവങ്ങളായി മാത്രം കാണാൻ സാധിക്കുകയില്ല. ഉദാഹരണത്തിന് ഒരു പ്രത്യേക ഭാഷാരൂപംകൊള്ളുന്ന രീതി തന്നെ ഇത് വ്യക്തമാക്കും. സംസ്കൃതം ദേവഭാഷയാണെന്നാണ് പറയുന്നത്. സംസ്കൃതം സംസാരിച്ചിരുന്ന ദേവന്മാർ ഏതെങ്കിലും പ്രത്യേക മതവിശ്വാസികളായിരുന്നു എന്ന സൂചനകളില്ല. വ്യത്യസ്തവീക്ഷണങ്ങളായ ബ്രാഹ്മണർക്കും ബൗദ്ധർക്കും ജൈനർക്കും ദേവന്മാരുണ്ട്. ദേവന്മാർ ചാർവാകസിദ്ധാന്തമുൾപ്പെടെ (ദേവഗുരുവായ ബർഹസ്പതി ഉപദേശിച്ചതാണ് അത് എന്ന് പറയപ്പെടുന്നു) എല്ലാ വിധ കാഴ്ചപ്പാടുകളും അവതരിപ്പിക്കുന്നുണ്ട്. അപ്പോൾ ഏതു മതത്തിന്റെ ഭാഷയാണ് സംസ്കൃതം? ഇത് തന്നെ അറബിക്കും ഹീബ്രുവും അരാമയ്ക്കും ഉൾപ്പെടെയുള്ള മറ്റു 'മതഭാഷകൾക്കും' പറയാം. മതത്തിനു ഭാഷയില്ല. അതുപോലെ മതം നിർദേശിക്കുന്നത് ചില ധാർമികമൂല്യസംഹിതകൾ മാത്രമാണ് അത്തരം മതങ്ങൾ ഭരണാധികാരം കൈയാളുമ്പോൾ മാത്രമാണ് ഇത്തരം മൂല്യസംഹിതകൾക്ക് സംസ്കാരത്തിന്റെ സ്വഭാവം വരുന്നത്. അതായത് സാംസ്കാരികദേശീയതയിൽ പറയുന്ന സംസ്കാരം ഇപ്പോഴും അധികാരക്രമങ്ങളുടെ ഭാഗമാണ്. രാഷ്ട്രീയദേശീയതപോലെ സാംസ്കാരികദേശീയതയും അധികാരക്രമങ്ങളുടെ ദേശീയതയാണ്.

## പോരാട്ടങ്ങളുടെ ദേശീയത

നമ്മുടെ ചരിത്രപരമായ അനുഭവങ്ങളിൽ നാം കണ്ടെത്തുന്ന ചില വസ്തുതകളുണ്ട്. ഓരോ ദേശത്തിലെയും ജനങ്ങൾ അവരുടെ നിരന്തരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ ചില പൊതു ആശയങ്ങളും പ്രയോഗരീതികളും നിർമിക്കാറുണ്ട്. അവയിൽ ചിലതു അധികാരരൂപങ്ങളായി മാറുകയും രാഷ്ട്രങ്ങൾ, മതങ്ങൾ, നൈതികരൂപങ്ങൾ മുതലായവയുടെ ഘടനയിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്യുന്നു. ചിലതു തുടർച്ചകളായും പൈതൃകങ്ങളായും ജനങ്ങളുടെ ഇടയിൽ സ്വാധീനം ചെലുത്തുന്നു. ഇവയെ മാത്രം വെച്ചുകൊണ്ട് ദേശീയരാഷ്ട്രങ്ങൾ സൃഷ്ടിക്കാനാവില്ല. അത്തരം രാഷ്ട്രങ്ങൾ ഭരിക്കുന്നവരുടെ രാഷ്ട്രങ്ങളാണ് ഭരിക്കപ്പെടുന്നവരുടെയല്ല. ഭരിക്കപ്പെടുന്നവരുടെ തുടർച്ചകൾക്കും പൈതൃകങ്ങൾക്കും അവിടെ ഒരു സ്ഥാനവുമില്ല. ഭരിക്കുന്നവരുടെ രാഷ്ട്രങ്ങൾ സൃഷ്ടിക്കുന്ന കല്പിതരൂപങ്ങൾ ജനങ്ങളുടെ കേവലമായ വിധേയത്വവും അന്ധമായ അനുകരണവും ഉറപ്പു വരുത്തുന്ന ഒരുതരം മിമിക്രി സമൂഹങ്ങളായി മാറുന്നതിലേക്കാണ് എത്തിക്കുക. ഫാഷിസം അതിന്റെ ഏറ്റവും ശക്തമായ രൂപവുമായിരുന്നു.

പോരാട്ടങ്ങൾ സൃഷ്ടിക്കുന്ന ദേശീയബോധം വേറൊന്നാണ്. അവിടെ ഭാഷയുടെയും സംസ്കാരത്തിന്റെയും ജീവിതരീതികളുടെയും പുതിയ രൂപങ്ങൾ വളർന്നുവരുന്നു. പോരാട്ടങ്ങളെ തമസ്കരിക്കുന്ന വിധത്തിലുള്ള ജീർണവും ജഡിലവുമായ രൂപങ്ങൾ തിരസ്കരിക്കപ്പെടുന്നു. അവ ചിന്തയുടെയും ആശയങ്ങളുടെയും പുതിയ സർഗാത്മകരൂപങ്ങൾ സൃഷ്ടിക്കുന്നു. അത്തരം ദേശീയത കല്പിതമോ യാഥാർത്ഥ്യമോ ആയ പഴമയുടെ തനിയാവർത്തനങ്ങളാവില്ല, പുതിയ സമൂഹത്തിലേക്ക് നയിക്കുന്ന പ്രയോഗരീതികളുടെ സൃഷ്ടിയാണ്. അത് സൃഷ്ടിക്കുന്ന വികാരത്തിനും വ്യത്യാസമുണ്ടാകും. ഏതെങ്കിലും പ്രാചീനകാലത്തെകുറിച്ചുള്ള അന്ധമായ ഊറ്റംകൊള്ളൽ അല്ല. ഒരു സമൂഹം സൃഷ്ടിച്ചെടുത്ത പുതിയ ജീവിതരീതിയെ ആത്മാഭിമാനത്തോടും സംതൃപ്തിയോടുംകൂടി കാണുകയാണ് അവിടത്തെ വൈകാരികത. ഇതിന്റെ സുരക്ഷയ്ക്കും വളർച്ചയ്ക്കുംവേണ്ടി മുന്നിട്ടിറങ്ങലാണ് ദേശീയമായ പ്രയോഗരീതി. അത്തരം ദേശാഭിമാനികൾ ഒരിക്കലും വിമർശകരെ പഴിചാരുകയോ അവരെ ദേശദ്രോഹികളായി ചിത്രീകരിക്കുകയോ ചെയ്യുകയില്ല. സ്വന്തം പ്രവർത്തനങ്ങളെ കൃത്യമായി വിശദീകരിക്കാനും വരുത്തിയ പിഴവുകളെയും ദൗർബല്യങ്ങളെയും അംഗീകരിച്ചു തിരുത്താനുമുള്ള പ്രാപ്തിയും ആർജവവും അവർക്കുണ്ടാകും.ഒരാളുടെ വിമർശനത്തെ ദേശദ്രോഹമായി ചിത്രീകരിക്കുന്നത് ഭരണാധികാരികളുടെ മർദ്ദനത്തിന്റെ ശബ്ദമാണ്. അത് ദേശീയവാദമല്ല. പോരാടുന്ന ജനതയ്ക്ക് അതൊരിക്കലും സാധിക്കുകയില്ല. ●


# വൈജ്ഞാനിക ഗ്രന്ഥങ്ങൾ




₹280




₹300





₹390




₹330




₹170




₹200




₹160




₹170

# കുട്ടികൾക്കായി പത്ത് ചിത്രകഥാ പുസ്തകങ്ങൾ




എന്റെ ഹൃദയത്തിലെ ബാപ്പുജി ● ഹാപ്പി ബർത്ത് ഡേ
ചിരിപപ്പടം ● മധുമധുരം ● കണ്ടവരുണ്ടോ? ● 10/10
മിന്നാമിന്നി പെൺവണ്ടി ● ശ്... ഞങ്ങൾ പൂമ്പാറ്റകൾക്ക് പുറകെയാ..
● ശ്രൂ... ന്ന് ഒരു വിമാനം ● വിന്റും വിച്ചൂം



കൊച്ചു കൂട്ടുകാർക്ക് അറിവിന്റെ പുതുലോകങ്ങൾ സമ്മാനിക്കുന്നതാണ് കുട്ടിത്താളം പുസ്തകമേളത്തിലെ പത്തുപുസ്തകങ്ങൾ.

പ്രൊഫ. എസ് ശിവദാസ്



വാക്കിലും നോക്കിലും ചേർത്തു പിടിക്കാൻ കഴിയുന്ന പുസ്തകങ്ങൾ. ഭാവനയുടെ മഴവിൽ തോണിയിലേറി സഞ്ചരിക്കുവാൻ കഴിയുന്ന രസകരമായ കഥകൾ.

കെ കെ കൃഷ്ണകുമാർ

## കുട്ടിത്താളം


### പുസ്തകമേളം

രചന: സൈജ എസ്., ഷിനോജ് രാജ്


₹980

# ക്ലാസിക് കൃതികൾ


## മികവാർന്ന പരിഭാഷാ കൃതികൾ ചിന്തയിലൂടെ



₹680
കുറ്റവും ശിക്ഷയും




₹320
ഒരു ആട്ടിടയന്റെ ജീവിതം



₹270
വികൃതിയായ ടോം സോയർ



₹570
അന്ന കരെനീന




₹670
മാജിക് മൗണ്ടൻ




₹720
ഡോക്ടർ ഷിവാഗോ




₹230
വൈറ്റ് ഫാങ്ങ്




₹430
കാട്ടുകടന്നൽ




₹710
ജെയിൻ ഐർ



₹220
കൊണ്ടുനടക്കാവുന്ന ഒരു ഉത്സവം




₹350
ഒഡീസി




₹650
വടക്കും തെക്കും



₹1100
പാവങ്ങൾ




₹120
കിഴവനും കടലും



₹650
കാരമസോവ് സഹോദരന്മാർ



₹390
അമ്മ



# ഇല

**കെ ആർ മല്ലിക**

റിട്ടയറായതിനുശേഷം ആറുമണിയാവുമ്പോഴേ അച്ഛൻ ഒരു ചെറിയ കയിലിയുമെടുത്തുടുത്ത് ഉമ്പയുമായി വാഴപ്പണയിലേക്ക് പുറപ്പെടും. എല്ലാം ഒന്നു ചുറ്റി നടന്നു നോക്കും. വാഴപ്പണകോതും. കുല വെട്ടും. വരുന്നവരോടും പോകുന്നവരോടും കുശലം പറയും. ഒക്കെ കഴിഞ്ഞ് ഒമ്പത്, ഒമ്പതരയാവും മടങ്ങിയെത്താൻ. വന്നാലുടൻ ഒരു ചായ. ദേഹം തണുത്തതിനുശേഷം കുളി, പ്രാതൽ. പിന്നെയാണ് പത്രവായന. നോക്കിയും കണ്ടും ഉച്ചവരെയതങ്ങ് നീളും. മഹിയുള്ളപ്പോൾ ചില പത്രവാർത്തകൾ ഫോട്ടോയെടുത്തു കൊടുക്കണം. അത് ഫെയ്സ്ബുക്കിലിടും. ചില കാർട്ടൂണുകളും. പിന്നെ, ഊണ്. ഉച്ചമയക്കം. അതും അരമണിക്കൂർ മാത്രം.

ഒരാഴ്ച മുമ്പാണ് മഹിക്ക് ജോലിയായത്. മരാമത്തു വകുപ്പിൽ ക്ലർക്ക് പണി. വലിയ ദൂരത്തിലല്ല. എങ്കിലും വീട്ടിൽനിന്ന് ദിവസേന പോയിവരാനും വയ്യ. മഹി പോകാനൊരുങ്ങുമ്പോൾ അച്ഛൻ വലിയ സന്തോഷത്തിലായിരുന്നു.

ഈശ്വരോ രക്ഷതു!

അച്ഛൻ പറഞ്ഞു.

പക്ഷേ, അച്ഛനിനി ആര് വാർത്ത ഫോട്ടോയെടുത്ത് തരും?

മഹിക്കത് പറയുമ്പോൾ ചെറിയ വേദന തോന്നുന്നുണ്ടായിരുന്നു.

വന്നാൽ വന്നതിനുശേഷമെന്നല്ലാതെ എന്താടാ? നീ പോയിട്ട് വാ.

അമ്മയെ കരുതിക്കോണം.

എന്നിട്ടും ഇരുവരും യാത്ര പറയുമ്പോൾ കണ്ണിൽ വെള്ളം പൊടിഞ്ഞു. അമ്മ മുഖം തിരിച്ചു കളഞ്ഞു.

രണ്ടാമത്തെ ആഴ്ചയായപ്പോഴേക്കും മഹിക്ക് നില്ക്കപ്പൊറുതിയുണ്ടായില്ല. രണ്ടാം ശനിയാഴ്ച. അതിരാവിലെ പുറപ്പെട്ടാൽ അച്ഛൻ വാഴപ്പണയിൽ നിന്ന് കയറുമ്പോഴേക്കും എത്താം. ജോലികിട്ടി ഉടനെ വീട്ടിലേക്ക് പുറപ്പെടുന്നത് ഒരു വകയാണ്. പക്ഷേ, മനസ്സ് കേൾക്കണ്ടേ?

*margarita campos*

മഹി ചെല്ലുമ്പോൾ അമ്മ ഓടിക്കിതച്ചു വന്നു.

നീയങ്ങു ചടച്ചുപോയല്ലോ? അമ്മ ഇന്ന് വൈകിട്ട് ചായേടെ കൂടെ അട ഉണ്ടാക്കാം.

അച്ഛൻ വന്നില്ലേ അമ്മേ?

മഹി ചോദിച്ചു.

ഇപ്പോ എത്തും. നേരമാകുന്നതല്ലേ ഉള്ളൂ.

കുറച്ചു കഴിഞ്ഞപ്പോൾ തെക്കേപ്പറമ്പ് വഴി അച്ഛൻ തോളത്തു രണ്ടു വാഴക്കുലയും ഉമ്പയുമായി കയറിവന്നു. മഹിയുടെ കണ്ണുകൾ നിറഞ്ഞിരുന്നതു കൊണ്ടാണോ അച്ഛന്റെ മുഖം ഇരുണ്ടിരിക്കുന്നതുപോലെ തോന്നി. അച്ഛന് നീളം വച്ചോ? അല്പം പോലും കീറാത്ത ഒരുപാട് നെടുങ്കൻ വാഴയിലകൾക്കിടയിലൂടെ അച്ഛൻ കടന്നുവന്നപ്പോൾ അതൊരു സുഖകരമായ കാഴ്ചയായി മഹിക്ക് തോന്നിയില്ല. അവൻ നെഞ്ചിടിപ്പോടെ ഓടിച്ചെന്ന് അച്ഛന്റെ തോളത്തുനിന്ന് കുലകൾ വാങ്ങി.

എന്താച്ഛാ ഇത്?

അവന്റെ ശബ്ദം പതറിപ്പോയി. എന്റെ അച്ഛൻ എന്നൊരു ഗദ്ഗദം നെഞ്ചോളമെത്തി.

നീ എപ്പം വന്നു?

അച്ഛൻ പൊട്ടിച്ചിരിച്ചു.

അഞ്ച് നിമിഷേ ആയുള്ളൂ.

ഇരുവർക്കുമുള്ള ചായ അരമതിലിൽ കൊണ്ടുവച്ചു അമ്മ.

ദാ, രണ്ടാളും കുടിക്കിൻ.

അച്ഛൻ കുളികഴിഞ്ഞ് പത്രവായനയിലേക്ക് കടന്നപ്പോഴും മഹി അസ്വസ്ഥനായിരുന്നു.

അച്ഛാ ഫോട്ടോ എന്തെങ്കിലും എടുക്കാനുണ്ടോ?

ഇന്ന് ഒന്നും കാണുന്നില്ലല്ലോടാ?


അച്ഛൻ പറഞ്ഞു.

ഉച്ചയ്ക്ക് ഊണിനിടയിൽ രണ്ടുപേരും ഒരുപാട് സംസാരിച്ചു. രാത്രിയിൽ അച്ഛൻ പതിവു ഗോതമ്പുകഞ്ഞിയും കുടിച്ച് പോയിക്കിടന്നതാണ്.

രാവിലെ ഇളയത് വന്നു നെടുങ്കൻ ഒരു വാഴയില വെട്ടി. ഒരു കുഞ്ഞിനെപ്പോലെ അച്ഛൻ അതിൽ കിടന്നു. ഗോതമ്പു നിറമുള്ള ശരീരം. എങ്ങനെ തീയ്ക്ക് കൊടുക്കും? മഹി മുപ്പത്തൊന്നാം വയസ്സിൽ ദർഭ മോതിരമിട്ടു അച്ഛനെ 'പും' എന്ന നരകം കടത്തിവിടാൻ തയ്യാറായി. നെടുങ്കൻ വാഴയിലകൾ അപ്പോഴും കാറ്റിലാടി. മഹിയുടെ മനസ്സിൽ ഒരു കൊടുങ്കാറ്റുയർന്നു. സഞ്ചയനത്തിനുശേഷം വാഴകൾ മുഴുവൻ വെട്ടിയതിനുശേഷം അവൻ അടുക്കളയിലേക്ക് വന്നു.

അമ്മേ വെള്ളം.

അവൻ പറഞ്ഞു. ●



# ഇടിമിന്നലേറ്റ മരം



**കെ. സജീവ് കുമാർ**

ഞാൻ നിന്നെ മുൻപ് കണ്ടിട്ടില്ല.
നിന്റെ രൂപത്തെക്കുറിച്ച്
വ്യാകുലപ്പെട്ടിട്ടില്ല.
നിന്റെ വാക്കുകൾക്കു വേണ്ടി
കാതോർത്തിട്ടില്ല.
നിന്റെ കാലടി ശബ്ദം
എന്നെ ഭയപ്പെടുത്തിയിട്ടില്ല.
ഓർമ്മകളുടെ
വിദൂരതയിൽപ്പോലും
നേർത്ത കാറ്റിന്റെ
ഇലയനക്കം
എന്നെ നീ കേൾപ്പിച്ചിട്ടില്ല.
പിന്നെന്തിനാണ്
അപ്രതീക്ഷിതമായി
ഇപ്പോൾ
കടന്നു വന്നത്...?

ആരുമറിയാതെ
മറ്റുള്ളവരിലേയ്ക്ക്
കടന്നു കയറാനുള്ള
നിന്റെ സാമർത്ഥ്യം
അദ്ഭുതകരം.

നീ എപ്പോഴും മറ്റുള്ളവരെ
കീഴടക്കുന്നു.
നീ വരുമെന്ന്
എനിക്കറിയാമായിരുന്നു
ഇന്നല്ലെങ്കിൽ നാളെ.
പക്ഷേ,
ഉയരത്തിൽ പറക്കുന്ന
പക്ഷിയുടെ നിഴലായി
നീ സദാ പിന്തുടർന്നെത്തിയത്
ഞാനറിഞ്ഞില്ല.

മഴയിൽ കുളിച്ചു നിൽക്കുന്ന മരത്തിൽ
ഇടിമിന്നലേറ്റ പോലെ
നിന്റെ സാന്നിധ്യം.
തീ പിടിച്ച കാറ്റിൽ
ഞാൻ ഉരുകിയൊലിക്കുന്നു.
കാലുകളുടെ കരുത്ത്
ചോർന്നു പോകുന്നു.
ഹൃദയവും നട്ടെല്ലും
പ്രകമ്പനം കൊള്ളുന്നു.
അനാഥമായ പ്രാണൻ
നിലവിളിക്കുന്നു.

നീ എന്റെ മേൽ കരുണ വർഷി
ക്കുക.
ഞാൻ
കീഴടക്കപ്പെട്ടവൻ.

നിന്റെ കാൽപ്പെരുമാറ്റം
ഞാൻ കേൾക്കുന്നു
ഓരോ ശ്വാസത്തിലും
നീ എനിക്കൊപ്പമുണ്ട്.

എനിക്കറിയാം
എന്റെ ഉടൽ നീ പിടിച്ചു വാങ്ങും.
പരാജിതനായ ഞാൻ
നീ വിളിക്കുന്നിടത്തൊക്കെ വരും.
നീ സൃഷ്ടിക്കുന്ന
മായക്കാഴ്ചകൾ കാണും.
നിന്റെ വിചിത്രലോകത്തിലെ
കല്പനകൾ അനുസരിക്കും.
ശിക്ഷാവിധികൾ ഏറ്റുവാങ്ങും.
എങ്കിലും
മുറിവേറ്റ നിലാവിന്റെ നിലവിളി
കാതുകളെ പൊള്ളിക്കുന്നു.
എനിക്ക് തിരിച്ച് പോകണം.

നിന്നെക്കുറിച്ച്
ഞാൻ വായിച്ചറിഞ്ഞതൊക്കെ
എത്ര തെറ്റാണ്...!
നീ ബധിരയാണെന്നും
നിനക്ക് ചെതുമ്പൽക്കൈകളാണെ
ന്നും
ഞാൻ കേട്ടിട്ടുണ്ട്.
എന്നാൽ
ഇരുളും വെളിച്ചവും
തമ്മിൽ പുണരുന്ന
നിന്റെ മുഖം എത്ര സുന്ദരം...!

അദൃശ്യ പ്രലോഭനങ്ങളായ്
മാടി വിളിക്കുന്ന കയ്യുകൾ....!
നിന്റെ ശബ്ദം
ആസക്തികൾ കൂടൊരുക്കുന്ന
കിളിയൊച്ചകൾ...!
ആനന്ദതുന്ദിലം വാക്കുകൾ ...!
നീ വിളിക്കുമ്പോൾ
ആർക്കും വരാതിരിക്കാൻ
കഴിയാത്തത് അതുകൊണ്ടാണ്.

കാറ്റും വെയിലും മഴയും
പുലർകാല കുളിർ മഞ്ഞും
നക്ഷത്രപ്പൂമ്പൊടികളും
ഞാൻ ഞാനെന്ന മോഹിപ്പിക്കുന്ന
ജീവന്റെ നടപ്പാതകളിൽ
ഏതു പരവതാനിയാണ്
നീ എനിക്കായി വിരിച്ചിരിക്കുന്നത്
...?
പച്ചയോ?
ചുവപ്പോ?
കറുപ്പോ? ●

# ദേശാഭിമാനി ബുക്ക്ഹൗസ്

## ബ്രാഞ്ചുകൾ

കണ്ണൂർ : എൻ ജി ഒ യൂണിയൻ ബിൽഡിങ്സ്, കണ്ണൂർ ☎ 04972700477
കണ്ണൂർ : സെൻട്രൽ ബസ്ടെർമിനൽ കോംപ്ലക്സ്, താവക്കര ☎ 04972702400
കോഴിക്കോട് : മാവൂർ റോഡ്, ടി വി എസിനു സമീപം, കോഴിക്കോട് ☎ 04952723528
കോഴിക്കോട് : ഐ ജി റോഡ്, കോർപ്പറേഷൻ ബസ്സ്റ്റേഷൻ, കോഴിക്കോട് ☎ 04952727201
തൃശ്ശൂർ : ദേശാഭിമാനി ബുക്ക് ഹൗസ്, മച്ചിങ്ങൽ ലെയ്ൻ, തൃശ്ശൂർ ☎ 9037352833
തൃശ്ശൂർ : എക്സിബിഷൻ യൂണിറ്റ്, സി പി രമേശൻ, തൃശ്ശൂർ ☎ 9562282676
എറണാകുളം : കെ എസ് ആർ ടി സി ബസ്സ്റ്റേഷൻ, എറണാകുളം ☎ 04842361055
തിരുവനന്തപുരം : കരിമ്പനാൽ സ്റ്റാച്യു അവന്യൂ, തിരുവനന്തപുരം ☎ 9048943555
തിരുവനന്തപുരം : ഹെഡ്ഓഫീസ്, കുന്നുകുഴി റോഡ്, തിരുവനന്തപുരം ☎ 04712303026

## ഏജൻസികൾ

വയനാട്: പഴയ മുനിസിപ്പൽ ബസ്സ്റ്റാന്റ്, കൽപ്പറ്റ ☎ 953999905 ▯ ചീരാൽ റോഡ്, ചുങ്കം, സുൽത്താൻബത്തേരി ☎ 9447447286 ▯ പാലക്കാട്: സുൽത്താൻപേട്ട ☎ 9447838615 ▯ വൈപ്പിൻ ബസ്സ്റ്റാന്റ്, വൈപ്പിൻ ☎ 9446828332 ▯ നെടുമ്പാശ്ശേരി എയർപോർട്ട്, കൊച്ചി ☎ 9847471671 ▯ കോട്ടയം: പോസ്റ്റാഫീസ് റോഡ്, കോട്ടയം ☎ 8075937583 ▯ തിരുവനന്തപുരം: ഓവർബ്രിഡ്ജ്, തിരുവനന്തപുരം ☎ 9496141638 ▯ ഇ എം എസ് അക്കാദമി തിരുവനന്തപുരം ▯ സാഫല്യം കോംപ്ലക്സ്, പാളയം ▯ കുറ്റനാട് ☎ 9447765993 ▯ കാഞ്ഞങ്ങാട് ☎ 9995948808 ▯ നിലമ്പൂർ ☎ 9447630679 ▯ തൃശ്ശൂർ ☎ 9388987309

## ചിന്ത ബുക്സ് കോർണറുകൾ

പയ്യന്നൂർ: ഡിസംബർ ബുക്സ് ☎ 9847504233 ▯ തലശ്ശേരി: ഓപ്പൺബുക്സ് ☎ 9847503242 ▯ പെരിന്തൽമണ്ണ: ശക്തി ബുക്ക്സ് ☎ 9745533851 ▯ കോട്ടയം: ഗ്രാന്റ് ബുക്സ്, ടി ബി റോഡ് ☎ 04812566800 ▯ ഇടുക്കി: ബുക്സ് കോർണർ, ചെറുതോണി ☎ 9447963226 ▯ പത്തനംതിട്ട: പുസ്തകശാല, പത്തനംതിട്ട ☎ 9447278762 ▯ അഞ്ചപ്പം, റാന്നി ☎ 9745050981 ▯ കടയ്ക്കൽ: എം ആർ എസ് ന്യൂസ് കോർണർ ☎ 9447012462 ▯ കൊല്ലം: ഗ്രന്ഥപ്പുര, ചിന്നക്കട, കൊല്ലം ☎ 9497755727 പുസ്തകവീട്, കരുനാഗപ്പള്ളി ☎ 9447091802 ▯ പുസ്തകസരസ്സ്, പ്രസ് ക്ലബ്ബിന് എതിർവശം, കുന്നുമ്മൽ, മഞ്ചേരി റോഡ്, മലപ്പുറം - 676505 ☎ 6282527443 ▯ പഗോഡ ബുക്ആർട്ട്, കാഞ്ഞിരമറ്റം ബൈപ്പാസ് റോഡ്, ആക്സിസ് ബാങ്കിന് സമീപം, തൊടുപുഴ ☎ 9495495360 ▯ ഫാക്ട് ആന്റ് ഫിക്ഷൻ, മാറ്റൂർ ജംഗ്ഷൻ, കാലടി പിഒ ☎ 7592858969 ▯ ദർശനം ബുക്സ്, ധനുവച്ചപുരം ☎ 9446967575 ▯ റാഷണൽ ബുക്മാർക്കറ്റ്, പട്ടത്താനം, കൊല്ലം ☎ 9074627416 ▯ സ്കൂൾ മാർട്ട്, ഹൈസ്കൂൾ ജംഗ്ഷൻ, പറക്കോട്, പത്തനംതിട്ട

## അംഗീകൃത ഏജന്റുമാർ

തിരുവനന്തപുരം: ശിവൻ, പത്രമാസിക ഏജന്റ് ☎ 9447262761 ▯ കരുനാഗപ്പള്ളി: തൊടിയൂർ രാധാകൃഷ്ണൻ ☎ 9847015212 ▯ ആലപ്പുഴ: സലിം ഡി ☎ 9496017648, ഷാജി ☎ 9349758047 ▯ ഇടുക്കി: പി പി സുനിൽ അടിമാലി ☎ 9446800706 ▯ തൃശ്ശൂർ: മൊയ്തീൻ ☎ 9526486313 ഷെരീഫ് ☎ 7510710703 ▯ പാലക്കാട്: ശശി ☎ 9495502434, കൃഷ്ണകുമാർ ☎ 9447623191 ലളിത ☎ 9656197748 പ്രസാദ് ഒറ്റപ്പാലം ☎ 9567223207 ▯ കോഴിക്കോട്: ശ്രീനിവാസൻ ☎ 9447390280 സജീവൻ മാണിക്കോത്ത് ▯ 9388545700 വാസുദേവൻ ☎ 8086267793 മോഹൻദാസ് ബി വി ☎ 9745489903 നിതിൻമൂടാടി ☎ 9745201535 രവീന്ദ്രൻ ടി എം ☎ 9388960073, നൗഷാദ് ▯ കണ്ണൂർ: രാജേഷ് കെ വി, കണ്ണൂർ ടൗൺ ▯ 9895025920 സതീഷ്, ബാംഗ്ലൂർ ☎ 9448212262 എബിഫ്രാൻസിസ് ☎ 9633288802

Availableonline: www.chinthapublishers.com l www.pusthakakada.com
www.indulekha.com l www.sparrowbooks.in l www.keralabookstore.com

കേരള ബുക്മാർക്കറ്റിങ് സൊസൈറ്റിയുടെ എല്ലാ പുസ്തകശാഖകളിലും, സി ഐ സി സി ബുക്ക്ഹൗസിലും, ഡിസി ബുക്സിലും മാതൃഭൂമി ബുക്സിലും ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്


## ചിന്ത പബ്ലിഷേഴ്സ്

എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ, തിരുവനന്തപുരം - 695035
(p) 0471 2303026 (e) chinthapublishers@gmail.com (w) www.chinthapublishers.com